www.malankaralibrary.com

# സുവിശേഷ ദീപ്തി




മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ
സുവിശേഷ പ്രഭാഷണങ്ങൾ

എഡിറ്റർ: ഫാ. വർഗീസ് വല്ല്യാന്റെപറമ്പിൽ

www.malankaralibrary.com

# സുവിശേഷദീപ്തി

**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
**കാതോലിക്കാ ബാവായുടെ**
**വത്തിക്കാൻ റേഡിയോ പ്രഭാഷണങ്ങൾ**

എഡിറ്റർ
**ഫാദർ വർഗീസ് വല്ല്യാന്റെപറമ്പിൽ**

പ്രസാധകർ
ആർച്ചുബിഷപ്പ്സ് ഹൗസ്, മേരിഗിരി
തിരുവല്ലാ

www.malankaralibrary.com

**SUVISHESHA DEEPTHI**
**by MORAN MOR BASELIOS CLEEMIS CATHOLICA BAVA**

Editor
Fr. Varghese Valianteparambil

*Published by*
Archbishop's House,
Marygiri, Tiruvalla-689 101

*Type Setting*
Anugraha Changanassery

*Printed at:*
St. Joseph's Offset Printing House, Tiruvalla

*Cover*
Jaison

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അവതാരിക

രൂപാന്തരം, ദൈവത്തോടുള്ള അനുസരണം, ദൈവവഴിയിലെ സാദ്ധ്യതകൾ, ദൈവരാജ്യത്തിന്റെ നീതിബന്ധങ്ങൾ, എന്നിത്യാദിവിഷയങ്ങൾ അധികരിച്ചും തന്റെ സഭയുടെയും രൂപതയുടെയും പ്രവർത്തനവൃത്താന്തങ്ങളും ഹ്രസ്വചരിത്രങ്ങളും ഉൾപ്പെടുത്തിയും മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ച്ബിഷപ്പും കാതോലിക്കാബാവായുമായ റവ. ഡോ. ബസേലിയോസ് ക്ലീമ്മീസ് തിരുമേനി ഉപരിപഠനാർത്ഥം റോമിൽ ചിലവഴിച്ച സമയത്ത് വത്തിക്കാൻ റേഡിയോയിൽ നടത്തിയ പ്രഭാഷണങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്ന 'സുവിശേഷ ദീപ്തി' എന്ന പുസ്തകം ക്രിസ്തീയപ്രേഷിതവൃത്തിയിൽ ഏർപ്പെടുന്ന ഏവർക്കും സഹായകരമായ ഒരു ഗ്രന്ഥമാണ്.

തിരക്കിട്ട ഔദ്യോഗിക ചുമതലകൾക്കിടയിലും ഗൗരവമുള്ള പുസ്തകങ്ങൾ കണ്ടെത്തി വായിക്കുവാനും താൻ വായിച്ചു ഗ്രഹിച്ച കാര്യങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുവാനും ക്ലീമ്മീസ് തിരുമേനിക്കുള്ള ഉത്സാഹം ശ്ലാഘനീയമാണ്. ആഴമുള്ള ചിന്തകളെ ചാലിച്ച് ആവിഷ്കരിക്കുവാനും വേദപുസ്തകചരിത്രത്തെ സമകാലിക ചരിത്രവുമായി ബന്ധിപ്പിക്കുവാനും തിരുമേനി എപ്പോഴും ശ്രമിക്കുന്നു.

മലങ്കരയിലുള്ള സഭകൾ തമ്മിലും മറ്റ് മതസമൂഹങ്ങളുമായും നല്ലബന്ധം പുലർത്തുന്ന തിരുമേനിയുടെ അറിവും അനുഭവവും പൊതുസമൂഹത്തിൽ എന്നും മാർഗ്ഗദർശകമാണ്. 'സുവിശേഷ ദീപ്തി' എന്ന ഈ ഗ്രന്ഥം ഏവരും വായിച്ച് തങ്ങളുടെ ധർമ്മാന്വേഷണപാതയെ ദീപ്തവും ധന്യവും ആക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തിരുമേനിയുടെ ഈ പുസ്തക പ്രസിദ്ധീകരണ ഉദ്യമത്തിന് എല്ലാ ആശംസകളും അർപ്പിക്കുന്നു.

**PHILIPOSE MAR CHRYSOSTOM**
**MAR THOMA METROPOLITAN**

www.malankaralibrary.com

# ആമുഖം

ദൈവം നമ്മോടു ചരിത്രത്തിൽ സംസാരിച്ചതും നമുക്കുവേണ്ടി പ്രവർത്തിച്ചതും ബൈബിൾ വെളിപ്പെടുത്തുന്നു. വായനക്കാരന് അനുദിനജീവിതത്തെ ചേർത്തുവച്ചു പരിശോധിക്കാനും ആത്മാവിന്റെ ഇംഗിതമനുസരിച്ച് ജീവിതത്തെ കരുപ്പിടിപ്പിക്കാനുമുള്ള ശക്തിയായി ദൈവവചനം നമ്മിൽ വേരുറയ്ക്കണം. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് ആത്മാവിന്റെ നിറവിൽ സഭയോടു ചേർന്ന് സുവിശേഷം വ്യാഖ്യാനിക്കുമ്പോൾ എമ്മാവൂസിലേക്കു നടന്നു നീങ്ങിയ ശിഷ്യന്മാർക്കുണ്ടായ അനുഭവം ആവർത്തിക്കപ്പെടും. "വഴിയിൽവച്ച് അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ടു നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ" (ലൂക്കാ 24:32). ജീവിതത്തെ ആഴത്തിൽ അറിയാനും പരിവർത്തിപ്പിക്കാനും പ്രബോധനാത്മകമായ വേദപുസ്തകവ്യാഖ്യാനം ഇന്നിന്റെ ആവശ്യമാണ്.

ദൈവത്തിൽ ദൈവികത ദർശിക്കുവാൻ, പ്രപഞ്ചത്തിൽ അവതരിപ്പിക്കപ്പെടുന്ന ദൈവിക വെളിപ്പെടുത്തലുകൾ തിരിച്ചറിയുവാൻ സുവിശേഷവ്യാഖ്യാനം നമ്മെ ശക്തിപ്പെടുത്തും; അതു നമ്മുടെ ആന്തരിക നയനങ്ങളെ പ്രോജ്ജ്വലിപ്പിക്കും.

ദൈവവചനത്തിൽ പലതും സുഗ്രഹമായിരിക്കണം. എന്നാൽ അവ ജീവിതത്തിൽ പ്രാവർത്തികമാക്കുക എളുപ്പമല്ല. "ഈ വചനം കഠിനമാണ്. ഇത് കേൾക്കാൻ ആർക്കു കഴിയും" (യോഹ. 6:20) എന്നു നാം പലപ്പോഴും പിറുപിറുക്കും. സ്വാർത്ഥതയുടെ വലയങ്ങൾ കൂടുതൽ വിശാലമാക്കാൻ ശ്രമിക്കുന്ന ഭൗതികലോകത്ത്, സ്വാർത്ഥതയുടെ പുറംകുപ്പായത്തിന്റെ മോടി വർദ്ധിപ്പിക്കാനും ജഡികാസക്തികളെ സാക്ഷാൽക്കരിക്കാനും വ്യഗ്രതപ്പെട്ട് ഓടിനടക്കുന്നതിനിടയിൽ ദൈവവചനം നമുക്ക് പലപ്പോഴും കഠിനമായി അനുഭവപ്പെടുന്നു.

എളിമയിലും പ്രാർത്ഥനയിലും ദൈവവചനത്തെ സമീപിക്കുകയും ഹൃദയവയലുകളെ ഉഴുതുമറിക്കാനുള്ള ദാഹത്തോടെ വചനം സ്വീകരിക്കുകയും ചെയ്യുമ്പോൾ നൂറുമേനി പ്രതിഫലം പുറപ്പെടുവിക്കുന്ന വ്യക്തികളായി നാം രൂപാന്തരപ്പെടും.

www.malankaralibrary.com

മലങ്കരകത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ റോമിൽ ഉപരിപഠനം നടത്തിയ അവസരത്തിൽ വത്തിക്കാൻ റേഡിയോയിലൂടെ നടത്തിയ സുവിശേഷപ്രഘോഷണങ്ങളാണ് ഈ പുസ്തകത്തിന്റെ പ്രധാന ഉള്ളടക്കം. സഭയിലെ ചില പ്രധാന തിരുന്നാളുകളോടും സംഭവങ്ങളോടും അനുബന്ധിച്ച്, ദൈവവചനത്തിന്റെ വെളിച്ചത്തിൽ ബാവാ നിർവഹിച്ച മറ്റു ചില പ്രസംഗങ്ങളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ശ്രേഷ്ഠരായ ചില സഭാപിതാക്കന്മാർ നമുക്കു നൽകിയ വിലപ്പെട്ട ശുശ്രൂഷകളെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്ന മൂന്നു പ്രഭാഷണങ്ങളും ഈ പുസ്തകത്തിന്റെ ഭാഗമാണ്. പുസ്തകത്തിന്റെ അവസാനഭാഗത്ത് ബാവാ നടത്തിയ ചില ഇംഗ്ലീഷ് പ്രഭാഷണങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ദൈവവചനത്തിലേക്ക് നമ്മെ ശ്രദ്ധാപൂർവ്വം കൈപിടിച്ചു നടത്തുന്ന ഇടയന്റെ കരുതലും ഉൾക്കാഴ്ചയും ഈ പുസ്തകം സാക്ഷ്യപ്പെടുത്തുമെന്നു കരുതുന്നു.

ഈ സംരംഭത്തിന് അനുമതിയും അനുഗ്രഹവും നൽകിയ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവാ തിരുമനസ്സിന്റെ മുമ്പിൽ ഞാൻ നമ്രശിരസ്കനാകുന്നു. പ്രൗഢമായ അവതാരിക എഴുതിത്തന്ന് ഈ സംരംഭത്തെ അനുഗ്രഹിച്ച മാർത്തോമ്മാസഭയുടെ പരമാദ്ധ്യക്ഷൻ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായെ കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. നിർദ്ദേശങ്ങൾ നല്കി സഹായിച്ച ബഹുമാനപ്പെട്ട ചെറിയാൻ താഴമണ്ണച്ചനേയും മറ്റ് ഗുരുക്കന്മാരെയും സ്നേഹത്തോടെ ഓർമ്മിക്കുന്നു.

പുസ്തകത്തിന്റെ ഡി.റ്റി.പി. ജോലികൾ ഭംഗിയായി ചെയ്തുതന്ന ചങ്ങനാശേരി 'അനുഗ്രഹ' യ്ക്കും, അച്ചടിജോലികൾ നിർവ്വഹിച്ച സെന്റ് ജോസഫ്സ് പ്രസ് സ്റ്റാഫിനും കവർ പേജ് മനോഹരമായി ഡിസൈൻ ചെയ്ത ജയ്സനും നന്ദി! ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിൽ പ്രാർത്ഥനകൊണ്ടും പ്രോത്സാഹനങ്ങൾകൊണ്ടും സഹകരിച്ച എല്ലാവരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു.

മേരിഗിരി ബിഷപ്പ്സ് ഹൗസ്
തിരുവല്ല

**ഫാ. വർഗീസ് വല്യാന്റെ പറമ്പിൽ**
**എഡിറ്റർ**

www.malankaralibrary.com

# ദൈവപരിപാലനയിലൂടെ....

1959 ജൂൺ 15 ന് പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിക്ക് സമീപമുള്ള മുക്കൂറിൽ പകലോമറ്റം കുടുംബത്തിന്റെ പവ്വോത്തിക്കുന്നേൽ ശാഖയിലെ തോട്ടുങ്കൽ മാത്യുവിന്റെയും അന്നമ്മയുടെയും മകനായി, ബാല്യത്തിൽ കുഞ്ഞ് എന്ന ഓമനപ്പേരിൽ എല്ലാവരും വിളിച്ചിരുന്ന ഐസക്ക് ഭൂജാതനായി. റ്റി. എം. മാത്യു, തോമസ് മാത്യു എന്നീ രണ്ടു സഹോദരന്മാരും സൂസമ്മ, സിസ്റ്റർ ജോയ്സ് എസ്. ഐ. സി. (ബത്തേരി), സിസിലിക്കുട്ടി, ജോളി എന്നീ നാലു സഹോദരിമാരുമാണുള്ളത്.

പ്രാഥമികവിദ്യാഭ്യാസം കുന്നന്താനം സെന്റ് മേരീസ് യു. പി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിലും നിർവ്വഹിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപരിശീലനത്തിനായി 1976 ജൂൺ 10 ന് തിരുവല്ലാ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നു. തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയാസ് തിരുമേനിയാണ് മാർ ക്ലീമിസ് തിരുമേനിക്ക് ദൈവികവഴിയിലൂടെയുള്ള പ്രയാണത്തിന് കരങ്ങൾ നീട്ടിക്കൊടുത്തത്. അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി (ഫാദർ ജോർജ് ചുണ്ടേവാലേൽ) ആയിരുന്നു മൈനർ സെമിനാരിയുടെ പടവുകൾ ചവിട്ടാൻ പഠിപ്പിച്ച ആദ്യഗുരുനാഥൻ.

ഒരു വർഷത്തിനുശേഷം പ്രീഡിഗ്രി പഠനത്തിനായി ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ചേർന്നു. 1978-ൽ തിരുവല്ലാ

www.malankaralibrary.com



രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിച്ചപ്പോൾ സ്വന്തം നാട്ടിൽനിന്ന് വിദൂരമായ കുടിയേറ്റ മേഖലയിൽ ദൈവികശുശ്രൂഷ ചെയ്യുവാൻ തീരുമാനിച്ച് ബത്തേരി രൂപതയിൽ ചേർന്നു. തുടർന്ന് തത്ത്വശാസ്ത്രപഠനം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലും, ദൈവ ശാസ്ത്രപഠനം പൂനാ പേപ്പൽസെമിനാരിയിലും പൂർത്തീകരിച്ചു. വ്യത്യസ്തങ്ങളായ അനുഭവസാഹചര്യങ്ങളിൽ ആത്മീയതയുടെ ഉൾക്കാഴ്ചകൾ ലഭിക്കുവാൻ ഇത് കാരണമായി. 1986 ജനുവരി 22 ന് പൂനാ ബിഷപ്പ് വലേരിയൻ ഡിസൂസ തിരുമേനിയിൽ നിന്ന് സഭയുടെ ആത്മീയശുശ്രൂഷയുടെ ആദ്യപടിയായ ശെമ്മാശപട്ടം സ്വീകരിച്ചു. 1986 ജൂൺ 11 ന് ബത്തേരി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനിയുടെ തൃക്കൈയ്യാൽ മാതൃ ഇടവകയായ സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. 1986 മുതൽ 1988 വരെ ബാംഗ്ലൂർ ധർമ്മാരാമിൽ പഠിച്ച് ദൈവശാസ്ത്രത്തിൽ മാസ്റ്റേഴ്സ് ബിരുദം നേടി. ആത്മീയതയുടെ കർമ്മമണ്ഡലങ്ങൾ വിശാലമാവുകയായിരുന്നു ആ നാളുകളിൽ. നൂതനമായ അറിവ് ആത്മീയ നേതൃത്വത്തിന് അനിവാര്യമാണെന്ന തിരിച്ചറിവ് ദൈവികനിയോഗത്തിന്റെ വിശാലതയിലേക്ക്..... വിജ്ഞാനത്തിന്റെ പുൽമേടുകളിലേക്ക്..... ആത്മീയതയുടെ നീലജലാശയത്തിലേക്കുള്ള പ്രയാണത്തിന് കാരണമായി. അന്നും ഇന്നും ബാംഗ്ലൂരിലെ ദൈവജനം ആദരവോടെ ഉരുവിടുന്ന നാമമാണ് ഐസക് അച്ചൻ - തോട്ടുങ്കലച്ചൻ. ഗൃഹാതുരത്വത്തിന്റെ വേനലിലും ആത്മീയതയുടെ തെളിനീരു വീഴ്ത്തി അഭിമാനപൂർവ്വമായ ഒരു ആത്മീയകൂട്ടായ്മയായി ബാംഗ്ലൂർ മലങ്കര കത്തോലിക്കാകൂട്ടായ്മയെ സംഘടിപ്പിച്ചതും വളർത്തിയതും വന്ദ്യതിരുമേനിയാണ്.

തുടർന്ന് റോമിലെ സെന്റ് തോമസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ എക്യുമെനിസത്തിൽ ഗവേഷണം നടത്തുകയും ഡോക്ടറേറ്റ് സമ്പാദിക്കുകയും ചെയ്തു. ബത്തേരി രൂപതയിലെ ബാംഗ്ലൂർ, ചെതലയം, ചെറ്റപ്പാലം, മൂന്നാംമൈൽ, മലങ്കര, ഈങ്ങാപ്പുഴ എന്നീ മിഷൻകേന്ദ്രങ്ങളിലും ബത്തേരി കത്തീഡ്രലിലും വികാരിയായി സേവനമനുഷ്ഠിച്ചു. ജനിച്ച നാട്ടിൽനിന്നും തികച്ചും വ്യത്യസ്തമായ മലബാർദേശം സഭാശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു എന്നതുതന്നെ വന്ദ്യതിരുമേനിയുടെ വിശാലകാഴ്ചപ്പാടിന്റെയും മനുഷ്യസ്നേഹത്തിന്റെയും - സേവനതല്പരതയുടെയും ദൈവനിയോഗത്തിന് കീഴ്പ്പെടുന്നതിനുള്ള സന്നദ്ധതയുടെയും ശക്തമായ തെളിവാണ്. ബത്തേരി രൂപതയുടെ മൈനർ സെമിനാരി റെക്ടർ, ആത്മീയഗുരു, രൂപതാ

www.malankaralibrary.com



ചാൻസലർ, വികാരി ജനറാൾ എന്നീ നിലകളിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച തിരുമേനി സുൽത്താൻബത്തേരി എക്യുമെനിക്കൽ ഫോറത്തിന്റെ സ്ഥാപകാംഗം കൂടിയാണ്. റോമിലെ മാർത്തോമ്മായോഗത്തിന്റെ സെക്രട്ടറിയായിരുന്ന തിരുമേനി '*മലങ്കര കത്തോലിക്കാ ദൈവശാസ്ത്രത്തിലെ നൂതനപ്രവണതകൾ*', '*സഭയ്ക്കും സമൂഹത്തിനുമായി*' എന്നീ രണ്ട് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

2001 ജൂൺ 18 ന് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായും വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക വിസിറ്ററായും നിയോഗിച്ചു. 2001 ആഗസ്റ്റ് 2-ാം തീയതി സുൽത്താൻബത്തേരി കത്തീഡ്രലിൽവച്ച് റമ്പാൻ സ്ഥാനവും 2001 ആഗസ്റ്റ് 15 ന് പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരത്തുവെച്ച് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിൽനിന്നും മെത്രാൻപട്ടവും സ്വീകരിച്ചു. നാമവിശുദ്ധനായി തെരഞ്ഞെടുത്തിരിക്കുന്നത് അലക്സാൻഡ്രിയയിലെ വി. ക്ലെമന്റ് എന്ന സഭാപിതാവിനെയാണ് (നാമഹേതുക തിരുനാൾദിനം ഡിസംബർ 5). 2001 ഒക്ടോബർ 23 ന് അപ്പസ്തോലിക് വിസിറ്ററായി നിയോഗിക്കപ്പെട്ടു. അമേരിക്കയിലെ ഇൻഡ്യൻ ക്രിസ്ത്യൻ ഫോറത്തിന്റെയും സെന്റ് തോമസ് എക്യുമെനിക്കൽ ഫെഡറേഷന്റെയും പേട്രണായി പ്രവർത്തിച്ചു.

2003 സെപ്റ്റംബർ 11 ന് തന്റെ മാതൃരൂപതയായ തിരുവല്ലായുടെ അദ്ധ്യക്ഷനായി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നിയമിക്കുകയും 2003 ഒക്ടോബർ 2-ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ സ്ഥാനാരോഹണം നടത്തുകയും ചെയ്തു. മലങ്കര കത്തോലിക്കാസഭയിലെ എക്യുമെനിസവും സംവാദവും, സുവിശേഷവല്ക്കരണം, യുവജനം എന്നീ കമ്മീഷനുകളുടെ ചെയർമാനായി പ്രവർത്തിച്ചുവരുന്നു. 2006 ഫെബ്രുവരി മാസത്തിൽ ഭാരതകത്തോലിക്കാ മെത്രാൻസംഘം മാർ ക്ലീമ്മിസ് തിരുമേനിയെ സി. ബി. സി. ഐ. യുടെ വൈസ്പ്രസിഡന്റായി തെരഞ്ഞെടുത്തു. ഭാരത കത്തോലിക്കാ മെത്രാൻസംഘത്തിന്റെ നേതൃതലത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ സജീവസാന്നിദ്ധ്യമായി അദ്ദേഹം പരിലസിക്കുന്നു.

2006 മെയ് 15-ാം തീയതി തിരുവല്ല അതിരൂപതാദ്ധ്യക്ഷസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ആർച്ചുബിഷപ്പ് ഐസക്ക് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം 10-6-2006 ൽ തിരുവല്ലാ സെന്റ്

www.malankaralibrary.com



ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടന്നു.

2007 ഫെബ്രുവരി 7 ന് കൂടിയ മലങ്കര കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസ് ഐസക്ക് മാർ ക്ലീമീസ് മെത്രാപ്പോലീത്തായെ സഭയുടെ തലവനും പിതാവുമായി തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പിന് ഫെബ്രുവരി 10-ാം തീയതി പരിശുദ്ധ മാർപാപ്പാ ബനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ ഔദ്യോഗിക അംഗീകാരം ലഭിക്കുകയും ചെയ്തു. മലങ്കര കത്തോലിക്കാസഭയിലെ മെത്രാന്മാരുടെയും അനേകം വൈദികരുടെയും സന്യസ്തരുടെയും ദൈവജനത്തിന്റെയും സാന്നിദ്ധ്യത്തിൽ ഫെബ്രുവരി 10-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഔദ്യോഗിക പ്രഖ്യാപനം നടന്നു. 2007 മാർച്ച് 5-ാം തീയതി തിങ്കളാഴ്ച മോറാൻ മോർ ബസേലിയോസ് ക്ലീമീസ് മലങ്കര കത്തോലിക്കാസഭയുടെ ദ്വിതീയ കാതോലിക്കയും മേജർ ആർച്ചുബിഷപ്പുമായി സ്ഥാനാരോഹണം നടത്തി.

www.malankaralibrary.com

# ഉള്ളടക്കം


1. രൂപാന്തരീകരണത്തിന്റെ പാഠം 13
2. സദാ ജാഗരൂകരായിരിക്കുവിൻ 16
3. സ്വന്തം വിധി രൂപപ്പെടുത്തുന്നവർ 19
4. ദൈവരാജ്യത്തിന്റെ നീതി 22
5. വിത്തും വളവും 25
6. ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗം 28
7. ക്രൈസ്തവന്റെ ദൗത്യം 32
8. സ്നേഹത്തിന്റെ കല്പന 36
9. സൗഖ്യദായകനായ യേശു 40
10. നോമ്പിന്റെ ആന്തരാർത്ഥങ്ങൾ 45
11. ഓശാന 49
12. സഭയുടെ വിശുദ്ധീകരണത്തിരുനാൾ 53
13. യഥാർത്ഥ ക്രിസ്തുശിഷ്യനാകുവാൻ 57
14. പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതരാവുക 60
15. നോമ്പ് : ശക്തീകരിക്കപ്പെട്ട ദിനങ്ങൾ 65
16. കുടുംബം അനുഗ്രഹത്തിന്റെ കൂടാരം 68
17. പൗരോഹിത്യമെന്ന ദൈവികദാനം 71

www.malankaralibrary.com

18. ഇടയശുശ്രൂഷ 74

19. പുനരൈക്യപ്രസ്ഥാനം സുവർണ്ണജൂബിലിപഥങ്ങളിൽ 77

20. സഭ, രൂപത, കുടുംബം
കൂട്ടായ്മയുടെ അനുഭവത്തിൽ 83

21. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വഴി 87

22. പുണ്യശ്ലോകനായ മാർ ഇവാനിയോസ് 92

23. ത്യാഗപൂർണ്ണമായ ഇടയശുശ്രൂഷ -
മാർ സേവേറിയോസ് മെത്രാപ്പോലീത്താ 95

24. Love of God and Love of Neighbour 98

25. Justice of Our Lord Jesus Christ 100

26. A Jubilee for Jubilation 104

27. The Lesson of Zachaeus 108

28. Saul - An Instrument in the Hands of Jesus 110

29. MCYM - The Ambassadors of the Church 114

www.malankaralibrary.com

# 1

## രൂപാന്തരീകരണത്തിന്റെ പാഠം

ജീവിതത്തിൽ വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചിരുന്ന ഒരു ക്രൈസ്തവസ്ത്രീ, ഒരു വൈദികനോട് തന്റെ ബുദ്ധിമുട്ടുകൾ വിവരിക്കുകയായിരുന്നു. ശ്രദ്ധാപൂർവ്വം ശ്രവിച്ചിരുന്ന വൈദികൻ ആ സ്ത്രീയോടു പറഞ്ഞു. ദുരിതങ്ങളും ബുദ്ധിമുട്ടുകളും ജീവിതത്തിന്റെ ഭാഗമാണ്. അത് സഹിക്കുന്നതിലൂടെ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകുവാൻ സാധിക്കും. കൂടാതെ, യേശുവിന്റെ പീഡാനുഭവങ്ങളെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും വൈദികൻ ആ സ്ത്രീയെ വിവരിച്ചു കേൾപ്പിച്ചു. ആ സ്ത്രീ അലറി: "അതിന് യേശു ദൈവമല്ലായിരുന്നോ?"

യേശു ദൈവമായിരുന്നതുകൊണ്ട് മാനുഷികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ദുരിതങ്ങളും യേശുവിന് ഒരു പ്രശ്നമേ ആയിരുന്നില്ലായെന്ന തെറ്റായ ധാരണയാണ് ആ സ്ത്രീയെ അങ്ങനെ പ്രതികരിക്കുവാൻ പ്രേരിപ്പിച്ചത്.

ഇന്നത്തെ തിരുനാൾ തേജസ്കരണം അഥവാ മറുരൂപ പെരുന്നാൾ യേശുവെന്ന ദൈവമനുഷ്യനെ കൂടുതൽ മനസ്സിലാക്കുവാൻ സഹായകമാണ്. യേശുവെന്ന ദൈവമനുഷ്യസംഗമത്തിന്റെ രഹസ്യാത്മക സ്വഭാവം ഇതിലൂടെ വെളിപ്പെടുകയാണ് എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. താബോർ മലയിൽ നടന്ന ആ സംഭവം വി. ലൂക്കാ സുവിശേഷകൻ 9-ാം അദ്ധ്യായം 28 മുതൽ 36 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നു.

www.malankaralibrary.com



യേശുവെന്ന ദൈവമനുഷ്യൻ തന്റെ ജീവിതത്തിൽ നിറവേറുവാനിരിക്കുന്ന പ്രവാചകദർശനപൂർത്തീകരണവും അതിനു മുന്നോടിയായി കടന്നുപോകേണ്ട സഹനപാതയും ശിഷ്യന്മാർക്ക് വെളിപ്പെടുത്തി. സഹനമില്ലാതെ മഹത്വമില്ലെന്ന് യേശു പത്രോസിനെ ഈ സംഭവത്തിലൂടെ പഠിപ്പിച്ചു.

താബോർ മലയിലെ ഈ സംഭവത്തെ യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽനിന്ന് മാറ്റി ഒരു പ്രത്യേകസംഭവമായി കണ്ടാൽ അതിന്റെ അർത്ഥം പൂർണ്ണമാകില്ല. സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സംഭവങ്ങളുടെയും അർത്ഥവും സന്ദേശവും പരസ്പരപൂരകങ്ങളാണ്. തന്റെ പീഡാനുഭവത്തെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും ശിഷ്യരെ അറിയിച്ച യേശുവിനെയാണ് എട്ടു ദിവസങ്ങൾക്കുശേഷം രൂപാന്തരം സംഭവിച്ചതായി പത്രോസും യാക്കോബും യോഹന്നാനും കാണുന്നത്. ഈ സുവിശേഷഭാഗത്തിലെ രണ്ടു സന്ദേശങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ!

പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ യേശു രൂപാന്തരപ്പെട്ടതായിട്ടാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രാർത്ഥനയിൽ അതായത്, മറ്റെല്ലാ കാര്യങ്ങളും വെടിഞ്ഞ് ദൈവവുമായുള്ള ബന്ധത്തിൽ കഴിയുന്ന സമയം - അപ്പോഴാണ് രൂപാന്തരീകരണം നടക്കുന്നത്. നമ്മുടെ ധാർമ്മികജീവിതം, മറ്റുള്ളവരുമായി കൂട്ടായ്മയിൽ കഴിയണമെന്ന വ്യക്തമായ ബോധ്യം, അതിനാവശ്യമായ പ്രചോദനം, നമ്മെത്തന്നെ വ്യക്തിപരമായി മനസ്സിലാക്കുവാനുള്ള സാദ്ധ്യത, മനുഷ്യജീവിതത്തിന്റെ ശക്തിയും സ്രോതസ്സും ദൈവംതന്നെയാണെന്ന ഉറച്ച വിശ്വാസം ഇവയൊക്കെ ലഭിക്കുന്നത് പ്രാർത്ഥനയിൽനിന്നാണ്. പ്രാർത്ഥനയെ നാം എങ്ങനെ മനസ്സിലാക്കുന്നുവോ അതിനനുസരിച്ചായിരിക്കും അതിൽനിന്നും ലഭിക്കുന്ന ഫലങ്ങളും! പ്രാർത്ഥനയെ അധരവ്യായാമമായി തരംതാഴ്ത്തുന്ന പ്രവണത നമ്മുടെയിടയിൽ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യം. അതിൽനിന്ന് വിമുക്തിനേടാൻ ഈ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

പത്രോസ് തന്റെ ആഗ്രഹം പ്രകടിപ്പിക്കുന്നു: “ഗുരോ നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ്; ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം. ഒന്ന് നിനക്ക്, ഒന്ന് മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്.” സുവിശേഷകൻ തന്നെ പത്രോസിന്റെ ഈ ആഗ്രഹത്തെക്കുറിച്ചു “താൻ

www.malankaralibrary.com



എന്താണ് പറയുന്നതെന്ന് അവനുതന്നെ നിശ്ചയമില്ലായിരുന്നു" എന്ന ഒരു കമന്റ് പറയുന്നുണ്ട്.

പത്രോസ് ഇവിടെ പ്രകടിപ്പിക്കുന്ന ഈ ആഗ്രഹം സ്വാഭാവികമാണ്. ദൈവസാന്നിദ്ധ്യത്തിൽ, ദൈവികശോഭയിൽ, മറ്റൊന്നിനെക്കുറിച്ചും ആകുലതയില്ലാതെ കഴിയുന്ന ഒരു അനുഭവം! ആരും ആഗ്രഹിക്കുന്നതും സ്വപ്നത്തിൽ താലോലിക്കുന്നതുമായ കാര്യമാണിത്. എന്നാൽ പത്രോസ് ഒരു കാര്യം മറന്നുപോയിരുന്നു; തങ്ങളെ കാത്ത് മലയുടെ താഴെ നിൽക്കുന്നവരുടെ കാര്യം! മലയുടെ മുകളിൽ സ്ഥിരമായി വസിക്കുവാൻ യേശുവും ആഗ്രഹിച്ചില്ല. ദൈവരാജ്യത്തിന്റെ പ്രഘോഷകരാകുവാൻ, പുതിയ നിയമത്തിന്റെ പ്രഥമസാക്ഷികളാകുവാൻ വിളിക്കപ്പെട്ടവരാണവർ; യേശുവിന്റെ രക്ഷാകരദൗത്യം പിന്തുടരേണ്ടവർ. അവർ മലമുകളിൽ തങ്ങളുടെ ജീവിതം അവസാനിപ്പിക്കേണ്ടവരല്ല. ദൈവത്തിൽ വിശ്വസിക്കുന്ന ഓരോരുത്തരും അനുസ്മരിക്കേണ്ടതാണ് ഈ കാര്യം. ഇന്ന് ദൈവാലയങ്ങളിലും കൺവൻഷൻ സ്ഥലങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മനുഷ്യർ ജാതിമതഭേദമെന്യേ തടിച്ചുകൂടുന്ന കാഴ്ചയാണ് നാം കാണുന്നത്. മറുവശത്തേക്ക് നാമൊന്നു കണ്ണോടിക്കുക. നമ്മുടെ കുടുംബബന്ധങ്ങളിൽ ശിഥിലീകരണപ്രവണതകൾ - മാതാപിതാക്കളും മക്കളും തമ്മിൽ അകലുന്ന സ്ഥിതിവിശേഷം, വ്യക്തികൾ അന്യോന്യം കൂടുതൽ അകലുന്ന ദുരവസ്ഥ, ഇടവകസമൂഹങ്ങളിൽ പ്രകടമാകുന്ന കൂട്ടായ്മാരാഹിത്യം. പത്രോസിന്റെ വിശ്വാസത്തിൽ പടുത്തുയർത്തപ്പെട്ട ബലിഷ്ഠമായ വിശ്വാസസമൂഹമാണ് ഇന്നിന്റെ ആവശ്യം. ദൈവാലയത്തിലെ അഥവാ കൺവൻഷൻഹാളിലെ ദിവ്യാനുഭൂതിയിൽ മാത്രം ലയിച്ചിരിക്കുമ്പോഴും സഹോദരസ്നേഹത്തിന്റെ ബഹിർ സ്ഫുരണമായ കുടുംബത്തേയും കൂട്ടായ്മയേയും മറന്നുപോവുക ഇന്ന് സാധാരണമാണ്. "കർത്താവേ എന്നു വിളിക്കുന്നവനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുക" എന്ന യേശുവിന്റെ മുന്നറിയിപ്പ് നമുക്കേവർക്കും ഒരു ചൂണ്ടുപലകയായിരിക്കട്ടെ.

................*Homily - Vatican Radio - on Lk. 9/28-36 - on August 6*

www.malankaralibrary.com

# 2

## സദാ ജാഗരൂകരായിരിക്കുവിൻ

ഗോത്രപിതാവായ അബ്രഹാമിനെ അനുസ്മരിക്കുന്ന ദിനമാണിന്ന്. പൂർവ്വപിതാവായ അബ്രഹാം, വിശ്വാസികളുടെ പിതാവായ അബ്രഹാം, പ്രധാന പിതാക്കന്മാരിൽ ഒന്നാമൻ എന്നിങ്ങനെ പോകുന്നു അദ്ദേഹത്തെക്കുറിച്ചുള്ള വിശേഷണങ്ങൾ! ഒരു ചോദ്യം ഇവിടെ പ്രസക്തമാണ്. എന്താണ് അബ്രഹാമിനെ ദൈവതിരുമുമ്പാകെയും മനുഷ്യദൃഷ്ടിയിലും വലിയവനാക്കിയത്? സന്താനമില്ലാതിരുന്ന തനിക്ക് വാർദ്ധക്യകാലത്ത് മകനെ ദാനമായി ലഭിച്ചതിൽ മതിമറന്നു ദൈവത്തെ വാനോളം സ്തുതിക്കുന്ന അബ്രഹാം, അതേ മകനെ ബലികഴിക്കുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ ആ കല്പനയെ പരിപൂർണ്ണമായി അനുസരിക്കുവാൻ തയ്യാറായി. അതാണ് അവനെ വലിയവനാക്കിയത്. ദൈവതിരുമനസ്സിന് പരിപൂർണ്ണമായി വിധേയപ്പെട്ട ജീവിതം! സന്താപത്തിലും സന്തോഷത്തിലും വൈരുദ്ധ്യങ്ങളിലും അടിപതറാത്ത വിശ്വാസം! ഇവ രണ്ടും കൂടിയായപ്പോൾ, ദൈവമനുഷ്യബന്ധങ്ങളെക്കുറിച്ച് ആധികാരികമായി പ്രഖ്യാപിക്കുവാൻ കരുത്തുള്ള വ്യക്തിയായി, അനേകായിരങ്ങൾക്ക് മാർഗ്ഗനിർദ്ദേശകനായി, വിശ്വാസികളുടെ പിതാവായി അബ്രഹാം രൂപപ്പെടുകയായിരുന്നു.

ദൈവത്തിൽ സ്വയം സമർപ്പിച്ച ജീവിതം; ഈ സമർപ്പണത്തിൽ നിന്നു രൂപപ്പെടുന്ന ജീവിതമനോഭാവം; ഈ മനോഭാവം എന്നും കാത്തുസൂക്ഷിക്കുവാനുള്ള ജാഗരൂകത. ഇന്നത്തെ സുവിശേഷം നൽകുന്ന

www.malankaralibrary.com



സന്ദേശവും ഇതുതന്നെയാണ്. വി. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായം 37 മുതൽ 51 വരെയുള്ള വാക്യങ്ങളിൽ കാണപ്പെടുന്ന വേദ ഭാഗമാണ് നമ്മുടെ ഇന്നത്തെ പരിചിന്തനത്തിനാധാരം.

"സദാ ജാഗരൂകരായിരിക്കുവിൻ" എന്ന മുന്നറിയിപ്പാണ് സുവി ശേഷകൻ നൽകുക. നിനച്ചിരിക്കാത്ത നിമിഷത്തിൽ ദൈവം വന്ന് വിളി ച്ചാലത്തെ അവസ്ഥ! തിരഞ്ഞെടുക്കുകയും തിരസ്ക്കരിക്കുകയും ചെയ്യുന്ന സാഹചര്യം! ഒന്നിച്ച് ജോലിചെയ്യുന്നതിനിടയിൽ ഒരുവൻ മാത്രം സ്വീകരിക്കപ്പെടുമെന്ന്! രണ്ടുപേരിൽ ഒരാൾ സ്വീകരിക്കപ്പെടു കയും മറ്റയാൾ തിരസ്ക്കരിക്കപ്പെടുകയും ചെയ്യുന്ന അനുഭവം! രാത്രി യുടെ അന്ത്യയാമങ്ങളിൽ ആരുമറിയാതെ കള്ളൻ വന്നാലത്തെ സ്ഥിതി! ഓർക്കാപ്പുറത്ത് അധികാരി വന്ന് കുറ്റം കണ്ടുപിടിച്ച് ശിക്ഷിക്കുന്ന സാഹചര്യം! സുവിശേഷകന്റെ ഈ വിവരണങ്ങൾ ശ്രോതാക്കളിൽ അൽപ്പം ഭയവും പരിഭ്രാന്തിയും ഉണ്ടാക്കുമെങ്കിലും, അതല്ല സുവിശേ ഷകന്റെ ലക്ഷ്യം; മറിച്ച് ക്രൈസ്തവനുണ്ടായിരിക്കേണ്ട ജാഗരൂകത യെക്കുറിച്ച് അവനെ ഓർമ്മിപ്പിക്കുകയാണ്.

ദൈവവിശ്വാസിയുടെ ജീവിതം ഒരു മണിക്കൂറിന്റെയോ ഒരു ദിവസത്തെയോ ജാഗരൂകതയെ ആശ്രയിച്ചല്ല നിലകൊള്ളുന്നത്. പ്രത്യുത, തന്റെ ജീവിതത്തിന്റെ അവസാനംവരെ ദൈവത്തോടുള്ള വിശ്വസ്തതയിൽ നിലകൊള്ളേണ്ടവനാണവൻ. ഈ വിശ്വസ്തത യിൽനിന്ന്, അതായത്, ദൈവത്തെ എല്ലായ്പോഴും കർത്താവും നാഥനും പരിപാലകനുമായി ഏറ്റുപറയുന്നതിൽനിന്ന്, നമ്മെ പിൻതി രിപ്പിക്കുവാൻ ശ്രമിക്കുന്ന പ്രതികൂലസാഹചര്യങ്ങളെക്കുറിച്ച് എല്ലാ യ്പോഴും ജാഗ്രതയോടെ നിലകൊള്ളേണ്ടവനാണ് ക്രൈസ്തവൻ. അപ്രകാരം വർത്തിക്കുന്നവനാണ് വിശ്വാസജീവിതത്തിന്റെ ഉടമ. എന്നാൽ നാമെല്ലാവരും പലവിധമായ കാരണങ്ങളാൽ ബലഹീനരാ ണ്. വിശ്വാസജീവിതത്തിൽ ക്ഷയം വന്നവരാണ്. ദൈവത്തെ നമ്മുടെ പിതാവായി സദാ അംഗീകരിക്കുന്നതിൽ, മറ്റുള്ളവരെ നമ്മുടെ സഹോ ദരങ്ങളായി കാണുന്നതിൽ പരാജയപ്പെടുന്നവരാണ്.

ഇങ്ങനെ ചഞ്ചലമനസ്കരായ നമുക്ക് ഇന്നത്തെ സുവിശേഷ ഭാഗം ഒരു മുന്നറിയിപ്പാണ്. ജാഗരൂകരായിരിക്കുവിൻ എന്നല്ലാ, സദാ ജാഗരൂകരായിരിക്കുവിൻ എന്നതാണ് സന്ദേശം. ക്രൈസ്തവജീവിതം

www.malankaralibrary.com



ശക്തവും സജീവവുമാക്കുവാനുള്ള ഈ ജാഗ്രതാമനോഭാവം, ദൈവത്തോടും സഹോദരങ്ങളോടുമുള്ള നമ്മുടെ ബന്ധത്തിൽ സാരമായ മാറ്റം വരുത്തുമെന്നതിൽ രണ്ടുപക്ഷമില്ല. അങ്ങനെ, സജീവമായ വിശ്വാസജീവിതത്തിന്റെ ഉടമകളായിത്തീരുവാൻ നമുക്ക് ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

.....................................*Homily - Vatican Radio - on Mt. 24/37-51*

*on Sept., 1994*

www.malankaralibrary.com

# 3

## സ്വന്തം വിധി രൂപപ്പെടുത്തുന്നവർ

"അവനവൻ കുഴിച്ച കുഴിയിൽ അവനവൻ തന്നെ ചാടും" എന്നൊരു പഴഞ്ചൊല്ല് നാമൊക്കെ കേട്ടിട്ടുണ്ട്. ജീവിതത്തിൽ നാമെടുക്കുന്ന തീരുമാനങ്ങൾ, നാം ചെയ്യുന്ന ക്രമീകരണങ്ങൾ, അത് നല്ലതോ ചീത്തയോ ആകട്ടെ, അത് നമ്മെ ബാധിക്കും എന്നത് തീർച്ചയാണ്. ഇന്നത്തെ സുവിശേഷഭാഗമായ ധനവാന്റെയും ലാസറിന്റെയും കഥ അതാണ് നമ്മോടു പറയുന്നത്. എന്തുകൊണ്ട് ദൈവം എനിക്കിത് തന്നു? എന്തുകൊണ്ട് അവിടുന്നു യുദ്ധങ്ങൾ അനുവദിക്കുന്നു? അനേകായിരങ്ങളുടെ കണ്ണുനീർ അവിടുന്നു കാണുന്നില്ലേ? പലപ്പോഴും നാം കേൾക്കാറുള്ളതും ചോദിക്കാറുള്ളതുമാണ് ഈ ചോദ്യങ്ങൾ.

വി. ലൂക്കോസിന്റെ സുവിശേഷം 16-ാമദ്ധ്യായം 19 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ കാണുന്ന ധനവാന്റെയും ലാസറിന്റെയും ഉപമയാണ് ഇന്നത്തെ നമ്മുടെ വിചിന്തനത്തിനാധാരം. ധനവാനും ലാസറും രണ്ടു ജീവിതശൈലിയെ പ്രതിനിധാനം ചെയ്യുന്നവരാണ്. ധനവാൻ! മറ്റാരുടെയും ആശ്രയമില്ലാതെ ജീവിക്കുവാൻ സാധിക്കുന്നവനാണവൻ. അവന് ആവശ്യത്തിലധികം ധനവും പ്രതാപവുമുണ്ട്. അവൻ സർവ്വസ്വതന്ത്രനാണ്. പാവപ്പെട്ടവരെ അവൻ ഗൗനിക്കാറേയില്ല. അവന്റെ മേശയിൽനിന്നു വീഴുന്ന ഭക്ഷണസാധനങ്ങൾ തിന്നു

www.malankaralibrary.com



ന്നത് നായ്ക്കളാണോ മനുഷ്യരാണോ എന്നത് അവന് തികച്ചും അപ്രസക്തം. ദൈവവും ദൈവികമൂല്യങ്ങളും അവന് ആവശ്യമില്ല. തന്റെ മേശയിൽനിന്ന് താഴെ വീഴുന്ന അപ്പക്കഷണങ്ങൾക്കുവേണ്ടി തന്റെ പട്ടിയും ലാസറും തമ്മിൽ കടിപിടികൂടുന്നതു കണ്ടിട്ടും മനോഭാവത്തിൽ മാറ്റം വരുത്താത്തവനാണ് സുവിശേഷത്തിൽ കാണുന്ന ധനവാൻ! ഇത്തരത്തിൽ തീരുമാനമെടുത്ത് സ്വാർത്ഥതയിലും സുഖലോലുപതയിലും മുഴുകിക്കഴിയുന്ന ഒരു വ്യക്തിക്ക് മരണാനന്തരവും സൗഭാഗ്യം ലഭിക്കുകയെന്നത് എത്രയോ ദുഷ്ക്കരം! ദൈവം അവന് സൗഭാഗ്യം നൽകിയില്ല എന്നല്ല, മനസ്സിലാക്കേണ്ടത്. തന്റെ ജീവിതകാലത്ത് താനെടുത്ത തീരുമാനത്തിന്റെ, താൻ രൂപംകൊടുത്ത ജീവിതശൈലിയുടെ അനന്തരഫലത്തിന് അവൻ അവകാശിയായിത്തീരുകയാണുണ്ടായത്.

ദൈവം ആരെയും തള്ളിക്കളയുന്നില്ല! എന്നാൽ ബുദ്ധിയും വിവേകവുമുള്ള മനുഷ്യന് ദൈവത്തെയും ദൈവികമൂല്യങ്ങളെയും സഹജീവികളെയും തള്ളിക്കളയുവാൻ സാധിക്കും; ബോസ്നിയായിലെയും ഉത്തരഅയർലണ്ടിലെയും മദ്ധ്യപൂർവ്വദേശത്തെയും അയോദ്ധ്യയിലെയും സംഭവങ്ങൾ അതാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്. യുദ്ധങ്ങളും ദുരിതങ്ങളും ദൈവം കാണുന്നില്ലേ എന്ന ചോദ്യം പലപ്പോഴും നാം കേട്ടിട്ടുണ്ട്. നാമെടുക്കുന്ന തീരുമാനങ്ങളുടെ പ്രത്യാഘാതങ്ങളാണവ. അതിന്റെ ഉത്തരവാദിത്വം ദൈവത്തിന്റെ തലയിൽ കെട്ടിവയ്ക്കുവാനാണ് നാം തത്രപ്പെടുക. എല്ലാം സ്വന്തമായി കൈവശപ്പെടുത്തുവാനുള്ള, എല്ലാറ്റിന്റെയുംമേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള പ്രവണതയുടെ പരിണതഫലങ്ങളാണ് യുദ്ധവും ദുരിതവും ദാരിദ്ര്യവും.

ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ ദാരിദ്ര്യത്തെ പുകഴ്ത്തുവാനല്ല മറിച്ച്, ധനവാന്റെ സ്വാർത്ഥപൂരിതമായ തീരുമാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നതിനും അതിലൂടെ നമ്മുടെ മനോഭാവത്തിന് മാറ്റം വരുത്തുന്നതിനുമാണ് യേശു ശ്രമിക്കുക.

നാം ജീവിക്കുന്നത് സ്വന്തം കാര്യം മാത്രം നോക്കുവാൻ വെമ്പൽകൊള്ളുന്ന ഒരു സമൂഹത്തിലാണ്. എന്റെ കാര്യം! എന്റെ കുടുംബത്തിന്റെ കാര്യം മാത്രം! മറ്റുള്ളവരുടെ കാര്യത്തിൽ യാതൊരു

www.malankaralibrary.com



താല്പര്യവുമില്ലാത്ത അവസ്ഥ! സ്വജീവിതം മറ്റുള്ളവർക്കുവേണ്ടി ബലികഴിച്ച യേശുവിന്റെ അനുയായികളെന്നഭിമാനിക്കുന്ന നാമോ രുരുത്തരുടെയും മനോഭാവം ഇതിൽനിന്നും വ്യത്യസ്തമാണോ? നമുക്ക് കഴിവും കഴിവുകേടുമുണ്ട്. ബലവും ബലഹീനതയുമുള്ളവ രാണ് നാം. എന്നാൽ നമ്മുടെ പരിമിതികളിലും മറ്റുള്ളവരെ സഹാ യിക്കുവാൻ നമുക്ക് സാധിക്കും. സാമ്പത്തികവും സാമൂഹികവും ആത്മീയവുമായ തലങ്ങളിൽ നമ്മുടെ സഹായം ആവശ്യമുള്ളവരെ ഒരിക്കലും നാം തിരസ്ക്കരിക്കരുത്. അങ്ങനെ ദൈവത്തെ ആരാധി ക്കുകയും സഹജീവികളെ ബഹുമാനിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന ഒരു ജീവിതവീക്ഷണത്തിന് നമുക്ക് രൂപം കൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

*Homily - Vatican Radio - on Lk 16/19-31*

*(17, 18 Sept. 94)*

www.malankaralibrary.com

# 4

## ദൈവരാജ്യത്തിന്റെ നീതി

കാര്യം നടക്കണോ? ശിപാർശയും അൽപ്പം കൈമടക്കും വേണം. നമ്മുടെ നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും ജാതിമത ഭേദമെന്യേ ജനങ്ങൾ രഹസ്യമായും പരസ്യമായും പറയുന്ന കാര്യമാണത്. ഏതുകാര്യം സാധിക്കണമെങ്കിലും 'റെക്കമൻഡേഷൻ' വേണം! വലിയ ജോലി സാദ്ധ്യതകൾ തുടങ്ങി, എന്തിനധികം എൽ. കെ. ജി.യിലെ അഡ്മിഷനുവരെ ശിപാർശ അത്യാവശ്യമാണ്. മേലുദ്യോഗസ്ഥന്മാരുമായി അടുത്തു ബന്ധമുള്ളവർക്ക് കാര്യം എളുപ്പത്തിൽ നടക്കും. ചുരുക്കത്തിൽ നമ്മുടെ സാമൂഹ്യജീവിതത്തിലെ ഒരു സാധാരണ സംഭവമായി ഇത് മാറിയിരിക്കുകയാണ്.

വി. മർക്കോസിന്റെ സുവിശേഷത്തിൽ 10-ാം അദ്ധ്യായം 35 മുതൽ 45 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന വേദഭാഗമാണ് നമ്മുടെ ഇന്നത്തെ വിചിന്തനത്തിനാധാരം. ഒരു ചെറിയ ശിപാർശയുമായി യാക്കോബും യോഹന്നാനും യേശുവിനെ സമീപിക്കുന്നു. മറ്റു ശിഷ്യന്മാരൊന്നും സമീപത്തില്ലായെന്നത് പകൽപോലെ വ്യക്തം! അല്ലെങ്കിൽ അവരിരുവരും ഈ സാഹസത്തിന് മുതിരുകയില്ലായിരുന്നു. "ഗുരോ, ഒരു കാര്യം പറയുവാനുണ്ടായിരുന്നു." "എന്താണ് ഞാൻ നിങ്ങൾക്ക് ചെയ്യേണ്ടത്?" യേശു അവരോട് ചോദിച്ചു. "നിന്റെ രാജ്യത്തിൽ, ഞങ്ങളിൽ ഒരുവൻ നിന്റെ വലത്തും മറ്റവൻ ഇടത്തും ഇരിക്കുവാൻ അനുവദിക്കണം." യാക്കോബിന്റെയും യോഹന്നാന്റെയും സംയുക്തമായ അപേക്ഷയാണ്. യേശു പറഞ്ഞു. "നിങ്ങൾ ചോദി

www.malankaralibrary.com



ക്കുന്നതെന്തെന്ന് നിങ്ങൾ അറിയുന്നില്ല." തുടർന്ന് അവരോട് ചോദിക്കുന്നു: "ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കുവാനോ ഞാൻ മുങ്ങുന്ന മാമോദീസാ മുങ്ങുവാനോ നിങ്ങൾക്കു കഴിയുമോ?" "കഴിയും", അവരുടെ മറുപടി! യേശുവിന്റെ ഉത്തരം ശ്രദ്ധിക്കൂ! "ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കും. ഞാൻ മുങ്ങുന്ന മാമോദീസാ നിങ്ങൾ മുങ്ങും. എന്നാലും എന്റെ വലത്തും എന്റെ ഇടത്തും ഇരിക്കുവാനുള്ള അവകാശം നൽകുവാൻ എനിക്കു കഴിയുകയില്ല. അത് ആർക്കുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നുവോ അവർക്കുള്ളതാണ്."

ദൈവരാജ്യത്തിലെ ക്രമീകരണം അഥവാ അവിടെ നിലനിൽക്കുന്ന വ്യവസ്ഥിതി അതാണ്. യേശുവിന്റെ മറുപടി ഈ വ്യവസ്ഥിതിയെ മനസ്സിലാക്കുവാനുള്ള ഒരു ലഘുപാഠമാണ്. യാക്കോബിനോടും യോഹന്നാനോടും മാത്രമല്ല, യേശു ഇത് പറഞ്ഞത്! തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക്, സത്യത്തിനും നീതിക്കും സമത്വത്തിനുംവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികൾക്ക് ഇത് ഒരു സന്ദേശമായി അവിടുന്ന് എന്നേക്കുമായി നൽകുകയായിരുന്നു. യാക്കോബും യോഹന്നാനും യേശുവിന് വളരെ പ്രിയപ്പെട്ടവരാണ്. അവരെ രണ്ടു പേരെയും പത്രോസിനെയും മാത്രം കൂട്ടി യേശു പലയിടത്തും പോയിട്ടുണ്ട്. പക്ഷേ ആ വൈകാരികതയൊന്നും യേശു ഇവിടെ പരിഗണിക്കുന്നില്ല. ദൈവരാജ്യത്തിൽ പക്ഷഭേദമില്ല. വിശ്വസ്തതയാണ് വൈകാരികതയ്ക്കു പകരം നാം അവിടെ കാണുക. "കർത്താവേ, കർത്താവേ എന്ന് വിളിക്കുന്നവനല്ല, പ്രത്യുത എന്റെ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക"യെന്ന് പ്രസ്താവിച്ചപ്പോഴും ഇതേ സത്യം തന്നെയാണ് അവിടുന്ന് വ്യക്തമാക്കിയത്. മതങ്ങൾ, സഭകൾ ഇവ സത്യത്തിനും നീതിക്കും ദൈവികമൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളേണ്ടവയാണ്. എന്നുവച്ചാൽ നാമോരുരുത്തരും ഈ മൂല്യങ്ങളുടെ വക്താക്കളാകണമെന്നർത്ഥം.

സുവിശേഷത്തിന്റെ രണ്ടാം ഭാഗത്ത് മറ്റൊരു കാഴ്ച നാം കാണുന്നു. യേശുവിന്റെ പക്കൽ യാക്കോബും യോഹന്നാനും ശിപാർശയുമായി ചെന്നുവെന്നു കേട്ട് മറ്റു ശിഷ്യന്മാർ, അവർ രണ്ടു പേരുടെയും നേരെ കയർക്കുന്നു. അവിടെയും യേശുവിന്റെ സാന്നിദ്ധ്യവും സന്ദേശവും ശ്രദ്ധേയമാണ്. "നിങ്ങളുടെ ഇടയിൽ അങ്ങനെയായിരിക്കരുത്", യേശു പറയുകയാണ്. അതായത്, ലോകത്തിന്റെ

www.malankaralibrary.com



മൂല്യങ്ങളിൽ ജീവിക്കുന്നവരിൽനിന്നും വിഭിന്നരായിരിക്കണം ദൈവ വിശ്വാസികൾ! മറ്റുള്ളവരുടെമേൽ കുതിരകയറുകയും അവരെ നിന്ദിക്കുകയും ചവിട്ടിമെതിക്കുകയും അങ്ങനെ വലിയ വ്യക്തികളായി ചമയുകയും ചെയ്യുന്ന അനേകരുൾപ്പെടുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഈ കാഴ്ച ഒരു പരിധിവരെ മതങ്ങളിലും കാണപ്പെടുന്നുവെന്നത് പരിതാപകരമാണ്. യേശുവിന്റെ ദർശനം ഈ ലോകത്തിന്റെ കാഴ്ചപ്പാടിൽനിന്നും വിഭിന്നമാണ്. യേശുവിന്റെ അനുയായികളുടെ സമൂഹത്തിൽ ജന്മിയും കുടിയാനുമില്ല. അന്യോന്യം ആദരിക്കുകയും ബഹുമാനിക്കുകയും പരസ്പരം ശുശ്രൂഷിക്കുകയും കരുതുകയും ചെയ്യുവാൻ വിളിക്കപ്പെട്ടവരാണ് യേശുവിന്റെ അനുയായികൾ. വേണമെങ്കിൽ മറ്റു പത്തു പേരോട് ചേർന്ന് യേശുവിനും യാക്കോബിനെയും യോഹന്നാനെയും നാട്ടുഭാഷയിൽ പറഞ്ഞാൽ 'ഒന്നിരുത്താമായിരുന്നു'. യേശു അവിടെയും നിലകൊണ്ടത് ദൈവികസന്ദേശം തന്റെ അനുയായികൾക്ക് പകർന്നുകൊടുക്കുന്നതിലാണ്.

.... മതങ്ങളും സഭകളും ദൈവികമൂല്യങ്ങളുടെ വക്താക്കളായി വർത്തിക്കുന്നതിൽ ഇന്ന് പിന്നോക്കം പോകുന്നുവെന്ന പരാതി നാം കേൾക്കുന്നുണ്ട്. അതിൽ സത്യവുമുണ്ട്! എന്താണ് ഇതിന് ഒരു പോംവഴി? ഒരൊറ്റ മാർഗ്ഗമേയുള്ളു; നാമോരോരുത്തരും പൂർണ്ണമായി മാനസാന്തരപ്പെട്ടു ദൈവരാജ്യത്തിന്റെ മൂല്യങ്ങളുടെ സുവിശേഷകരായി ലോകത്തിൽ പ്രവർത്തിക്കുക. എന്നെക്കൊണ്ടുമാത്രം എന്തു ചെയ്യുവാൻ സാധിക്കും? നമ്മുടെ ചിന്ത പലപ്പോഴും അങ്ങനെയാണ്. ഒരു ബാലന്റെ പക്കലുണ്ടായിരുന്ന അഞ്ചപ്പവും രണ്ടു മത്സ്യവും കൊണ്ട് അയ്യായിരത്തിൽപരം ആളുകളെ തീറ്റി തൃപ്തിയാക്കിയ യേശുക്രിസ്തുവാണ് നമ്മുടെ മദ്ധ്യസ്ഥൻ; നമ്മുടെ സഹായി! നമ്മുടെ കൊച്ചുകരങ്ങൾ, ദൈവകരങ്ങളുമായി സ്പർശിക്കുമ്പോൾ ഇവിടെ അത്ഭുതങ്ങൾ സംഭവിക്കും. ഈ അത്ഭുതങ്ങളാകട്ടെ, ദൈവികമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു നവസമൂഹത്തിന്റെ അടിസ്ഥാനശിലകളായി നിലകൊള്ളുകയും ചെയ്യും.

*Homily - Vatican Radio - on Mk 10/35-45*
*..................................................................on 4 August 1994*

www.malankaralibrary.com

# 5

## വിത്തും വളവും

ദൈവത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചുമുള്ള യേശുവിന്റെ ദർശനവും അതിൽനിന്നുരുത്തിരിഞ്ഞ പ്രബോധനവും ജനക്കൂട്ടങ്ങളിൽ മതിപ്പും ആശ്ചര്യവും ഉളവാക്കിയിരുന്നു. ജനക്കൂട്ടത്തിന്റെ ആരാധ്യനേതാവായി മാറിയിരുന്ന യേശുവാകട്ടെ, തന്റെ ദർശനം അവതരിപ്പിച്ചിരുന്നത് സാധാരണ സംഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ്. അങ്ങനെയാണ് ഉപമകൾ യേശുവിന്റെ പ്രബോധനങ്ങളിൽ സ്ഥാനം പിടിച്ചത്. ദൈനംദിനസംഭവങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി യേശു അതിന് മറ്റൊരു മാനം നൽകിയപ്പോൾ അവ മനുഷ്യഹൃദയങ്ങളിൽ മാനസാന്തരത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചിരുന്നു. യജമാനനും ഭൃത്യനും, വീടും കൃഷിത്തോട്ടവും, ഗ്രാമവും പട്ടണവും, ആട്ടിടയനും ആട്ടിൻകൂട്ടവും, കൃഷിക്കാരനും കൃഷിസ്ഥലവും തുടങ്ങിയ സാധാരണ ദൃശ്യങ്ങൾ യേശുവിന്റെ പ്രബോധനങ്ങളിൽ നിറഞ്ഞുനിന്നിരുന്നു.

ഇപ്രകാരം, യേശു തന്റെ ശ്രോതാക്കളുടെ, തന്നെ അനുഗമിക്കുവാൻ ആഗ്രഹിച്ചവരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്ന ഒരു സാധാരണദൃശ്യം - വിതക്കാരന്റെ ഉപമ - വി.ലൂക്കായുടെ സുവിശേഷം 8-ാമ ദ്ധ്യായം 4 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നുണ്ട്. ഈ സുവിശേഷഭാഗവും 11 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ കാണുന്ന അതിന്റെ വിശദീകരണവുമാണ് നമ്മുടെ ഇന്നത്തെ പരിചിന്തന വിഷയം.

www.malankaralibrary.com



കൃഷിക്കാരനും കൃഷിസ്ഥലവും പാലസ്തീനായിൽ അപരിചിതമല്ല. അവിടുത്തെ റോഡുകൾ പലപ്പോഴും കൃഷിസ്ഥലങ്ങളിൽ കൂടെ പോകുന്നവയുമാണ്. താരതമ്യേന മണ്ണു കുറഞ്ഞ സ്ഥലങ്ങളും പാറയും മുൾച്ചെടികൾ തിങ്ങിനിൽക്കുന്ന ഒറ്റപ്പെട്ട സ്ഥലങ്ങളും കൃഷിസ്ഥലത്തെ ഒരു സാധാരണ കാഴ്ചയാണവിടെ. ഈ ദൈനംദിനകാഴ്ചയെ തന്റെ കേൾവിക്കാരുടെ മുൻപിൽ യേശു അവതരിപ്പിക്കുകയാണ്; ആത്മീയമായ ഒരു സന്ദേശത്തോടുകൂടി. വിത്തുമെടുത്ത് വിതയ്ക്കുവാൻ പോകുന്ന വിതക്കാരൻ. വിതയ്ക്കുന്നതിനിടയിൽ ചിലത് കൃഷിസ്ഥലത്തുകൂടെ കടന്നുപോകുന്ന റോഡിൽ വീണു. ചിലത് പാറയിൽ വീണു, മറ്റു ചിലതാകട്ടെ, മുൾച്ചെടിയുടെ ഇടയിലും. എന്നിരുന്നാലും വിത്തിന്റെ ഭൂരിപക്ഷവും വീണത് നല്ല സ്ഥലത്ത്!

യേശുതന്നെ ഈ ഉപമയുടെ അർത്ഥം വ്യാഖ്യാനിച്ചു കൊടുക്കുന്നുണ്ട്. വിത്ത് ദൈവവചനമാണ്. നാലു വ്യത്യസ്ത സ്ഥലങ്ങളിലാണ് വിത്ത് വീണത്. മണ്ണുമായി ബന്ധപ്പെടുന്നതിനുമുൻപുതന്നെ ആളുകൾ ചവിട്ടിക്കളയുകയും പക്ഷികൾ തിന്നുകളയുകയും ചെയ്തത് വഴിയരികിൽ വീണ വിത്താണ്. വചനം കേട്ടു. എന്നാൽ ഹൃദയത്തിൽ അത് സ്ഥാനം പിടിക്കുന്നതിനു മുൻപുതന്നെ പൈശാചിക ശക്തികൾ അതിനെ അടിമപ്പെടുത്തി. മറ്റൊരു കൂട്ടരെയാണ് പാറയിൽ വീണ വിത്ത് സൂചിപ്പിക്കുക. കേൾക്കുന്ന മാത്രയിൽ സന്തോഷത്തോടെ സ്വീകരിക്കും. പക്ഷെ ഉറപ്പില്ലാത്തതിനാൽ, ജീവിതത്തിൽ പ്രലോഭനങ്ങൾ വരുമ്പോൾ അതിനെ ഉപേക്ഷിക്കുന്നു. മൂന്നാമത്തെ കൂട്ടർ, ദൈവവചനം തങ്ങളുടെ ഹൃദയത്തിൽ തഴച്ചു വളരണമെന്നാഗ്രഹമുള്ളവരാണ്. എന്നാൽ മുള്ളുകളും ശക്തിയായി വളരുന്നതിനാൽ – ദൈവികമല്ലാത്തതായ എന്തും, മുള്ളുകളാണ് – അവ ചെടിയെ തളർത്തിക്കളയുന്നു. നല്ല സ്ഥലത്തുവീണ വിത്താകട്ടെ ഹൃദയശുദ്ധിയുള്ള ജീവിതങ്ങളെ സൂചിപ്പിക്കുന്നു; അഭിവൃദ്ധിയും സന്തോഷവും സമാധാനവും – അതായത് വിളവിന്റെ ഭാഷയിൽ പറഞ്ഞാൽ 30 ഉം 60 ഉം 100 ഉം മേനി വിളവുകൾ!

ഉപമയുടെ മർമ്മം ദൈവവചനവും അതിന്റെ സ്വാംശീകരണവുമാണ്. ജീവൻ നൽകുന്ന വചനമായ യേശുവിനെ, ജീവൻതന്നെയായ യേശുവിനെ എങ്ങനെയാണ് നാം നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുക? അടിസ്ഥാനപരമായ ഈ ചോദ്യത്തിന് നാം ഓരോരുത്തരും ഉത്തരം പറയേണ്ടവരാണ്. ദൈവവും പിശാചും, അതായത്

www.malankaralibrary.com



നന്മയും തിന്മയും, ഒന്നിച്ച് പോകുന്നതല്ല. നല്ല ചെടിയും മുൾച്ചെടിയും ഒന്നിച്ചു കുറേക്കാലം വളരുന്നു. എന്നാൽ ഫലം പുറപ്പെടുവിക്കുന്നതിനു വളരെ മുൻപുതന്നെ മുള്ള് ചെടിയെ ഞെരുക്കിക്കളയും. യേശുവിനെ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ, നമ്മുടെ നാഥനും കർത്താവുമായി ഏറ്റുപറയണമെങ്കിൽ മറ്റൊരു കർത്താവും നമുക്കുണ്ടാകുവാൻ പാടില്ല. നാം ദൈവത്തെ സ്വീകരിക്കുന്നതനുസരിച്ച് പിശാച് നമ്മിൽനിന്ന് അകന്നുകൊണ്ടേയിരിക്കും.

വിതക്കാരന്റെ ഉപമ ഇന്ന് യേശു നമ്മോട് വിശദീകരിച്ചാൽ നാം അതിനോട് എങ്ങനെ പ്രതികരിക്കും? മേൽപ്പറഞ്ഞ നാലു സ്ഥലങ്ങളിൽ എവിടെയായിരിക്കും നമ്മുടെ ജീവിതത്തിന്റെ സ്ഥാനം? നമ്മുടെ ജീവിതത്തിലെ മുള്ളുകളും തടസ്സങ്ങളും നീക്കി ദൈവത്തിന് നമ്മിൽ വസിക്കുവാൻ പര്യാപ്തമായ രീതിയിൽ നമുക്ക് നമ്മെത്തന്നെ ഒരുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

*Homily - Vatican Radio - on Lk 8/4-15*
*..................................................................on 17th July 1994*

www.malankaralibrary.com

# 6

## ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗം

മലങ്കരസഭയിൽ ഇത് വി. ശ്ലീഹന്മാരുടെ ബഹുമാനാർത്ഥം ആചരിക്കപ്പെടുന്ന ശ്ലീഹാനോമ്പിന്റെ കാലമാണിത്. മലങ്കര ഓർത്ത ഡോക്സ്, യാക്കോബായ സഭകളിലും മലങ്കര കത്തോലിക്കാസഭ യിലും ഈ നോമ്പു ഭക്തിനിർഭരമായി ആചരിച്ചുവരുന്നു. ഈ നോമ്പും ഈ കാലയളവിലെ വേദവായനകളും പ്രാർത്ഥനകളും നമ്മെ അനുസ്മരിപ്പിക്കുന്ന സന്ദേശം ഇതാണ്. സർവ്വസംഗപരിത്യാഗിക ളായി യേശുവിനെ അനുഗമിക്കുകയും അവിടുത്തെ തങ്ങളുടെ നാഥനും ഗുരുവും കർത്താവുമായി ഏറ്റുപറയുകയും, അവിടുത്തോ ടുള്ള വിശ്വസ്തതയിൽ അനുദിനം വളരുകയും ചെയ്ത വി. ശ്ലീഹ ന്മാരെ നമ്മുടെ ജീവിതത്തിൽ നാം അനുധാവനം ചെയ്യുക. ത്യാഗം ആവശ്യപ്പെടുന്ന ഈ അനുധാവനമാകട്ടെ, ക്രിസ്തീയ പരിപൂർണ്ണ തയ്ക്ക് അവശ്യം ആവശ്യവുമാണ്.

ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങളെക്കുറിച്ച് വി. ലൂക്കാ സുവിശേഷകൻ തന്റെ 9-ാമദ്ധ്യായം 57 മുതൽ 62 വരെയുള്ള വാക്യ ങ്ങളിൽ വിശദീകരിക്കുന്ന വേദഭാഗമാണ് നമ്മുടെ ഇന്നത്തെ പരിചി ന്തന വിഷയം.

യേശു ജറുസലേമിലേക്ക് പോവുകയാണ്. പോകുന്നവഴി, അവന്റെ പിന്നാലെ കൂടിയിരുന്ന ഒരുവൻ യേശുവിനോട് പറഞ്ഞു:

www.malankaralibrary.com



''നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും". യേശു പറഞ്ഞു. "കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രന് തല ചായിക്കാൻ ഇടമില്ല." മറ്റൊരുവനോട് അവൻ പറഞ്ഞു: "എന്നെ അനുഗമിക്കുക". അവന്റെ ഒഴികഴിവ് ശ്രദ്ധിക്കുക: "കർത്താവേ, ഞാൻ ആദ്യംപോയി എന്റെ പിതാവിനെ സംസ്കരിക്കുവാൻ അനുവദിച്ചാലും". യേശുവിന്റെ ഉത്തരം കേൾക്കുക: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. നീ പോയി ദൈവരാജ്യം പ്രസംഗിക്കുക". മൂന്നാമതൊരുവൻ കയറിപ്പറഞ്ഞു "കർത്താവേ ഞാൻ നിന്നെ അനുഗമിക്കാം; പക്ഷെ ആദ്യം പോയി എന്റെ വീട്ടുകാരോടു വിടവാങ്ങാൻ അനുവദിക്കണം." യേശുവിന്റെ ഉത്തരം: "കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിന് യോഗ്യനല്ല".

ജറുസലേമിലേക്കുള്ള യേശുവിന്റെ യാത്രയ്ക്ക് ആഴമേറിയ അർത്ഥമുണ്ടെന്നാണ് വേദപുസ്തകവ്യാഖ്യാതാക്കളുടെ അഭിപ്രായം. ജറുസലേമിലേക്കുള്ള വഴി കുരിശിന്റെ വഴിയാണ്; യേശുവിന്റെ ഉത്തരങ്ങളെല്ലാം ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. യേശുവിന്റെ അനുയായിക്ക്, ക്രിസ്ത്യാനിക്ക്, സത്യാന്വേഷകന് പോകേണ്ട വഴി കുരിശിന്റെ വഴിയാണ്. വൈവിദ്ധ്യമാർന്ന മനോഭാവത്തോടെ യേശുവിനെ അനുഗമിക്കുവാൻ ശ്രമിക്കുന്ന ആളുകളെയാണ് ഇന്നത്തെ സുവിശേഷത്തിലെ വ്യക്തികൾ പ്രതിനിധാനം ചെയ്യുന്നത്. ത്യാഗം ഇല്ലാതെ സ്നേഹിക്കുവാൻ സാദ്ധ്യമല്ല. യേശുതന്നെ പറഞ്ഞിട്ടുണ്ടല്ലോ, "കർത്താവേ, കർത്താവേ, എന്ന് വിളിക്കുന്നവനല്ല, എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുക"യെന്ന്. എന്താണ് പിതാവിന്റെ ഇഷ്ടം. സ്നേഹിക്കുക. എല്ലാവരേയും സ്നേഹിക്കുക. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുക.

ഭക്താഭ്യാസങ്ങളിൽ അതിരുകവിഞ്ഞ സന്തോഷവും ഉത്സാഹവും പ്രകടിപ്പിക്കുന്ന നാം, കഷ്ടപ്പാടുകൾ കാണുമ്പോൾ, നമ്മുടെ സുഖസൗകര്യങ്ങൾക്ക് അൽപ്പം കുറവു സംഭവിക്കുമ്പോൾ, ഭിന്നിച്ചിരിക്കുന്നവരുമായി രമ്യപ്പെടണമെന്ന് പറയുമ്പോൾ, ഉള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കേണ്ടിവരുമ്പോൾ, പിന്നോക്കം പോകുന്നുവെങ്കിൽ അതിന്റെ കാരണം ത്യാഗം അനുഭവിക്കാൻ അതായത് ആത്മാർത്ഥമായി സ്നേഹിക്കുവാൻ നാം ഇനിയും മനസ്സുവച്ചിട്ടില്ല എന്നതാണ്.

www.malankaralibrary.com



'കർത്താവേ, ഞാൻ ആദ്യം പോയി എന്റെ പിതാവിനെ സംസ്കരിക്കുവാൻ അനുവദിച്ചാലും'. എന്നാവശ്യപ്പെട്ടവനോട് യേശു പറയുന്ന ഉത്തരം ശ്രദ്ധേയമാണ്: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ. നീ പോയി ദൈവരാജ്യം പ്രസംഗിക്കുക. ബൈബിൾ പണ്ഡിതന്മാരുടെ അഭിമതത്തിൽ ചോദ്യകർത്താവിന്റെ പിതാവ് മരിച്ചിട്ടില്ല; വാർദ്ധക്യത്തിലാണ്. പിതാവിന്റെ മരണവും അടക്കവും ഒക്കെ ക്രമീകരിച്ചതിനുശേഷം; അതായത് നമ്മുടെ ഭാഷയിൽ പറഞ്ഞാൽ വീട്ടിലെ കാര്യങ്ങൾ ഒന്നൊതുക്കിയതിനുശേഷം യേശുവിനെ അനുഗമിക്കാം എന്നാണയാൾ പറഞ്ഞത്. ദൈവരാജ്യത്തിനുവേണ്ടി കുടുംബത്തെപ്പോലും ഉപേക്ഷിക്കുവാൻ തയ്യാറാകണമെന്നാണ് യേശുവിന്റെ മറുപടി. എന്നുവച്ചാൽ, ദൈവമായിരിക്കണം നമ്മുടെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്താൻ ത്യാഗപൂർണ്ണമായ ജീവിതമാണാവശ്യം. കാൽവരിമലയുടെ മുകളിൽ കുരിശുമരത്തിന്മേൽ മൂന്ന് ആണികളിൽ തൂങ്ങി, എനിക്കും നിങ്ങൾക്കും വേണ്ടി മരിച്ച യേശു ത്യാഗജീവിതമാണ് നമ്മോടാവശ്യപ്പെടുന്നത്.

സുവിശേഷഭാഗത്തിലെ ചോദ്യകർത്താക്കളിൽ ആരേയും യേശു തിരസ്ക്കരിക്കുന്നില്ലായെന്നത് ശ്രദ്ധേയമാണ്. ദൈവരാജ്യത്തെക്കുറിച്ചുള്ള അവരുടെ ദർശനത്തിന് യേശു പുതിയതും ആഴമേറിയതുമായ ഒരു ഭാഷ്യം നൽകി; തന്റെ പ്രബോധനത്തിലൂടെയും അതിന്റെ പൂർത്തീകരണമായ കുരിശുമരണത്തിലൂടെയും.

സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് ലോകത്തിന് കാട്ടിക്കൊടുത്ത യേശുവിന്റെ അനുയായികളായ നാം ഓരോരുത്തരും ഈ വലിയ സ്നേഹം, നമ്മുടെ കൊച്ചുകൊച്ചു ജീവിതങ്ങളിലൂടെ, അതിന്റെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും പേറിക്കൊണ്ടുതന്നെ, മറ്റുള്ളവരിലേക്ക് പ്രസരിപ്പിക്കുവാൻ കടപ്പെട്ടവരാണ്. ശ്ലീഹാനോമ്പിലെ സന്ധ്യാപ്രാർത്ഥനയുടെ ഒരു ഭാഗത്തേക്ക് നിങ്ങളെ ഞാൻ ക്ഷണിക്കട്ടെ.

> 'കർത്താവേ, വി. ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ, അവരെപ്പോലെ ഞങ്ങൾ ലോകത്തെയും അതിന്റെ മോഹങ്ങളെയും ജയിച്ച്, പരമാനന്ദകരമായ നിത്യജീവനെ ആഗ്രഹിപ്പാനും അതിനു അവകാശികളായി ഭവിക്കുവാനും യോഗ്യരായിത്തീ

www.malankaralibrary.com



രണമേ. ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടാതെ, ആത്മാവിനെയും ശരീരത്തെയും അഗ്നിനരകത്തിൽ ഇടുവാൻ കഴിയുന്നവനെ ഭയപ്പെടുവാനും, ശരീരത്തേക്കാൾ ആത്മാവിന്റെ വെടിപ്പിനേയും വിശുദ്ധിയെയും വിലമതിച്ച് ക്രിസ്തീയമായി ജീവിപ്പാനും, നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകട്ടെ.'

ശ്ലീഹാനോമ്പിന്റെ ഈ അവസരത്തിൽ വി. ശ്ലീഹന്മാരെപ്പോലെ, സുവിശേഷത്തിന്റെ വക്താക്കളായി, ജീവിക്കുന്ന സുവിശേഷങ്ങളായി, ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ യേശുവിനെ പിൻചെല്ലുവാൻ നമുക്ക് ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

*Homily - Vat ican Radio - on Lk 9/52-62*
*........................................................................on 25 - 06 -1994*

www.malankaralibrary.com

# 7

## ക്രൈസ്തവന്റെ ദൗത്യം

ദൈവത്തെക്കുറിച്ചും, മനുഷ്യനും ദൈവവുമായുള്ള ബന്ധത്തെക്കുറിച്ചും, ഈ ബന്ധം നിലനിർത്തുവാൻ നാം അനുവർത്തിക്കേണ്ട കടമകളെക്കുറിച്ചും ജനപദങ്ങളെ അറിയിക്കുന്നതിനായി ഏതാനും വ്യക്തികളെ ദൈവം തെരഞ്ഞെടുക്കുന്നതായി എല്ലാ മതങ്ങളിലും നാം കാണുന്നുണ്ട്. ഗോത്രപിതാവായ അബ്രഹാമും പ്രവാചകനായ മോശയും പഴയനിയമപുസ്തകത്തിൽ സ്ഥാനം പിടിച്ചത് ഈ തെരഞ്ഞെടുപ്പുമൂലമാണ്. ക്രൈസ്തവമതത്തിലേക്ക് കടക്കുമ്പോൾ ഈ തെരഞ്ഞെടുപ്പ് കൂടുതൽ വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ യഹോവയായ ദൈവം, നാമേവരുടെയും സ്നേഹപിതാവാണെന്ന് പ്രഘോഷിക്കുവാനും അത് സാക്ഷ്യപ്പെടുത്തുവാനും മനുഷ്യനായി അവതരിച്ച യേശു, താൻ ലോകത്തിന്, മനുഷ്യകുലത്തിന്, എന്നേക്കുമായി നൽകിയ സന്ദേശം സജീവമായി നിലനിർത്തുന്നതിനുവേണ്ടി പന്ത്രണ്ടു പേരെ അപ്പസ്തോലന്മാരായി തെരഞ്ഞെടുക്കുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. അങ്ങനെ സാക്ഷാൽ ദൈവംതന്നെയായ യേശുക്രിസ്തു നടത്തിയ ഈ തെരഞ്ഞെടുപ്പാണ് ക്രൈസ്തവസഭകളിലെ അനേകായിരം സുവിശേഷ പ്രവർത്തകർക്കും പുരോഹിതർക്കും സന്യസ്തർക്കും പ്രചോദനമായി ഭവിച്ചിരിക്കുന്നത്. യേശു നടത്തിയ ഈ തെരഞ്ഞെടുപ്പ് വി. മർക്കോസിന്റെ സുവിശേഷം 3-ാമദ്ധ്യായം 13 മുതൽ 19 വരെയുള്ള വാക്യ

www.malankaralibrary.com



ങ്ങളിൽ വിവരിക്കുന്നുണ്ട്. ഈ വേദഭാഗത്തെ ധ്യാനാത്മകമായി മനസ്സിലാക്കുവാൻ നമുക്ക് ശ്രമിക്കാം. സുവിശേഷഭാഗം ഇപ്രകാരമാണ് തുടങ്ങുക. "പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കുവാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു."

ദൈവികമായ ഈ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യമെന്തെന്ന് സുവിശേഷകൻ വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. തന്നോടുകൂടി ആയിരിക്കുക, വചനം പ്രസംഗിക്കുക, പിശാചുക്കളെ ബഹിഷ്ക്കരിക്കുക.

തന്റെ അനുയായികൾക്ക്, വിശിഷ്യാ താൻ പ്രത്യേകമായി പേരു ചൊല്ലി വിളിച്ച അപ്പസ്തോലസമൂഹത്തിന് കൊടുക്കുന്ന ആദ്യത്തെ നിർദ്ദേശം: **തന്നോടുകൂടി ആയിരിക്കുക** എന്നതാണ്. ദൈവസാന്നിദ്ധ്യത്തിൽ വസിക്കുക എന്നത് സന്തോഷപ്രദമായ അനുഭവമാണ്. ദൈവികതയ്ക്കെതിരായ യാതൊന്നിനും അവിടെ സ്ഥാനമില്ല. ദൈവത്തോടുകൂടി വസിക്കാത്തവന് ദൈവത്തെക്കുറിച്ച് പറയുവാൻ സാധിക്കുകയില്ല. ഇത് യേശുതന്നെ വി. യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ 5-ാം വാക്യത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു. ദൈവത്തോടുകൂടിയായിരിക്കുകയെന്നത് കൂടുതൽ ശോഭനമാകുന്നത് ഈ അനുഭവം മറ്റുള്ളവരിലേക്ക് വ്യാപിപ്പിക്കുമ്പോഴാണ്. പ്രാർത്ഥനയ്ക്കായി മലമുകളിലേക്ക് കയറിയ യേശു ജനമദ്ധ്യത്തിലേക്കിറങ്ങിവന്ന് അവരെ പഠിപ്പിച്ചത് ഇതാണ് വ്യക്തമാക്കുന്നത്.

സുവിശേഷം ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുകയെന്നതാണ് ഏതൊരു ക്രൈസ്തവന്റേയും കടമ. തന്റെ അപ്പസ്തോലസമൂഹത്തെ യേശു ഭരമേല്പിച്ച സുപ്രധാനമായ ദൗത്യവും അതുതന്നെയായിരുന്നു. വചനം എല്ലാവരേയും എല്ലായിടത്തും അറിയിക്കുക. സുവിശേഷവും സുവിശേഷവൽക്കരണവും ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണല്ലോ. സുവിശേഷം സജീവമാകുന്നതാണല്ലോ സുവിശേഷവൽക്കരണം. ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ അനേകായിരം ക്രൈസ്തവമിഷനറിമാർ യേശുവിന്റെ

www.malankaralibrary.com



സുവിശേഷം അറിയിക്കുന്നുണ്ട്. ഈ സുവിശേഷപ്രവർത്തനം വൈദികരുടെയോ സമർപ്പിതരുടെയോ ഏതാനും മിഷനറിമാരുടെയോ മാത്രം കടമയല്ല; മറിച്ച്, ഏതൊരു ക്രൈസ്തവന്റെയും ദൗത്യമാണ്. അപ്പസ്തോലന്മാർക്ക് യേശു നൽകിയ ഈ ദൗത്യത്തെ മൂന്നു തലങ്ങളിൽ കാണുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**1. ദൈവവചനത്തെ അറിയിക്കുക**

ഏതൊരു പ്രേഷിതന്റെയും പ്രഥമവും പ്രധാനവുമായ ദൗത്യം അറിയിക്കുകയെന്നതാണ്. ദൈവത്തെക്കുറിച്ച്, യേശുവെന്ന രക്ഷകനെക്കുറിച്ച്, അവിടുന്ന് നൽകിയ സനാതനമൂല്യങ്ങളെക്കുറിച്ച് ജാതി, മത, വർണ്ണ, ഭാഷാ, സംസ്കാരവ്യത്യാസമില്ലാതെ എല്ലാ ജനപദങ്ങളെയും അറിയിക്കുക. ജനപദങ്ങളോടുള്ള ഈ അറിയിപ്പ് നിർണ്ണായകമാണ്. സുവിശേഷത്തെ 'ലോകത്തിന് ജീവനും രക്ഷയും അറിയിച്ചത്' എന്നാണ് മലങ്കര ആരാധനക്രമത്തിൽ വിശേഷിപ്പിക്കുക. ദൈവത്തെപ്പറ്റി കേട്ടിട്ടില്ലാത്തവരെ, യേശുവിനെപ്പറ്റി അറിവില്ലാത്തവരെ, ദൈവരാജ്യത്തെപ്പറ്റി അജ്ഞരായിരിക്കുന്നവരെ, അത് അറിയിക്കുവാൻ നമുക്ക് കടമയുണ്ട്. പ്രഘോഷണവും വിശ്വാസവും അഭേദ്യമായി ബന്ധപ്പെട്ടതാണെന്ന് വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്കെഴുതിയ ലേഖനം 10-ാമദ്ധ്യായം 14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കുന്നുണ്ട്.

**2. സമൂഹത്തിന്റെ തെറ്റ് ചൂണ്ടിക്കാണിക്കുക**

ദൈവത്തെപ്പറ്റി അറിയിച്ചതിനുശേഷം ചെയ്യുവാനുള്ളത് തിന്മയിൽനിന്നും നന്മയിലേക്ക് തിരിക്കുവാൻ ശ്രദ്ധിക്കുക എന്നതാണ്. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ക്രൈസ്തവന്റെ വെല്ലുവിളികൾ ഏറെയാണ്. താൻ ജീവിക്കുന്ന സമൂഹത്തോട് ബന്ധമില്ലാതെയും ബന്ധപ്പെടാതെയും കഴിയുവാൻ ക്രൈസ്തവന് സാദ്ധ്യമല്ല. സ്വന്തം നേട്ടത്തിനുവേണ്ടി സഹോദരനെ തള്ളിപ്പറയുന്ന സ്വാർത്ഥതയ്ക്കെതിരെ, ജാതിയുടെയും, മതത്തിന്റെയും പേരിൽ ജനങ്ങളെ തമ്മിൽ കലഹിപ്പിക്കുന്നവർക്കെതിരെ, ശാസ്ത്രസാങ്കേതികവിദ്യകളുടെ വളർച്ചയുടെ പേരുപറഞ്ഞ് ദൈവികമൂല്യങ്ങളെ തിരസ്കരിക്കുന്ന പ്രവണതയ്ക്കെതിരെ, പ്രതികരിക്കുവാൻ പ്രേഷിതൻ തന്റെ അജഗണങ്ങളെ നിരന്തരമായി ആഹ്വാനം ചെയ്യണം. തെറ്റ് തെറ്റെന്ന് പറയുവാനുള്ള ചങ്കൂറ്റം പ്രേഷിതനുണ്ടായിരിക്കണം. ഇങ്ങനെ നേർവ

www.malankaralibrary.com



ഴിയിലൂടെ നയിക്കുന്ന ഒരു സമൂഹത്തിന് രൂപം കൊടുക്കുമ്പോൾ ദൈവരാജ്യം ഇവിടെ യാഥാർത്ഥ്യമായി.

### 3. സമൂഹത്തെ സ്ഥിരീകരിക്കുക

വചനംകേട്ട് നന്മയിലേക്ക് തിരിഞ്ഞവർക്ക് സ്ഥിരീകരണം ആവശ്യമാണ്. സഹജീവികളെ, സഹോദരരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാത്രമേ ഈ സ്ഥിരീകരണം നടക്കുകയുള്ളൂ. സഭകളിലും സമൂഹങ്ങളിലും കുടുംബങ്ങളിലും കണ്ടുവരുന്ന പല കുഴപ്പങ്ങൾക്കും കാരണം ഈ പ്രോത്സാഹനത്തിന്റെ അഭാവമാണ്. 'വെട്ടൊന്ന്, മുറി രണ്ട്" എന്ന പ്രമാണം നാം മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. പാപത്തെയാണ് നാം എതിർക്കേണ്ടത്. പാപം ചെയ്തവനെയല്ല. "മകളേ, നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിച്ചിരിക്കുന്നു. ഇനിമേൽ പാപം ചെയ്യരുത്" എന്നു പറഞ്ഞ യേശുവായിരിക്കണം നമ്മുടെ ആദർശരൂപം. ഈ ആദർശരൂപത്തെ അനുകരിക്കുവാൻ നാം ശ്രമിക്കുമ്പോൾ, സുവിശേഷം ഇവിടെ സജീവമായി. ദൈവത്തെ തേടുന്നവർക്ക് അത് ഒരു ചൂണ്ടുപലകയുമായി. അങ്ങനെ സുവിശേഷത്തെ, ദൈവം സ്നേഹമാകുന്നുവെന്ന സദ്വാർത്തയെ പ്രഘോഷിക്കുവാൻ നമുക്ക് ശ്രമിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*Homily - Vatican Radio - on Mk. 3/13-19*

*..........................................................................on 4. 6. 1994*

www.malankaralibrary.com

# 8

## സ്നേഹത്തിന്റെ കല്പന

ദൈവം ആരെന്നറിയുവാനുള്ള മനുഷ്യന്റെ ആഗ്രഹവും വ്യഗ്രതയും ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. ദൈവത്തെ ചിത്രീകരിക്കുവാൻ അവൻ കണ്ടുപിടിച്ച അടയാളങ്ങളും പ്രതീകങ്ങളും വിവരണങ്ങളും എല്ലാ മതങ്ങളിലും മതഗ്രന്ഥങ്ങളിലും സുലഭവുമാണ്. പ്രവാചകന്മാരിലൂടെയും ന്യായാധിപന്മാരിലൂടെയും രാജാക്കന്മാരിലൂടെയും പഴയനിയമകാലത്ത് യഹോവയായ ദൈവം തന്നെക്കുറിച്ച് സംസാരിച്ചുവെങ്കിൽ, അതിന്റെ പൂർത്തീകരണമെന്നോണം, തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെ അവിടുന്ന് സംസാരിച്ചിരിക്കുന്നു. ദൈവം താൻ ആരെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ക്രൈസ്തവദർശനത്തിൽ ഇതാണ് ദൈവികവെളിപ്പെടുത്തലിന്റെ പാരമ്യം. ഈ വെളിപ്പെടുത്തലാണ് സുവിശേഷമായി നമുക്ക് ലഭിച്ചിരിക്കുന്നത്. ഈ സുവിശേഷമാകട്ടെ ദൈവം സ്നേഹമാകുന്നു എന്ന സദ്വാർത്തയുടെ ദൃഷ്ടാന്തവും അതിന്റെ പ്രഘോഷണവുമാണ്.

ഇന്നത്തെ നമ്മുടെ വിചിന്തനം വി. യോഹന്നാന്റെ സുവിശേഷം 14-ാമദ്ധ്യായം 15 മുതൽ 24 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. 15-ാം വാക്യം ഇപ്രകാരമാണ്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും". വളരെ ലളിതമായ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ വാക്യം വി. യോഹന്നാൻ ആവർത്തിച്ചാവർത്തിച്ച് നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്, തന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും. എന്താണ് യേശുവിന്റെ

www.malankaralibrary.com



കല്പന? "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും."

ക്രൈസ്തവന്റെ അസ്തിത്വം, സമൂഹത്തിലുള്ള അവന്റെ സാന്നിദ്ധ്യം അറിയപ്പെടുന്നത് "സ്നേഹിക്കുക" എന്ന മുഖമുദ്രയിലൂടെയാണ്. നാമേവരും ഏറ്റവുമധികം ആഗ്രഹിക്കുന്നതും ഈ സ്നേഹത്തിനു വേണ്ടിയാണ്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള മനുഷ്യന്റെ അദമ്യമായ അഭിലാഷം വാക്കുകളാൽ വിവരിക്കുക അസാദ്ധ്യം! കർത്താവായ യേശുക്രിസ്തു ഈ സ്നേഹത്തിന് ഒരു പുതിയ ഭാഷ്യം നൽകി! അത് വചനത്തിലും പ്രവൃത്തിയിലും അവതരിപ്പിച്ചു. തന്റെ അനുയായികളെ തിരിച്ചറിയുവാൻ ഒരു അടയാളവും അവിടുന്നു നൽകി: "പരസ്പരം സ്നേഹിക്കുന്നവർ"!

ഈ സ്നേഹത്തിൽ നിന്നുത്ഭവിക്കുന്നതാണ് നമ്മുടെ പ്രാർത്ഥനയും സുകൃതപ്രവൃത്തികളും. മഹിമയ്ക്കും പദവിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ, ആത്മാർത്ഥതയും സ്നേഹവുമൊക്കെ 'ഡിപ്ലോമസി'ക്കും 'അഡ്ജസ്റ്റ്മെന്റിനു'മൊക്കെ വഴിമാറിപ്പോകുന്നത് നമ്മുടെ സമൂഹത്തിൽ നാം കാണുന്നുണ്ട്. നമ്മുടെ ബന്ധങ്ങളിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കാം. പരാജയങ്ങൾ സംഭവിക്കാം; കാരണം നാം ബലഹീനരാണ്. പക്ഷേ നമ്മുടെ ബലഹീനതയിൽ നമ്മെ കൈപിടിച്ചുയർത്തുവാൻ സമീപത്ത് ഒരു മദ്ധ്യസ്ഥൻ നമുക്കുണ്ട്. കർത്താവായ യേശുക്രിസ്തു. നാം അവിടുത്തോട് സഹകരിക്കണമെന്നു മാത്രം. അങ്ങനെ അവിടുത്തോട് നാം സഹകരിക്കുമ്പോൾ മറ്റുള്ളവരെ ആദരിക്കുവാൻ, അവരെ നോക്കി പുഞ്ചിരിക്കുവാൻ, സ്നേഹിക്കുവാൻ നമുക്ക് സാധിക്കും. സ്നേഹിക്കുകയെന്നത് ക്രൈസ്തവന് ഔദാര്യമല്ല. പ്രത്യുത, കടമയാണ്. ദൈവികമായ ഈ കടമ പാലിക്കുവാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ, ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല" എന്ന വി. യോഹന്നാന്റെ രണ്ടാം ലേഖനത്തിന്റെ 20-ാം വാക്യം തന്നെ നമ്മുടെ വിധി

www.malankaralibrary.com



കർത്താവായിരിക്കും. ഇതു പറയുമ്പോൾ ഒരു കഥ എന്റെ ഓർമ്മയിൽ വരുന്നു. ഒരു ഗ്രാമീണ ഇടവക! ഇടവകപ്പള്ളി വളരെ പഴയതാണ്. പള്ളിയൊന്ന് പുതുക്കി പണിതാലോ? വികാരിയച്ചന് ഒരാശയം! ഇടവക കമ്മറ്റിയുടെ സമ്മതവും ഇടവകജനങ്ങളുടെ സഹകരണവും കൂടിയായപ്പോൾ അതൊരു യാഥാർത്ഥ്യമായി മാറി. ദൈവാലയവെഞ്ചരിപ്പിന്റെ തീയതി നിശ്ചയിച്ചു. ഒരു കാര്യംകൂടി വേണം! കുരിശിന്റെ വഴിയുടെ 14 ഫോട്ടോകൾ ഇനിയും വാങ്ങിയിട്ടില്ല. ഇടവകയിലെ സ്ത്രീസമാജക്കാർ അത് വാങ്ങിക്കാമെന്നേറ്റത് എല്ലാവർക്കും ആശ്വാസമേകി. അങ്ങനെ കുരിശിന്റെ വഴിയും പ്രതിഷ്ഠിതമായി. ദൈവാലയ വെഞ്ചരിപ്പും പരിപാടികളും അതിഗംഭീരമായിരുന്നു. അജപാലകനും അജഗണത്തിനും ഒന്നുപോലെ അഭിമാനവും ആശ്വാസവും! വർഷങ്ങൾ കടന്നുപോയി. പുതിയ വികാരിയച്ചൻ വന്നു. ആ ഇടവകയിൽ ദിവസവും വി. കുർബാനയ്ക്ക് വരുന്ന ഒരു ഭക്തസ്ത്രീയുണ്ട്. വി. കുർബ്ബാനയ്ക്കുശേഷം എല്ലാദിവസവും കുരിശിന്റെ വഴി നടത്തിയതിനുശേഷമേ അവർ വീട്ടിലേക്കു പോകൂ. ഈ സ്ത്രീ നടത്തുന്ന കുരിശിന്റെ വഴിയുടെ പ്രത്യേകത പലരും ശ്രദ്ധിച്ചിട്ടുണ്ട്. അതായത് നമ്മുടെ കഥാനായിക 11-ാം സ്ഥലത്തുനിന്നും 13-ാം സ്ഥലത്തേക്ക് ഒരോട്ടമാണ്. 12-ാം സ്ഥലത്ത് നോക്കുന്നുപോലുമില്ല. കപ്യാർ ഈ കാഴ്ച വികാരിയച്ചനു കാണിച്ചുകൊടുത്തു. ഒന്നുരണ്ടു ദിവസം അച്ചനും അതു ശ്രദ്ധിച്ചു. "എന്തുകൊണ്ടാണ് 12-ാം സ്ഥലത്ത് മുട്ടുകുത്തി പ്രാർത്ഥിക്കാത്തത്?" കുരിശിന്റെ വഴി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന നമ്മുടെ കഥാനായികയോട് അച്ചൻ ചോദിച്ചു. "അച്ചോ, ഇത്രയും കാലം ഞാൻ അവളുടെ മുൻപിൽ മുട്ടുകുത്തിയിട്ടില്ല. ഇനിയൊട്ടു മുട്ടുകുത്താൻ മനസ്സുമില്ലാ." അച്ചന് ഒന്നും മനസ്സിലായില്ല. 12-ാം സ്ഥലത്തെ ഫോട്ടോ അവനും അവളുമൊന്നും അല്ലാ, കർത്താവീശോമിശിഹാ കുരിശിൽ തൂങ്ങിമരിക്കുന്ന രംഗമാണ്. കൂടുതൽ ചോദിച്ചപ്പോഴാണ് അച്ചന് കാര്യം മനസ്സിലായത്. 12-ാം സ്ഥലത്തെ ഫോട്ടോ പള്ളിക്ക് സംഭാവനകൊടുത്തത് നമ്മുടെ ഭക്തസ്ത്രീയുടെ അയൽക്കാരിയായിരുന്നു. അതാണ് 12-ാം സ്ഥലത്ത് മുട്ടുകുത്താത്തതിന്റെ കാരണം.

ഓരോരോ കാരണം പറഞ്ഞ് നമ്മുടെ ജീവിതമാകുന്ന കുരിശിന്റെ വഴിയിലെ എത്രയോ സ്ഥലങ്ങൾ നാം ഒഴിവാക്കിയിരിക്കുന്നു. ഈ ഒഴിവാക്കൽ നമ്മുടെ അഹങ്കാരം മൂലമാകാം, അസൂയമൂലമാകാം, ദുരഭിമാനം മൂലമാകാം, നമ്മുടെ സ്വഭാവത്തിന്റെ പ്രത്യേകത

www.malankaralibrary.com



കൾ മൂലമാകാം. എന്നാൽ നാം ഓർമ്മിക്കുക; ദൈവം എന്നെയും നിന്നെയും സ്നേഹിച്ചതും സ്നേഹിക്കുന്നതും അളവുകളില്ലാതെയാണ്. അളവുകളില്ലാത്ത ഈ സ്നേഹം പ്രാവർത്തികമാക്കുവാൻ പൗലോസ് അപ്പസ്തോലൻ നൽകുന്ന ഉപദേശമിതാണ്. മാത്സര്യമോ വ്യർത്ഥാഭിമാനമോമൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച് മറ്റുള്ളവരുടെ താൽപര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ (ഫിലിപ്പി. 2 : 3-4).

അങ്ങനെ, സ്നേഹിക്കുകയെന്ന ദൈവികാഹ്വാനം പ്രാവർത്തികമാക്കുവാൻ, അനുഭവമാക്കുവാൻ നമുക്ക് ശ്രമിക്കാം; ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

*Homily - Vatican Radio on St. Jn. 14/15 - 24*
*..............................................................................on 14-05-1994*

www.malankaralibrary.com

# 9

## സൗഖ്യദായകനായ യേശു

"ധ്യാനദിവസങ്ങളിൽ രോഗികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്." "ധ്യാനത്തിന്റെ അവസാനദിവസം രോഗശാന്തി ശുശ്രൂഷയുണ്ടായിരിക്കുന്നതാണ്." ധ്യാനയോഗങ്ങൾ, ബൈബിൾ കൺവൻഷനുകൾ ഇവയുടെ നോട്ടീസുകളിൽ പ്രത്യേകം രേഖപ്പെടുത്താറുള്ള അറിയിപ്പുകളാണിവ. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നത് ഇത്തരം യോഗങ്ങളുടെ അവിഭാജ്യഘടകമായി മാറിയിരിക്കുകയുമാണ്. ധാരാളം ആളുകൾ രോഗശാന്തിക്കായി ഈ ശുശ്രൂഷകളിൽ സംബന്ധിക്കാറുണ്ട്. അങ്ങനെ രോഗശാന്തി ലഭിച്ചവരുടെ സാക്ഷ്യപ്പെടുത്തൽ കേൾക്കുവാൻ ഇടയായിട്ടുമുണ്ട്. ഒരു കാര്യം വ്യക്തമാണ്. ഹൃദയസമാധാനത്തിനും രോഗശാന്തിക്കുമായി ദൈവസന്നിധിയിലേക്ക് തിരിയുന്നവരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്; പ്രത്യേകിച്ച് നമ്മുടെ കേരളത്തിൽ.

മലങ്കരസഭയിൽ, നോമ്പിലെ അഞ്ചു ഞായറാഴ്ചകളിൽ വായിക്കപ്പെടുന്ന സുവിശേഷഭാഗങ്ങളിൽ സൗഖ്യദായകനായ യേശുവിനെയാണ് ചിത്രീകരിക്കുക. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന യേശു; തളർവാതരോഗിക്ക് സൗഖ്യം നൽകുന്ന യേശു; തന്റെ മകളെ പിശാചുബാധിച്ചതിൽ മനംനൊന്ത് തന്റെ പക്കലെത്തിയ സീറോ-ഫിനീഷ്യൻ സ്ത്രീയെ ആശ്വസിപ്പിച്ച യേശു, കാനാൻകാരിയുടെ മനോവിഷമത്തിന്റെ കാരണം അകറ്റിക്കൊടുത്ത യേശു, ജന്മനാ അന്ധനായിരുന്നവന് കാഴ്ച പ്രദാനം ചെയ്ത യേശു നമ്മെ ബാധിച്ചിരിക്കുന്ന വിവിധങ്ങളായ രോഗങ്ങൾക്ക് ശാന്തി പകരുവാൻ യേശു

www.malankaralibrary.com



വെന്ന ഉത്തമവൈദ്യന് കഴിയും എന്ന സത്യം ഈ വേദവായനകൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

നോമ്പിന്റെ ഈ മൂന്നാം ഞായറാഴ്ചയിൽ യേശു നൽകിയ ഒരു രോഗശാന്തിയെക്കുറിച്ച് വി. മർക്കോസ് തന്റെ സുവിശേഷത്തിൽ രണ്ടാമദ്ധ്യായം ഒന്നുമുതൽ 12 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നുണ്ട്. സംഭവസ്ഥലം കഫർണ്ണായിലെ ഒരു വീടും അതിന്റെ പരിസരവും! വീടും പരിസരവും ജനങ്ങളെക്കൊണ്ട് നിറഞ്ഞു. യേശു വീട്ടിലുണ്ട് എന്നതാണ് കാരണം. യേശു അവരോട് വചനം പ്രസംഗിക്കുകയാണ്! നാലുപേർകൂടി ഒരു തളർവാതരോഗിയെ അവിടെ കൊണ്ടുവരുന്നു. അവർക്ക് ഒരാഗ്രഹമേയുള്ളൂ. എങ്ങനെയെങ്കിലും ഇവനെ യേശുവിന്റെ മുൻപിൽ എത്തിക്കണം. പക്ഷെ നടക്കുമെന്ന് തോന്നുന്നില്ല, കാരണം ജനം ഇടിച്ചുകയറുകയാണ്. ഇനി ഒറ്റവഴിയേയുള്ളൂ. വീടിന്റെ മേൽക്കൂര പൊളിക്കുക; രോഗിയെ കിടക്കയോടെ യേശുവിന്റെ പക്കലേക്കിറക്കുക. അവർ അങ്ങനെതന്നെ ചെയ്തു. അവരുടെ വിശ്വാസം കണ്ട യേശു പറഞ്ഞു: "മകനെ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" ഇതു കേട്ടമാത്രയിൽ യേശുവിന്റെ മുൻപിലിരുന്ന നിയമജ്ഞരുടെ മുഖത്ത് അമർഷം: പാപങ്ങൾ മോചിക്കുവാൻ ഇവനാര്, ദൈവമോ? അവരുടെ ഉള്ളിലിരുപ്പ് യേശുവിന് മനസ്സിലായി. തളർവാതരോഗിയോട് കിടക്കയുമെടുത്ത് വീട്ടിലേക്ക് പോകുവാൻ യേശു ആജ്ഞാപിക്കുന്നു. പരസഹായത്താൽ യേശുവിന്റെ പക്കലെത്തിയ തളർവാതരോഗി. പരസഹായമില്ലാതെ തന്നെ കിടത്തിക്കൊണ്ടുവന്ന കിടക്കയുമെടുത്ത് വീട്ടിലേക്ക് പോകുന്നു. കണ്ടുനിന്നവർ വിസ്മയിച്ചുപോയതിൽ അതിശയിക്കാനൊന്നുമില്ലല്ലോ. അവരെല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി.

പഴയനിയമപശ്ചാത്തലത്തിൽ, പാപവും രോഗവും ക്ഷമയും സൗഖ്യവും അന്യോന്യം ബന്ധപ്പെട്ട പദങ്ങളാണ്. ദൈവം ക്ഷമിച്ചുവെന്നതിന്റെ പ്രത്യക്ഷ അടയാളമായിട്ടാണ് രോഗശാന്തിയെ അവർ മനസ്സിലാക്കിയിരുന്നത്. 103-ാം സങ്കീർത്തനത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: "അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു; നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു". രോഗവും ദുരിതവും മരണവും മനുഷ്യന്റെ പാപത്തിന്റെ പരിണതഫലങ്ങളായിട്ടാണ് പരിഗണിക്കപ്പെടുക. ഈ പശ്ചാത്തലത്തിൽ വേണം "മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന യേശുവിന്റെ വാക്കുകൾ മനസ്സിലാക്കുവാൻ.

www.malankaralibrary.com



രോഗത്തിലായിരിക്കുക ആരും ഇഷ്ടപ്പെടുന്ന കാര്യമല്ല. അതുളവാക്കുന്ന അസ്വസ്ഥതയ്ക്ക് പരിഹാരം കാണുക ക്ഷിപ്രസാദ്ധ്യവുമല്ല. പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് കുതിച്ചുപായുന്ന ഈ കാലഘട്ടത്തിൽ, രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും അവയ്ക്ക് പ്രതിവിധി നിർദ്ദേശിക്കുന്നതിനും അത്യന്താധുനിക ഉപകരണങ്ങളും അവയെ പ്രവർത്തനക്ഷമമാക്കാൻ ധാരാളം സ്പെഷ്യലിസ്റ്റുകളും സുലഭമാണ്. എന്നാൽ ഈ സംലഭ്യതയുടെ മദ്ധ്യത്തിലും പ്രതിവിധിയില്ലാത്ത രോഗങ്ങൾ വർദ്ധിക്കുന്നുവെന്നത് ഭീതിജനകമാണ്. രോഗവും അസ്വസ്ഥതയും അത് ശാരീരികമോ മാനസികമോ ആകട്ടെ, വേദന ഉളവാക്കുന്നവയാണ്. ഈ വേദന രോഗികൾക്കു മാത്രമല്ല അവരുമായി ബന്ധപ്പെടുന്നവർക്കും പ്രശ്നമാണ്. ശാരീരിക രോഗമെന്നതു പോലെയോ ഒരുപക്ഷേ അതിൽക്കൂടുതലായോ മാനസികമായ രോഗങ്ങളും സംഘർഷങ്ങളും വർദ്ധിച്ചുവരുന്ന ഒരു സ്ഥിതി വിശേഷവും നമ്മുടെ ശ്രദ്ധയിൽപ്പെടേണ്ടതാണ്. ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അകന്ന്, ഒറ്റപ്പെട്ട്, സ്വന്തം ബുദ്ധിവൈഭവത്തിലും സമ്പത്തിലും അമിതമായി ആശ്രയിച്ച്, താൻ കെട്ടിപ്പൊക്കിയ സാമ്രാജ്യത്തിൽ കഴിയുന്നവരെയാണ് ഈ രോഗങ്ങൾ കൂടുതലായി ബാധിക്കുന്നത്. ബന്ധങ്ങളിൽ — ദൈവവുമായോ സഹോദരങ്ങളുമായോ — വന്ന മുറിവുകളാണ് ഇതിനു കാരണം. സാക്ഷാൽ വൈദ്യനായ ദൈവത്തിലേക്ക് തിരിയുക മാത്രമാണ് ഇതിന് പ്രതിവിധി. നമ്മുടെ വേദനകളെ ശമിപ്പിക്കുവാൻ അവിടുത്തേക്ക് കഴിയും. മനസ്സിന്റെയും ആത്മാവിന്റെയും അസ്വാസ്ഥ്യങ്ങളെ ദൂരീകരിക്കുവാൻ അവിടുത്തേക്കു മാത്രമേ കഴിയുകയുള്ളൂ.

യേശു നടത്തിയ രോഗശാന്തി ശുശ്രൂഷയിലെ വിവിധ കഥാപാത്രങ്ങൾ നമുക്കു നൽകുന്ന സന്ദേശങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്.

- ദൈവത്തിലേക്ക് തിരിയുവാനുള്ള ആഹ്വാനം. നമ്മുടെ മാനസികവും ആത്മീയവും ശാരീരികവുമായ ബുദ്ധിമുട്ടുകളിൽ നമ്മുടെ രോഗങ്ങളേയും രോഗകാരണങ്ങളേയും അറിയുന്ന യേശുവെന്ന ഉത്തമനായ വൈദ്യന്റെ അടുക്കൽ എത്തുക. എന്നെ രക്ഷിക്കുവാൻ അവനു കഴിയും എന്ന ഉത്തമവിശ്വാസത്തോടുകൂടിയാണെങ്കിൽ രോഗശാന്തി നിശ്ചയം. തളർവാതരോഗി രക്ഷപ്പെട്ടതിന്റെ രഹസ്യം ഇതുതന്നെയാണ്.

www.malankaralibrary.com



- നാം നമ്മുടെ മാത്രം രോഗശാന്തിയിലും ആശ്വാസത്തിലും ഒതുങ്ങരുത്. മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളും ദുരിതങ്ങളും മനസ്സിലാക്കി അതിനനുസൃതം പ്രവർത്തിക്കുവാൻ നമുക്കു കഴിയണം. തളർവാതരോഗിയെ ചുമന്നുകൊണ്ടുവന്ന നാലുപേരുടെ മഹത്തായ സേവനവും അവർ നൽകുന്ന സന്ദേശവും നിസ്സാരമായി തള്ളരുത്. മറ്റുള്ളവരെ ദൈവസന്നിധിയിലേക്കാനയിക്കുക; പ്രത്യേകിച്ച്, നമ്മുടെ സഹായം കൂടുതൽ ആവശ്യമുള്ളവരെ. അത് പ്രാർത്ഥനയിലൂടെയാവാം; പരസ്നേഹ പ്രവൃത്തികളിലൂടെയാവാം; സന്മാർഗ്ഗോപദേശങ്ങളിലൂടെയാവാം; യഥാർത്ഥമായ ക്രിസ്തീയ ജീവിതസാക്ഷ്യത്തിലൂടെയാവാം.

- തളർവാതരോഗി സൗഖ്യപ്പെട്ടതിൽ ഒട്ടും സുഖിക്കാത്ത ഒരു കൂട്ടർ യേശുവിന്റെ മുൻപിൽ ഇരിപ്പുണ്ടായിരുന്നു, നിയമജ്ഞർ; നിയമം വ്യാഖ്യാനിക്കുന്നവർ. നന്മകണ്ടപ്പോൾ സന്തോഷിക്കുവാൻ മറന്നുപോയ കൂട്ടർ! അവരെ അലട്ടിയത് നൈയാമിക പ്രശ്നമായിരുന്നു. നന്മചെയ്യുവാൻ ഇവനാര്? പരസഹായത്തോടെ വന്ന തളർവാതരോഗി, തമ്പുരാനേ രക്ഷപ്പെട്ടല്ലോയെന്ന് ചിന്തിക്കുവാൻ അവർക്ക് കഴിഞ്ഞില്ലായെന്നതാണ് ഏറ്റം പരിതാപകരം. ഈ കഥാപാത്രങ്ങളെ അറിഞ്ഞോ അറിയാതെയോ നമ്മുടെ ജീവിതനാടകരംഗങ്ങളിൽ നാം അവതരിപ്പിക്കാറില്ലേയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു കാര്യം വ്യക്തമാണ്. നന്മ ദൈവത്തിൽനിന്നാണ്. ദൈവത്തിൽനിന്നു മാത്രമാണ് നന്മ വരിക. നന്മയിൽ സന്തോഷിക്കുന്നതും അതാഗ്രഹിക്കുന്നതും ദൈവികമാണ്. നന്മയിൽ സന്തോഷിക്കാത്ത മനസ്സ് ദൈവികമല്ല.

ദുഃഖങ്ങളും ദുരിതങ്ങളും നമ്മെ നിരാശയിലേക്കു നയിക്കുവാൻ ഇടം കൊടുക്കാതെ ദൈവത്തിന്റെ സന്നിധിയിലേക്ക് നമുക്ക് കടന്നുചെല്ലാം. മലങ്കരസഭയിൽ തിങ്കളാഴ്ചത്തെ സന്ധ്യാപ്രാർത്ഥന ക്രമത്തിൽ ഇങ്ങനെ ഒരു പ്രാർത്ഥനയുണ്ട്. "നാഥാ, എന്റെ ദുരിതം നീ ശ്രദ്ധിക്കണമേ. പലവിധമായ ദോഷകൃത്യങ്ങൾ ചെയ്ത് ഞാൻ നിന്നെ കോപിപ്പിച്ചു. എനിക്ക് യാതൊരു ശരണവുമില്ല. പല വൈദ്യന്മാരുടെയും അടുക്കൽ ഞാൻ പോയി. അവർ പല ഔഷധവും എനിക്കു നൽകി. എന്നാലും എനിക്കതുകൊണ്ട് യാതൊരു പ്രയോ

www.malankaralibrary.com



ജനവുമുണ്ടായില്ല; മാത്രമല്ല, എന്റെ വ്രണം കഠിനമായിത്തന്നെയിരിക്കുന്നു. നല്ലവനായ വൈദ്യാ, നിന്നെക്കുറിച്ചും നിന്റെ ഔഷധത്തിന്റെ മേന്മയെക്കുറിച്ചും ഞാൻ കേട്ടു. നിന്റെ പക്കൽ വരുന്നവൻ തീർച്ചയായും സൗഖ്യപ്പെടും".

ദൈവാശ്രയബോധത്തോടെ നമുക്കും ഈ പ്രാർത്ഥന ഉരുവിടാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*Homily - Vatican Radio on Mark 2/1-12*
*...........................................on 05-03-1994*

www.malankaralibrary.com

# 10

## നോമ്പിന്റെ ആന്തരാർത്ഥങ്ങൾ

മാനസാന്തരത്തിനുള്ള ദൈവികാഹ്വാനവുമായി വലിയ നോമ്പ് ഇതാ സമാഗതമായി! മലങ്കരസഭയുൾപ്പെടെയുള്ള പൗരസ്ത്യ സഭകൾ തിങ്കളാഴ്ച വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. അനുതാപത്തിന്റെയും തിരിഞ്ഞുനോട്ടത്തിന്റെയും പരിഹാരപ്രവൃത്തികളുടെയും കാലം; അതാണ് നോമ്പുകാലം. മലങ്കരസഭയിൽ വലിയ നോമ്പാരംഭിക്കുന്നത് സമാധാനശുശ്രൂഷയോടെയാണ്. ഈ ശുശ്രൂഷയിൽ വായിക്കപ്പെടുന്ന വേദഭാഗങ്ങളെ അവലംബമാക്കി, നോമ്പിന്റെ ഉള്ളർത്ഥങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ഈ സമയം നമുക്കുപയോഗിക്കാം.

വി. മത്തായിയുടെ സുവിശേഷം 4-ാമദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ യേശു നാൽപ്പതുദിവസം ഉപവസിക്കുന്നതായും അതിനുശേഷം തന്നെ നേരിട്ട പരീക്ഷകനെ അതിജീവിക്കുന്നതായും നാം വായിക്കുന്നുണ്ട്. വിശന്നിരുന്ന യേശുവിന്റെ മുൻപിൽ, ആ അവസരം പാഴാക്കാതെ, പ്രലോഭകൻ വളരെ ആകർഷണീയമായ രീതിയിൽ തന്റെ ആദ്യത്തെ അടവ് പുറത്തിറക്കുന്നു. കല്ലുകൾ അപ്പമാക്കുന്നതുകൊണ്ട് ആർക്കെങ്കിലും നഷ്ടമുണ്ടോ? അതു മാത്രമല്ല, കഴിഞ്ഞ നാൽപ്പതുദിവസമായി യേശു ഒന്നും കഴിച്ചിട്ടില്ല. പക്ഷേ, വിശപ്പു സഹിച്ചുകൊണ്ടുതന്നെ യേശു മറുപടി പറഞ്ഞു: “മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന വചനംകൊണ്ടുകൂടിയാണ് ജീവിക്കുന്നത്. തുടർന്നുള്ള പരീക്ഷണ

www.malankaralibrary.com



ങ്ങളെയെല്ലാം യേശു അതിജീവിക്കുന്നതായും സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ദൈവത്തിങ്കലേക്കുള്ള നമ്മുടെ ജീവിതമാകുന്ന തീർത്ഥയാത്രയിൽ നാം നേരിടുന്ന പലവിധ പ്രലോഭനങ്ങളുടെ പ്രതീകങ്ങളാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്ന പരീക്ഷണങ്ങൾ. ദൈവത്തിന്റെ സ്ഥാനത്ത് പിശാച് കയറിപ്പെടുവാൻ ശ്രമിക്കുന്നു. അത് നാം വിശന്നിരിക്കുമ്പോഴാകാം. എന്നുവച്ചാൽ ജീവിതത്തിന്റെ സാമ്പത്തികവും സാമൂഹ്യവും മാനസികവും ശാരീരികവും ആത്മീയവുമായ പ്രശ്നങ്ങളുടെ പിരിമുറുക്കത്തിൽ കഴിയുമ്പോൾ; നമ്മെ സഹായിക്കുന്ന സ്നേഹിതനെന്ന വ്യാജേന പ്രലോഭകൻ കടന്നുവരും. അവന്റെ വാക്കിൽ നാം മയങ്ങിയാൽ, നാം ജീവിതത്തിൽ കൊടുക്കേണ്ടിവരുന്നത് വലിയ വിലയായിരിക്കും. പിശാചിനെ നാം ഇപ്പോഴും മനസ്സിലാക്കുന്നത് പരമ്പരാഗതമായി നമ്മുടെ മനസ്സിലേക്കു കടന്നുവന്നിട്ടുള്ള ഒരു പ്രത്യേകജീവിയുടെ രൂപത്തിലാണ് എങ്കിൽ നമുക്ക് തെറ്റുപറ്റി. ദൈവത്തിനും ദൈവികമൂല്യങ്ങൾക്കും എതിരായി നിൽക്കുന്നതെന്തും, അത് വ്യക്തികളായാലും ദർശനങ്ങളായാലും പ്രത്യയശാസ്ത്രങ്ങളായാലും പൈശാചികമാണ്. എന്നാൽ "സാത്താനേ ദൂരെപ്പോവുക; എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം: അവനെ മാത്രമേ നീ ആരാധിക്കാവൂ" എന്ന യേശുവിന്റെ ആജ്ഞ നമ്മുടേതായി മാറിയാൽ, നാം പ്രലോഭകനെ അതിജീവിച്ചു.

ദൈവത്തിങ്കലേക്കുള്ള നമ്മുടെ യാത്രയിലെ ഭക്ഷണവും പാനീയവുമാണ് നോമ്പും ഉപവാസവും; പ്രലോഭകനെ നേരിടുവാനുള്ള ആയുധവും കൂടിയാണത്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ സമൂഹം, വിവിധ സന്ദർഭങ്ങളിൽ നോമ്പും ഉപവാസവും അനുഷ്ഠിച്ചിരുന്നതായി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആർഷഭാരതത്തിൽ വളരെയധികം വിലമതിക്കപ്പെടുന്ന പുണ്യപ്രവൃത്തികളാണ് നോമ്പും ഉപവാസവും. ഏതെങ്കിലും നിയമത്താലോ പുരോഹിതന്മാരുടെ ആജ്ഞയാലോ അല്ലാ ഭാരതസംസ്ക്കാരത്തിൽ നോമ്പും ഉപവാസവും പ്രബലപ്പെട്ടത് എന്നത് പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതാണ്. പുണ്യപൂർണ്ണതയ്ക്കുള്ള വാതിലും ദൈവാനുഭവത്തിലേക്കു നയിക്കുന്ന പാതയുമാണ് ഭാരതീയന് നോമ്പും ഉപവാസവും. എന്നാൽ ക്രൈസ്തവസഭകളിൽ ഇന്ന്, നോമ്പും ഉപവാസവും പിഴ കൂടാതെ അനുഷ്ഠിക്കപ്പെടേണ്ട

www.malankaralibrary.com



ഒരു ശിക്ഷണക്രമമായി തരം താഴ്ന്നിട്ടില്ലേ എന്നു ചിന്തിക്കണം. നോമ്പിന്റെ ആത്മീയദർശനം നമുക്കു നഷ്ടപ്പെട്ടിട്ടില്ലേ? ദൈവതിരുമുമ്പിൽ സർവ്വവും പരിത്യജിച്ച് മുട്ടുമുടക്കുവാനുള്ള മനോഭാവവും ഉപവാസകാലങ്ങളിൽ പാവപ്പെട്ടവന് ദാനധർമ്മം ചെയ്യുവാനുള്ള സന്മനസ്സുമൊക്കെ നമ്മുടെ മനസ്സുകളിൽനിന്നും കുടുംബങ്ങളിൽനിന്നും അപ്രത്യക്ഷമാകുന്നില്ലേയെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ദൈവികബന്ധത്തിലേക്ക് കൂടുതൽ അടുക്കുവാൻ, ഓരോ ക്രൈസ്തവനും തന്നെത്തന്നെ ദൈവതിരുമുൻപിൽ ത്യാഗമനസ്സോടെ സമർപ്പിക്കുവാൻ നോമ്പുകാലം നമ്മോടാവശ്യപ്പെടുന്നു. ഭക്ഷണത്തെ സംബന്ധിച്ച് ശുദ്ധമെന്നും അശുദ്ധമെന്നുമുള്ള വ്യത്യാസം ക്രൈസ്തവദർശനത്തിലില്ല. ഭക്ഷണപദാർത്ഥങ്ങളെ വെടിയുക എന്നതിലൂടെ ജഡത്തിന്റെ അഭിലാഷങ്ങളെ നിയന്ത്രിച്ച് ആത്മാവിൽ ബലപ്പെടുക എന്നതാണ് ലക്ഷ്യം വയ്ക്കുക.

നമ്മുടെ മനസ്സിൽനിന്നും മനോഭാവത്തിൽനിന്നും വിദ്വേഷവും കോപവും വെടിഞ്ഞ്, ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെടുക, ഈ ഹൃദയപരിവർത്തനമാണ് നമുക്കിന്നാവശ്യമായിരിക്കുന്നത്. നോമ്പിന്റെ ആരംഭത്തിൽ നടത്തപ്പെടുന്ന സമാധാനശുശ്രൂഷയിലെ പ്രാർത്ഥന ഇത് വ്യക്തമാക്കുന്നു. പുരോഹിതൻ വിശ്വാസികളുടെ സമൂഹത്തോട് ഇപ്രകാരം അപേക്ഷിക്കുന്നു: "സഹോദരരേ, മിശിഹായെ പ്രതി നിങ്ങൾ എന്നോട് ക്ഷമിക്കുവിൻ. ഞാൻ നിങ്ങളോട് തെറ്റു ചെയ്തു. നിങ്ങളുടെ മുൻപാകെ ഞാൻ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. തകർന്ന ഹൃദയത്തോടും സമർപ്പണമനസ്സാക്ഷിയോടുംകൂടെ നിങ്ങളെല്ലാവരുടെയും മുൻപിൽ, നിങ്ങളുടെ സ്നേഹത്തോട് ഞാൻ അഭ്യർത്ഥിക്കുന്നു; വരുവിൻ നമുക്ക് അന്യോന്യം രമ്യമാകാം". തുറന്ന മനസ്സോടെ സഹോദരങ്ങളുമായി ബന്ധപ്പെടുക; അതുവഴി ദൈവവുമായും. സഹോദരനെ മറന്നോ മറികടന്നോ ദൈവത്തെ പ്രാപിക്കാമെന്ന് ഞാനും നിങ്ങളും ധരിക്കുന്നുണ്ടെങ്കിൽ നമുക്കു തെറ്റുപറ്റി; തീർച്ചയാണ്. പ്രഭാഷകന്റെ പുസ്തകം 28-ാമദ്ധ്യായം 2-ാം വാക്യത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: "അയൽക്കാരന്റെ തിന്മകൾ ക്ഷമിച്ചാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ പാപങ്ങളും ക്ഷമിക്കപ്പെടും. അയൽക്കാരനോട് പക വച്ചുപുലർത്തുന്നവന് കർത്താവിൽനിന്ന് കരുണ പ്രതീക്ഷിക്കാമോ? തന്നെപ്പോലെയുള്ളവനോട് കരുണ കാണിക്കാത്തവൻ പാപമോച

www.malankaralibrary.com



നത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതെങ്ങനെ? പ്രഭാഷകന്റെ ഈ ചോദ്യങ്ങൾ പ്രസക്തമാണ്.

ഹൃദയപരിവർത്തനത്തിനുള്ള ആഹ്വാനവുമായി നമ്മെ സമീപിക്കുന്ന നോമ്പിനെ വെറും ബാഹ്യമായ അനുഷ്ഠാനമായി തരം താഴ്ത്തുന്നവർക്കെതിരെ ഇതാ പ്രവാചകന്റെ മുന്നറിയിപ്പ്: "ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയമാണ്; വസ്ത്രമല്ല കീറേണ്ടത്. നിങ്ങൾ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ" ജോയേൽ പ്രവാചകന്റെ വാക്കുകളാണിവ (2/12, 13).

അങ്ങനെ ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെട്ട മനസ്സിന്റെ ഉടമകളായി ഞാനും നിങ്ങളും മാറുമ്പോൾ, മാനസാന്തരത്തിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും സത്ഫലങ്ങൾ അനുഭവിക്കാൻ എനിക്കും നിങ്ങൾക്കും സാധിക്കും. ക്രിസ്തീയജീവിതത്തിന് അത് ഒരു ഉത്തമസാക്ഷ്യമായി നിലകൊള്ളുകയും ചെയ്യും. ഈ നോമ്പുകാലം അതിന് നമ്മെ പ്രാപ്തരാക്കട്ടെ!

*Homily in Vatican Radio on Mt. 4/1-11*
*.............................................................................on 12-02-1994*

www.malankaralibrary.com

# 11

## ഓശാന

ഘോഷയാത്രകളും സാംസ്ക്കാരികറാലികളും പാർട്ടിപ്രകടനങ്ങളും നമ്മുടെ നാട്ടിലെ ഒരു സാധാരണദൃശ്യമാണ്. ദിനപത്രങ്ങൾ ഈ പ്രകടനങ്ങളെ അലങ്കാരപ്രയോഗങ്ങൾകൊണ്ട് വീണ്ടും സജീവമാക്കും. "നഗരത്തെ പ്രകമ്പനം കൊള്ളിച്ച പ്രകടനം". "ഇതുപോലൊരു ഘോഷയാത്ര അടുത്തകാലത്ത് നഗരം കണ്ടിട്ടില്ല" എന്നു തുടങ്ങുന്ന ഭാഷാപ്രയോഗങ്ങൾ, റാലി സംഘടിപ്പിക്കുന്നവരുടെ വിലയും നിലയുമൊക്കെ അനുസരിച്ച് മാറിയും മറിഞ്ഞുമിരിക്കുമെന്നു മാത്രം.

ഇതിൽനിന്നും വ്യത്യസ്തമെങ്കിലും ഒരു ഘോഷയാത്രയുടെ ഓർമ്മ പുതുക്കുന്ന ആഘോഷദിനത്തിൽ നാം ഇതാ എത്തിയിരിക്കുന്നു! ഓശാന ഞായർ! കർത്താവായ യേശുക്രിസ്തു ജറുസലേമിലേക്ക് രാജകീയമായി പ്രവേശിച്ചതിന്റെ അനുസ്മരണ! ലോകത്തെമ്പാടുമുള്ള ക്രൈസ്തവസഭകൾ തങ്ങളുടെ ആരാധനാശുശ്രൂഷകളിലൂടെ ഈ സംഭവത്തെ വീണ്ടും സജീവമാക്കുന്നു. പൗരസ്ത്യസഭാവീക്ഷണത്തിൽ ഓശാന ഞായർ പീഡാനുഭവ ആഴ്ചയുടെ ഭാഗമല്ല; എന്നു മാത്രമല്ല, സന്തോഷത്തിന്റെയും വിജയത്തിന്റെയും ആഹ്ലാദത്തിന്റെയും ദിനമാണ്. ഈ ശുശ്രൂഷയിലെ പ്രാർത്ഥനകളും ഗീതങ്ങളും ഇത് വ്യക്തമാക്കുന്നുമുണ്ട്. വി. യോഹന്നാന്റെ സുവിശേഷം 12-ാമദ്ധ്യായം 12 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ കാണപ്പെടുന്ന വേദഭാഗത്തെ അവലംബമാക്കി ഓശാനയുടെ ഉള്ളർത്ഥങ്ങളിലേക്ക്

www.malankaralibrary.com



ഇറങ്ങിച്ചെല്ലുവാൻ ഈ അവസരം നമുക്ക് ഉപയോഗിക്കാം.

ജറുസലേമിൽ, തിരുന്നാളിന് വന്നുകൂടിയ ജനക്കൂട്ടത്തിന്റെ ആരവമാണെങ്ങും! യേശു അവിടേക്കു വരുന്നുവെന്ന് കേട്ടപ്പോൾ അത് വർദ്ധമാനമായി. വി. മത്തായിയുടെ ഭാഷയിൽ പറഞ്ഞാൽ "നഗരം മുഴുവൻ ഇളകിവശായി" ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് ജനം അവനെ എതിരേറ്റാർത്തുപറഞ്ഞു, "ഓശാന, കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ. യേശു ഒരു കഴുതക്കുട്ടിയുടെ പുറത്താണ് യാത്ര. 'നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലായെന്ന് കാണുന്നില്ലേ? നോക്കൂ, ലോകം അവന്റെ പിന്നാലെ പോയിക്കഴിഞ്ഞു' എന്ന 19-ാം വാക്യത്തിലെ പ്രസ്താവനയിലൂടെ, സുവിശേഷകൻ, യേശുവിന്റെ വർദ്ധിച്ചുവരുന്ന ജനസമ്മതിയും അതിൽനിന്നുരുവായ ഫരിസേയരുടെ ആകാംക്ഷയും വെളിപ്പെടുത്തിക്കൊണ്ട് പ്രസ്തുത സംഭവപരാമർശത്തിന് വിരാമമിടുന്നു.

'ഹോസന്നാ' എന്ന അറമായ പദത്തിന് 'ഞങ്ങളെ രക്ഷിച്ചാലും' എന്നാണർത്ഥം. രാജാവിന്റെ സന്നിധിയിൽ 'ഞങ്ങളെ രക്ഷിച്ചാലും' എന്നഭ്യർത്ഥിക്കുന്ന യാചനാരൂപമായി സാമുവേലിന്റെ രണ്ടാം പുസ്തകം നാലാം വാക്യത്തിലും രാജാക്കന്മാരുടെ രണ്ടാം പുസ്തകം ആറാമദ്ധ്യായം 26-ാം വാക്യത്തിലും ഈ പദം പ്രത്യക്ഷപ്പെടുന്നുണ്ട്. 118-ാം സങ്കീർത്തനം 25-ാം വാക്യത്തിൽ "കർത്താവേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളെ രക്ഷിക്കണമേ" എന്നു കാണുന്നു. ദൈവത്തോടുള്ള ഭക്തന്റെ പ്രാർത്ഥന, എന്നാണ് ഈ പദത്തിന്റെ അർത്ഥം. പിൽക്കാലങ്ങളിൽ ഈ പദത്തിന് ഒരു ജയ് വിളിയുടെ രൂപമുണ്ടായെന്നും പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. യേശുവിന്റെ അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ചിരുന്ന ജനതയ്ക്ക് യേശു ഒരു നേതാവായി മാറുകയായിരുന്നു. മരിച്ച ലാസറിനെ ഉയിർപ്പിച്ചതോടുകൂടി യേശുവിന്റെ ആരാധകരുടെ സംഖ്യയ്ക്ക് ഗണ്യമായ മാറ്റം വന്നിരുന്നുവെന്ന് സുവിശേഷത്തിൽ വ്യക്തമാക്കുന്നുണ്ട്. ജറുസലേം ദേവാലയത്തിരുനാൾ ഏതൊരു യഹൂദനും ആഹ്ലാദത്തിന്റെ അവസരമാണ്. യേശുവും കൂടി അവിടെയെത്തിയപ്പോൾ ആഘോഷത്തിന് ഒരു പുതിയ മാനമായി. ജനക്കൂട്ടത്തിന് യേശുവിനെ നേതാവായി കിട്ടണം. അവർ ഈന്തപ്പനയുടെ ചില്ലകളേന്തി ആർത്തുവിളിച്ചു "ഓശാന" ഈന്തപ്പനയുടെ ചില്ലുകളേന്തിയുള്ള ഈ ഘോഷയാത്രയ്ക്ക് ദേശീയതയുടെ പരിവേഷമുള്ളതായി മക്കബായരുടെ രണ്ടാം പുസ്തകം

www.malankaralibrary.com



1-ാം അദ്ധ്യായം 7-ാം വാക്യത്തിൽ നാം വായിക്കുന്നുണ്ട്. രാജാക്കന്മാരെപ്പറ്റി പരാമർശിക്കുന്ന പശ്ചാത്തലത്തിൽ "ദൈവനാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു" എന്ന 118-ാം സങ്കീർത്തനത്തിലെ 26-ാം വാക്യം വി. യോഹന്നാൻ ഈ വേദഭാഗത്ത് അവതരിപ്പിക്കുക കൂടി ചെയ്തപ്പോൾ ഘോഷയാത്രയ്ക്ക് രാജകീയമായ ഒരു മാനം കൂടിവന്നു. യേശുവിനെ ഒരു രാജാവായിക്കണ്ട് സന്തോഷിച്ചാഹ്ലാദിച്ച ജനക്കൂട്ടത്തിന് തങ്ങളുടെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് യാത്ര ചെയ്തതിന്റെ പൊരുൾ മനസ്സിലായെന്ന് തോന്നുന്നില്ല. എന്നാൽ തന്റെ വാഹനമായി കഴുതക്കുട്ടിയെ തെരഞ്ഞെടുത്തതിലൂടെ യേശു തന്റെ അധികാരത്തിന് മറ്റൊരു മാനം നൽകുകയായിരുന്നു; എളിമയിൽ ഔന്നത്യം കാണുക. അത് യേശു പ്രാവർത്തികമാക്കുകയായിരുന്നു.

ഓശാന പെരുന്നാൾ ഇന്ന് എനിക്കും നിങ്ങൾക്കും നൽകുന്ന സന്ദേശം എന്താണ്? കുരുത്തോലകളുമായി ദൈവാലയത്തിലേക്ക് പോകുന്ന നാം ഓശാനയുടെ പ്രത്യേകമായ ആരാധനാശുശ്രൂഷ, ദൈവാലയത്തിനു ചുറ്റുമുള്ള പ്രദക്ഷിണം, ആഘോഷമായ വി. കുർബാന, ഇവയിൽ പങ്കുകൊണ്ടതിന്റെശേഷം വാഴ്ത്തപ്പെട്ട കുരുത്തോലകൾ വീടുകളിൽ പ്രധാനസ്ഥലങ്ങളിൽ പ്രതിഷ്ഠിക്കുന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം യറുശലേം ദൈവാലയം അവരുടെ മതാത്മക ജീവിതത്തിന്റെ കേന്ദ്രമാണ്. ദൈവവുമായുള്ള അവരുടെ ബന്ധത്തിന്റെ പ്രതീകമാണ്. അതുകൊണ്ടാണ് എത്രദൂരെയായിരുന്നാലും അവർ വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും അവിടെ എത്തിയിരുന്നത്.

ക്രൈസ്തവരായ നാം കർത്താവായ യേശുവിനാൽ രക്ഷിക്കപ്പെട്ട സമൂഹമാണ്. അങ്ങനെ രക്ഷിക്കപ്പെട്ട സഭാസമൂഹത്തിന്റെ അടിസ്ഥാന കേന്ദ്രമായ ഇടവകസമൂഹത്തിൽ ഉൾച്ചേർന്ന് നാം ദൈവത്തോട് യാചിക്കുകയാണ്, "ഓശാന" അഥവാ ഞങ്ങളെ രക്ഷിക്കണമേയെന്ന്. നാം ദൈവാലയത്തിനു ചുറ്റും നടത്തുന്ന പ്രദക്ഷിണവും പ്രതീകാത്മകമായി യറുശലേമിലെ ആ വലിയ ഘോഷയാത്രയെ അനുസ്മരിപ്പിക്കുകയാണ്. സ്വർഗ്ഗീയ യറുശലേമിലേക്കുള്ള ആത്മീയ യാത്രയായി നാം അതിനെ ഉൾക്കൊള്ളുമ്പോൾ ഓശാനയുടെ ആരാധനാശുശ്രൂഷ ഇവിടെ സജീവമായി.

കുരുത്തോലകളുമേന്തി നാം ആർത്തുവിളിക്കുന്ന "ഓശാന"

www.malankaralibrary.com



യുടെ അർത്ഥം നാം ആഴമായി ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. യേശു നമ്മുടെ രക്ഷകനാണെന്ന് ഏറ്റുപറയുന്ന വിശ്വാസം ഇന്ന് ആവശ്യമായി മാറിയിരിക്കുകയാണ്. യേശുവിനെ ഒരു സാമൂഹികനേതാവും ഒരു നല്ല മനുഷ്യസ്നേഹിയുമൊക്കെയായി മാത്രം ചിത്രീകരിക്കുന്ന വീക്ഷണങ്ങൾ ഇന്ന് സുലഭമാണ്. ഇവിടെയാണ് നമ്മുടെ ഏറ്റുപറച്ചിൽ പ്രകടമാകേണ്ടത്. കർത്താവായ യേശു രക്ഷകനായിത്തീർന്നിരിക്കുന്നത്, പ്രഥമവും പ്രധാനവുമായി എന്റെ പാപങ്ങളിൽനിന്നും എന്നെ മോചിപ്പിച്ച് ദൈവവുമായും സഹോദരങ്ങളുമായും എന്നെ രമ്യപ്പെടുത്തി എന്നതിലാണ്. ഈ വിശ്വാസദർശനത്തിൽ, കർത്താവായ യേശുവേ, എന്റെ പാപത്തിൽനിന്ന്, എന്റെ ബലഹീനതകളിൽനിന്ന്, എന്റെ പരീക്ഷണങ്ങളിൽനിന്ന് എന്നെ രക്ഷിക്കണമേയെന്ന് നാം പ്രാർത്ഥിക്കുമ്പോൾ നാം ആർത്തുവിളിക്കുന്ന "ഓശാന" കൂടുതൽ അർത്ഥവത്തായി.

നാം ദൈവാലയത്തിലേക്കു കൊണ്ടുവന്ന കുരുത്തോലകൾ അല്ല, നാം തിരികെ വീട്ടിലേക്ക് കൊണ്ടുപോകുന്നത്; അവയ്ക്ക് ഒരു മാറ്റം സംഭവിച്ചിട്ടുണ്ട്. നാം വാഴ്ത്തപ്പെട്ട കുരുത്തോലകൾ നമ്മുടെ പ്രധാനസ്ഥലങ്ങളിൽ പ്രതിഷ്ഠിക്കുന്നു. ഈ പ്രതിഷ്ഠയാകട്ടെ, യേശുവെന്ന രക്ഷകന്റെ സാന്നിദ്ധ്യം നമ്മുടെ ഭവനങ്ങളിൽ നിരന്തരമായി അറിയിക്കുകയും ചെയ്യുന്നു. ആരാധനാശുശ്രൂഷയിൽ പങ്കുകൊള്ളുന്ന നാം ഇത്തരം ഒരു മാറ്റത്തിന് വിധേയരാകേണ്ടതുണ്ട്. ദൈവാലയത്തിലേക്കുപോയ നാം കൂടുതൽ സന്തോഷപ്രദമായ മനസ്സിന്റെ ഉടമകളായി വേണം ഭവനങ്ങളിലേക്ക് മടങ്ങുവാൻ. ഓരോ ആരാധനാശുശ്രൂഷയ്ക്കുംശേഷം മനസ്സിന് അന്തരം സംഭവിച്ച വ്യക്തികളായി രൂപാന്തരപ്പെടണം നാം ഓരോരുത്തരും. അങ്ങനെ മാനസാന്തരം സംഭവിച്ച വ്യക്തികളായി ഞാനും നിങ്ങളും മാറുമ്പോൾ, യേശു എന്ന രക്ഷകൻ ഇന്നും ജീവിക്കുന്നവനാണെന്ന അനുഭവം നമുക്കും മറ്റുള്ളവർക്കും ബോധ്യപ്പെടും; ദൈവത്തെ അന്വേഷിക്കുന്നവർക്ക് നമ്മുടെ ജീവിതം ലക്ഷ്യസ്ഥാനത്തേക്കുള്ള ചൂണ്ടുപലകകളായി പരിണമിക്കുകയും ചെയ്യും. ഈ ഓശാനപ്പെരുന്നാൾ അതിന് നമ്മെ സഹായിക്കട്ടെ!

*Homily - Vatican Radio - on St. John 12/12 - 19*
*..................................................................on Palm Sunday 1994*

www.malankaralibrary.com

# 12

## സഭയുടെ വിശുദ്ധീകരണത്തിരുനാൾ

മലങ്കര ആരാധനാവത്സരം ആരംഭിക്കുന്ന കൂദോശ് ഈത്തോ അഥവാ സഭയുടെ വിശുദ്ധീകരണം എന്നറിയപ്പെടുന്ന ഞായറാഴ്ച യാണിന്ന്. ഈ ഞായറാഴ്ചത്തെ സുവിശേഷത്തെ ആസ്പദമാക്കി യുള്ള ഏതാനും ധ്യാനചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

വി. മത്തായി 16/13-23

കേസറിയ ഫിലിപ്പിയിൽവച്ച്, ''ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?'' എന്ന യേശുവിന്റെ ചോദ്യത്തിന് ശിഷ്യപ്രമുഖനായ പത്രോസ് ഉത്തരം നൽകുന്നു: ''നീ ജീവനുള്ള ദൈവത്തിന്റെ പുത്ര നായ ക്രിസ്തുവാകുന്നു''. യേശു അരുളിച്ചെയ്തു: യോനായുടെ പുത്ര നായ ശെമയോനേ, നീ ഭാഗ്യവാൻ. എന്തെന്നാൽ മാംസരക്തങ്ങളല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തി ത്തന്നത്''. തുടർന്ന് പത്രോസിന് സഭയുടെമേൽ അജപാലനാധികാരം നൽകുന്നതായും നാം വായിക്കുന്നു.

കേസറിയാ ഫിലിപ്പി: യോർദ്ദാൻ താഴ്വരയുടെ ഫലഭൂയി ഷ്ഠമായ വടക്കുഭാഗത്തിന് അഭിമുഖമായി നിൽക്കുന്ന, പാലസ്തീ നായിലെ മനോഹരമായ ഒരു പട്ടണം. ഇന്ന് ബനിയാസ് എന്ന പേരിൽ അത് അറിയപ്പെടുന്നു. പുറജാതിക്കാർ ഭൂരിപക്ഷമുണ്ടായിരുന്ന ഈ പട്ടണത്തിൽ അവരുടെ ആരാധനാലയങ്ങളും അവരുടെ ദൈവങ്ങ ളുടെ പ്രതിമകളും ധാരാളമുണ്ടായിരുന്നു. ഈ പുറജാതികളുടെ പട്ട

www.malankaralibrary.com



ണത്തിന്റെയും പ്രതിഷ്ഠകളുടെയും മദ്ധ്യത്തിൽനിന്നുകൊണ്ട് യേശു ചോദിക്കുന്ന ചോദ്യം പ്രസക്തിയേറിയതാണ്.

ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ദൈവിക വെളിപ്പെടുത്തൽ വി. പത്രോസിലൂടെ വ്യക്തമാകുന്നു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു" പത്രോസിന്റെ ഈ ഏറ്റുപറച്ചിൽ കേവലം ഒരു വൈകാരിക പ്രഖ്യാപനം ആയിരുന്നില്ല; മറിച്ച് മാംസരക്തങ്ങൾക്കതീതമായി ദൈവികശക്തിയാൽ പത്രോസിലൂടെ ആ സത്യം ഒരു പ്രഖ്യാപനമായി, ഏറ്റുപറച്ചിലായി പരിണമിക്കുകയായിരുന്നു.

പത്രോസിന്റെ ഈ പ്രഖ്യാപനം വെളിപ്പെടുത്തുന്ന ചില സത്യങ്ങളുണ്ട് - ദൈവം സജീവനാണ്; അവൻ എന്നും ജീവിക്കുന്നവനാണ്.

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവം, മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും മെനഞ്ഞുണ്ടാക്കിയ ദൈവം, ഇസ്രായേലിന്റെ ദൈവം; അവൻ സജീവനാണ്. ഫറവോന്റെ ചാട്ടവാറിൽനിന്നും ഇസ്രായേൽജനതയെ മോചിപ്പിച്ച ദൈവം, ചെങ്കടൽ അത്ഭുതകരമായി വഴിയാക്കി മാറ്റി കൊടുത്തവൻ, മന്നയും കാടപ്പക്ഷിയും നൽകി സംരക്ഷിച്ചവൻ; അതേ, ഇസ്രായേലിന്റെ ദൈവം സജീവനാണ്. എന്നേയും നിങ്ങളെയും ഈ ആയുസ്സിലേക്ക് കൊണ്ടുവന്നവൻ! അവൻ ജീവിക്കുന്നവനാണ്. അവിടുത്തെ മൂല്യങ്ങൾ ശക്തി പകരുന്നവയാണ്. അതു മാത്രമാണ് ശക്തിയെന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ എനിക്കും നിങ്ങൾക്കും കടമയുണ്ട്. ദൈവത്തെയും ദൈവികമൂല്യങ്ങളെയും അധരംകൊണ്ടും ഹൃദയംകൊണ്ടും തള്ളിപ്പറയുന്ന ഒരു വ്യവസ്ഥിതിയിൽ, ഒരു സമൂഹമദ്ധ്യത്തിൽ നമ്മുടെ ഈ കടമയ്ക്ക് ഗൗരവമേറുന്നു. ദൈവം ജീവിക്കുന്നവനാണ് എന്ന് എനിക്ക് പറയുവാൻ സാധിക്കണമെങ്കിൽ, എന്റെ ജീവിതവീക്ഷണത്തിലും ശൈലിയിലും വ്യതിയാനങ്ങൾ സംഭവിക്കണം. ജീവിതത്തെ ഈ ലോകത്തിന്റെ ചുവരുകൾക്കുള്ളിൽ ബന്ധിക്കുവാൻ ശ്രമിക്കുന്ന വീക്ഷണങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും, കാര്യം നേടിയെടുക്കുവാനുള്ള വ്യഗ്രതയിൽ സഹോദരനെ തള്ളിപ്പറയുന്ന അവസരവാദത്തിന്റെയും ഞാനും എന്റെ കുടുബവും അതിന്റെ സമ്പദ്‌വ്യവസ്ഥിതിയും മാത്രം എന്ന് ചിന്തിക്കുന്ന തൻകാര്യമനോഭാവത്തിന്റെയും ഒക്കെ സ്ഥാനത്ത്, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുന്നതിലൂടെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുന്ന ഒരു ജീവിതവീ

www.malankaralibrary.com



ക്ഷണം പ്രതിഷ്ഠിക്കപ്പെടട്ടെ. അപ്പോൾ ജീവനില്ലാത്ത പ്രതിമകളും സജീവമല്ലാത്ത പാരമ്പര്യങ്ങളും അപ്രത്യക്ഷങ്ങളാകും. അങ്ങനെ രൂപീകരിക്കപ്പെട്ട ജീവിതശൈലിയുടെ ഉടമകളായി ഞാനും നിങ്ങളും മാറുമ്പോൾ, പ്രിയമുള്ളവരേ, ദൈവം നമ്മുടെ ഇടയിൽ സജീവനായി. അപ്പോൾ പത്രോസിനെപ്പോലെ "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു" എന്നു പറയുവാൻ നമുക്കും സാധിക്കും. ദൈവത്തെ അന്വേഷിക്കുന്നവർക്ക് ഈ പ്രഖ്യാപനം ഒരു ജീവിതസാക്ഷ്യമായി അനുഭവപ്പെടുകയും ചെയ്യും.

സുവിശേഷത്തിന്റെ രണ്ടാം ഭാഗം, 21 മുതൽ 23 വരെയുള്ള വചനങ്ങളിൽ; യേശു, താൻ അനുഭവിക്കുവാൻ പോകുന്ന പീഡകളെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും സംസാരിച്ചപ്പോൾ, യേശുവിനെ വിളിച്ചുമാറ്റി നിർത്തി "കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ" എന്നു പറയുന്ന പത്രോസിനെയും, "സാത്താനേ, എന്റെ മുൻപിൽനിന്നു പോകൂ; നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" എന്നു പറയുന്ന യേശുവിനെയും നാം കാണുന്നു.

"യോനായുടെ പുത്രനായ ശെമയോനേ, നീ ഭാഗ്യവാൻ" എന്നു പറഞ്ഞ യേശുതന്നെ, "സാത്താനേ നീ എനിക്കു തടസ്സമാണ്" എന്ന് പത്രോസിനോടു പറയുന്നു. യേശുവിനെ അനുഗമിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പാണിത്. ഭാഗ്യവാൻ എന്നു വിളിക്കപ്പെട്ട പത്രോസിന്റെ ചിന്ത പൈശാചികമായത് അഥവാ ദൈവികമല്ലാതെ പോയത്, ദൈവത്തിന്റെ പദ്ധതിയോടു സഹകരിക്കുവാൻ പത്രോസ് വൈമുഖ്യം കാട്ടിയപ്പോഴാണ്.

ദൈവികതയുടെ ഉന്നതതലങ്ങളിൽ വസിക്കുന്ന "ഭാഗ്യവാൻമാർക്കും" പത്രോസിനു പറ്റിയ അതേ അബദ്ധം പറ്റാറില്ലേ? ഇത് നമ്മുടെ നാട്ടിലെ ആനുകാലിക സംഭവങ്ങളിൽനിന്നും വ്യക്തമാണ്. അതല്ലെങ്കിൽ പിന്നെ എന്തുകൊണ്ട് സ്നേഹത്തിന്റെ പര്യായപദങ്ങളായ ദൈവവും ഈശ്വരനും അള്ളാഹുവും ഇവിടെ പരസ്പരസംശയത്തിന്റെയും പകയുടെയും അവതാരങ്ങളായി മാറി? ദൈവത്തെ ആരാധിക്കുവാൻ പ്രത്യേകമായി പ്രതിഷ്ഠിക്കപ്പെട്ട ആലയങ്ങൾ, ദൈവമക്കളെ അപായപ്പെടുത്തുന്നതിനു കോപ്പുകൂട്ടുന്ന അപകടകേന്ദ്രങ്ങളായി മാറുന്നു?

സ്നേഹമുള്ളവരേ, മാംസരക്തങ്ങൾക്കതീതമായി ദൈവം വെളിപ്പെടുത്തിയ സന്ദേശത്തിലാണോ നമ്മുടെ വിശ്വാസജീവിതം,

www.malankaralibrary.com



അതോ നാംതന്നെ കെട്ടിപ്പൊക്കിയ ആലയങ്ങളുടെയും നിർജ്ജീവങ്ങളായ പ്രതിമകളുടെയും പിൻബലത്തിലാണോ? സഹോദരനെ ഹനിക്കുന്ന അഥവാ അവന് ദോഷം വരുന്ന എന്തും എന്റെ ഭാഗത്തു നിന്നുണ്ടായാൽ ഞാൻ ദൈവത്തിന് എതിരായി മാറി; ദൈവികപദ്ധതിക്ക് ഞാൻ ഇതരനായി; എന്റെ ചിന്ത പൈശാചികമായി. സഭകളും സമുദായങ്ങളും തമ്മിലുള്ള ബന്ധങ്ങളും ഇത്തരുണത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. ''ഞങ്ങൾ തമ്മിൽ പ്രശ്നങ്ങൾ ഒന്നുമില്ലല്ലോ'' എന്ന സ്ഥിരംപല്ലവി നാം വീണ്ടും മുഴക്കിയേക്കാം. എന്നാൽ ബന്ധമുണ്ടോ എന്ന ചോദ്യം ഉത്തരം കിട്ടാതെ വഴിമുട്ടി നമ്മുടെ മുൻപിൽ നിൽക്കുന്നു.

ഇന്ന് സഭയുടെ വിശുദ്ധീകരണത്തിന്റെ തിരുനാളാണ്. സഭയുടെ വിശുദ്ധീകരണം നമ്മുടെ ഓരോരുത്തരുടെയും വിശുദ്ധീകരണമാണ്. ഞാനും എന്റെ സഹോദരനും തമ്മിലുള്ള ബന്ധത്തിന്റെ വിശുദ്ധീകരണമാണ്. ഞാനും എന്റെ സഹോദരനും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ വിശുദ്ധീകരണമാണ്.

മാംസരക്തബന്ധിതമായ നമ്മുടെ മാനുഷിക വീക്ഷണങ്ങൾക്കപ്പുറത്ത് ദൈവം ഏർപ്പെടുത്തിയ സ്നേഹമാകുന്ന ജീവിതവീക്ഷണം നമുക്ക് പ്രതിഷ്ഠിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഒരു നിമിഷം നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഞങ്ങളുടെ വാഴ്ത്തപ്പെട്ട സ്വർഗ്ഗീയപിതാവേ, നിന്നെ സ്തുതിക്കുന്നു; സ്തോത്രം ചെയ്യുന്നു. അവർണ്ണനീയങ്ങളായ നിന്റെ കൃപകൾക്കു മുൻപിൽ ഞങ്ങളുടെ ശിരസ്സുകളെ ഞങ്ങൾ നമിക്കുന്നു. നീ ജീവിക്കുന്നവനാണെന്ന അനുഭവം പിതാവേ, ഞങ്ങൾക്കും സകലകുടുംബങ്ങൾക്കും സഭാകൂട്ടായ്മകൾക്കും എല്ലാ മനുഷ്യർക്കും നീ നൽകണമേ. നിന്റെ പുത്രനായ കർത്താവായ യേശുക്രിസ്തു നൽകിയ ശ്രേഷ്ഠമായ സാക്ഷ്യത്തിൽ, അതേ സാക്ഷ്യത്തിന്റെ വെളിച്ചത്തിൽ ജീവിച്ച് ഭാഗ്യവാന്മാരായി രൂപാന്തരപ്പെടുത്തി ശക്തി പ്രദാനം ചെയ്യണമേ.

കർത്താവായ യേശുക്രിസ്തുവഴിയായി യാചിക്കുന്നു: പിതാവേ, പ്രാർത്ഥനകേട്ട്, ഉത്തരം നൽകുമാറാകണമേ.

............*Homily - Vatican Radio - on Mt.16/13-23 on 29-10-1993*

www.malankaralibrary.com

# 13

## യഥാർത്ഥ ക്രിസ്തുശിഷ്യനാകുവാൻ

ദൈവത്തെക്കുറിച്ച് യേശു സംസാരിച്ചപ്പോൾ, ദൈവം ആരെന്ന് അവിടുന്ന് വെളിപ്പെടുത്തിയപ്പോൾ, തന്നെ ശ്രവിച്ച അനേകായിരങ്ങളുടെ മനസ്സുകളിൽ ഒരു വിപ്ലവത്തിനു തുടക്കമായി. അവിടുത്തെ പ്രബോധനം ദൈവരാജ്യത്തെക്കുറിച്ചും, ദൈവരാജ്യത്തിൽ വിലമതിക്കപ്പെടുന്ന മൂല്യങ്ങളെക്കുറിച്ചുമായപ്പോൾ ജനത്തിന് അതാവേശമായി. ദൈവത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും നിലവിലിരുന്ന അപര്യാപ്തമായ, വികലമായ ദർശനങ്ങൾ സമൂഹത്തിൽ സ്ഥാനം പിടിച്ചിരുന്ന കാലം! അതാണ് സത്യവും യുക്തവും ന്യായവുമെന്ന് അന്ധമായി വിശ്വസിച്ചു പോന്ന ഒരു ജനസമൂഹം! പാവപ്പെട്ടവന്റെ അജ്ഞതയെ മുതലെടുത്തിരുന്ന അധികാരവർഗ്ഗം! ഇതിനെല്ലാം ചുക്കാൻ പിടിച്ചിരുന്ന മതനേതാക്കന്മാർ! ഈ പശ്ചാത്തലത്തിലാണ് യേശു തന്റെ വിപ്ലവാദർശങ്ങൾ പ്രസംഗിക്കുന്നത്.

വി. മത്തായിയുടെ സുവിശേഷം 5, 6, 7 എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന പ്രബോധനങ്ങൾ ധാർമ്മികജീവിതത്തെ പരാമർശിക്കുന്നവയാണ്. ഈ അദ്ധ്യായങ്ങളിലെ പരാമർശവിഷയം ശിഷ്യത്വമാണ്. മനുഷ്യഹൃദയങ്ങളിൽ ജീവിതത്തെക്കുറിച്ചുള്ള ഉദാത്തമായ ഒരു ദർശനം രൂപീകരിക്കുക, കരുത്തുറ്റ ജീവിതശൈലിയുടെ ഉടമകളാക്കുക ഇവയാണ് സുവിശേഷകൻ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ.

www.malankaralibrary.com



വി. മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായം 21 മുതൽ 28 വരെയുള്ള വാക്യങ്ങളാണ് നമ്മുടെ ഇന്നത്തെ പരിചിന്തനത്തിനാധാരം. വിശുദ്ധസുവിശേഷത്തിൽ ഇപ്രകാരം നാം വായിക്കുന്നു: "കർത്താവേ, കർത്താവേ, എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. അന്ന് പലരും എന്നോട് ചോദിക്കും: 'കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ?' അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്നും അകന്നുപോകുവിൻ."

യഥാർത്ഥ ക്രിസ്തുശിഷ്യൻ ആരെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വെളിപ്പെടുത്തുകയാണ് യേശു. "കർത്താവേ, കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക." ദൈവത്തെ ആരും ഇനിയും വിളിച്ചപേക്ഷിക്കണ്ടായെന്നാണ് ഇതിനർത്ഥമെന്ന് നാം ധരിക്കുന്നുവെങ്കിൽ നമുക്ക് തെറ്റുപറ്റി. യേശു തന്നെയാണ് പിതാവിനെ വിളിച്ച് പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചത്. എന്നാൽ, 'കർത്താവേ' എന്ന നാമം ഒരു മാന്ത്രികഫോർമുലാ പോലെ ഉപയോഗിച്ച് നൈമിഷികമായ അനുഭൂതി അനുഭവിച്ചിരുന്ന ഒരു കൂട്ടരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. അവർ പിശാചുക്കളെ പുറത്താക്കിയിരുന്നു; എന്നാൽ പുതുജീവൻ പ്രദാനം ചെയ്യുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ജീവിതവുമായി ബന്ധമില്ലാതിരുന്നതിനാൽ അവരുടെ ആരാധനകൾ ആത്യന്തികമായി മൃതമായിരുന്നു.

ഈ അവസ്ഥാവിശേഷം നമ്മുടെ ഇടയിൽനിന്നും തീർത്തും മാറി എന്ന് വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. വൈകാരികമായ സ്തുതിപ്പുകളിൽ മാത്രം ദൈവാനുഭവം കാണുവാൻ ശ്രമിക്കുന്നവരുടെ കൂട്ടത്തിലാണ് നാമെങ്കിൽ യേശുവിന്റെ വിരൽ ചൂണ്ടിയിരിക്കുന്നത് നമ്മുടെ നേരെയാണ്. ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ അവിടുത്തോടുള്ള നമ്മുടെ ബന്ധത്തെ ഹല്ലേലുയ്യാ സ്തുതിപ്പുകളിൽ മാത്രമല്ല സുകൃതപ്രവൃത്തികളിലും പ്രതിഫലിപ്പിക്കുവാൻ നമുക്ക് സാധിക്കണം. ക്രൈസ്തവജീവിതദൗത്യം അതാണ്. അതുതന്നെയാണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടവും. രാത്രിയാമങ്ങളിൽ

www.malankaralibrary.com



മലകളിലും വിജനപ്രദേശങ്ങളിലും ഏകാന്തതയിൽ പിതാവുമായി ബന്ധത്തിൽ കഴിഞ്ഞ യേശു; പകലായാൽ മറ്റുള്ളവർക്ക് നന്മകൾ ചെയ്തുകൊടുത്തുകൊണ്ട്, നന്മ ചെയ്യുവാൻ മറ്റുള്ളവരെ വാക്കിലൂടെയും പ്രവൃത്തികളിലൂടെയും പഠിപ്പിച്ചുകൊണ്ട് നടന്ന യേശു, നൽകിയ ജീവിതസാക്ഷ്യവും ഇതു തന്നെയല്ലേ? അപ്പസ്തോലപ്രവൃത്തികൾ 2-ാം അദ്ധ്യായം 42-ാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യത്തോടെ പങ്കുചേർന്നു". ആദിമ ക്രൈസ്തവരുടെ ജീവിതത്തിന്റെ വിവിധ മാനങ്ങളാണിവ. കൂട്ടായ്മയും അപ്പം മുറിക്കലും ആരാധനയും ഒന്നിച്ചുള്ള ജീവിതസാക്ഷ്യവും, പരസ്പരപൂരകങ്ങളാണ്. കൂട്ടായ്മയില്ലാതെ ആരാധനയില്ല; ആരാധനയില്ലാതെ കൂട്ടായ്മയുമില്ല. നമ്മുടെ ക്രൈസ്തവ ആരാധനാസമൂഹങ്ങളിൽ സങ്കീർത്തനങ്ങളും സ്തുതിപ്പുകളും അലയടിക്കുന്നതുപോലെ സുകൃതപ്രവൃത്തികളുടെ പരിമളധൂപവും ഉയരങ്ങളിലേക്കുയരണം. "ഈ ജനം അധരങ്ങൾകൊണ്ട് എന്നെ സ്തുതിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് വളരെ അകന്നിരിക്കുന്നു" എന്ന വിശുദ്ധ വചനം നമ്മുടെ ഓരോരുത്തരുടെയും ഉൾക്കണ്ണുകളെ തുറപ്പിക്കുന്നവയാകട്ടെ.

വെറുതെ "കർത്താവേ", എന്ന് വിളിക്കുന്നവരെ "അനീതി പ്രവർത്തിക്കുന്നവരേ" എന്നു കൂടി യേശു വിളിക്കുന്നു. എന്നുവച്ചാൽ ദൈവനാമം വിളിച്ചപേക്ഷിക്കുന്നവൻ, പിതാവിന്റെ ഇഷ്ടം നിറവേറ്റുകയെന്ന നീതി കൂടെ നടപ്പിലാക്കുവാൻ വിളിക്കപ്പെട്ടവനാണെന്നു സാരം.

പ്രാർത്ഥനയിലൂടെയും നന്മപ്രവൃത്തികളിലൂടെയും തന്റെ സ്വർഗ്ഗീയ പിതാവിനോടും സഹോദരങ്ങളോടുമുള്ള ബന്ധം വെളിപ്പെടുത്തിയ യേശുവെന്ന രക്ഷകന്റെ ജീവിതമാതൃകയെ നമുക്കു നമ്മുടെ ജീവിതത്തിൽ പിൻചെല്ലാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

*Homily - Vatican Radio - on Mt. 7/21-28*
*..........................................................................on July 16,*

www.malankaralibrary.com

# 14

# പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതരാവുക

വി. ലൂക്കായുടെ സുവിശേഷം രണ്ടാമദ്ധ്യായം 41 മുതൽ 52 വരെയുള്ള വേദവാക്യങ്ങൾ ആസ്പദമാക്കിയുള്ള ഇന്നത്തെ സുവിശേഷപരിചിന്തനത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കട്ടെ.

പെസഹാത്തിരുന്നാളിന് ജോസഫിന്റെയും മറിയത്തിന്റെയും കൂടെ ബാലനായി യേശു ജറുസലേമിലേക്ക് പോകുന്നു. തിരുന്നാളിൽ സംബന്ധിച്ചതിനുശേഷം അവർ മടങ്ങിപ്പോകുന്നു. ഒരു ദിവസത്തെ വഴിയാത്രയ്ക്കുശേഷം യേശു തങ്ങളുടെ കൂടെയില്ലായെന്ന് മാതാപിതാക്കന്മാർക്ക് ബോദ്ധ്യപ്പെടുന്നു. അവർ രണ്ടുപേരും, യേശുവിനെ തേടി ജറുസലേമിലേക്ക് വീണ്ടും വരുന്നു: ഉപാദ്ധ്യായന്മാരുടെ ഇടയിൽ യേശുവിനെ കണ്ടെത്തുന്നു. "മകനെ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്?" എന്ന് മറിയം യേശുവിനോട് ചോദിക്കുമ്പോൾ "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?" എന്ന് യേശു അവരോടു മറുപടി പറയുന്നു. "യേശു, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" എന്ന സുവിശേഷകന്റെ പ്രസ്താവനയോടെ, വേദഭാഗം അവസാനിക്കുന്നു.

www.malankaralibrary.com



പെസഹാ: ഏതൊരു യഹൂദനും അത്യധിക പ്രാധാന്യമുള്ള തിരുന്നാളാണത്. ജോസഫും മറിയവും വർഷംതോറും ഈ പെരുന്നാളിൽ സംബന്ധിക്കുന്നതിനായി ജറുസലേമിൽ എത്തിയിരുന്നു. പുറപ്പാടിന്റെ പുസ്തകം 23-ാമദ്ധ്യായം 14-ഉം 17-ഉം വാകൃങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു: "എന്റെ ബഹുമാനത്തിനായി വർഷം തോറും മൂന്നുതവണ നിങ്ങൾ ഉത്സവമാഘോഷിക്കണം. പുരുഷന്മാരെല്ലാവരും വർഷത്തിൽ മൂന്നുപ്രാവശ്യം ദൈവമായ കർത്താവിന്റെ സന്നിധിയിൽ ഹാജരാവണം. വീണ്ടും, നിയമാവർത്തനപുസ്തകം 16-ാമദ്ധ്യായം 16-ാം വാകൃത്തിൽ, ആണ്ടിൽ 3 പ്രാവശ്യം പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുന്നാളിലും ആഴ്ചകളുടെ തിരുന്നാളിലും, കൂടാരത്തിരുനാളിലും നിന്റെ ദൈവമായ കർത്താവ് തിരഞ്ഞെടുക്കുന്ന സ്ഥലത്ത് പുരുഷന്മാരെല്ലാവരും സമ്മേളിക്കണം എന്ന് നാം വായിക്കുന്നു. ഇങ്ങനെ, വർഷത്തിൽ 3 പ്രാവശ്യം ജറുസലേമിൽ പോകണം എന്ന് നിബന്ധനയുണ്ടായിരുന്നുവെങ്കിലും, ജറുസലേമിന് പുറത്തു വസിച്ചിരുന്ന യഹൂദന്മാർ, പെസഹാതിരുന്നാളിനു മാത്രം ജറുസലെമിൽ എത്തുകയെന്നത് ഒരു പതിവായി മാറിയിരുന്നു. അങ്ങനെ പെസഹാത്തിരുനാളിൽ സംബന്ധിക്കുന്നതിന്, ജോസഫും മറിയവും യേശുവും അടങ്ങുന്ന നസ്രത്തിലെ ആ ശ്രേഷ്ഠകുടുംബം ജറുസലേമിൽ എത്തുന്നു.

ഫറവോന്റെ ചാട്ടവാറിൽനിന്ന്, തങ്ങളെ വിമോചിപ്പിച്ചതിന്, യഹോവയായ ദൈവത്തിന് സമൂഹമായി, കുടുംബമായി നന്ദിയർപ്പിക്കുകയെന്ന കടമ, പെസഹാതിരുന്നാളിന്റെ അനുഷ്ഠാനത്തിലൂടെ, ഇസ്രായേൽ ജനത അനുഷ്ഠിച്ചുപോന്നു. പുതിയ ഇസ്രായേലാകുന്ന സഭയുടെ ദൗത്യവും മറ്റൊന്നല്ല. ദൈവം, മാനവകുലത്തിന് നൽകിയതും നൽകിക്കൊണ്ടിരിക്കുന്നതുമായ നിരവധിയായ കൃപകൾക്ക് നന്ദിയർപ്പിക്കുകയും, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അധിഷ്ഠിതമായ ക്രൈസ്തവസന്ദേശത്തിന്റെ വെളിച്ചത്തിൽ മനുഷ്യകുലത്തെ നന്മമാത്രമായ ദൈവരാജ്യത്തിലേക്ക് നയിക്കുകയുമാണ്, സഭ.

സഭയുടെ അടിസ്ഥാനശിലകളായ കുടുംബങ്ങളുടെ ദൗത്യവും ഇതിൽനിന്നും വ്യത്യസ്തമല്ല. മാതാവും പിതാവും മക്കളും അടങ്ങുന്ന കുടുംബം ഒന്നാകെ, തങ്ങൾക്ക് കരഗതമായ ദൈവിക

www.malankaralibrary.com



നൽവരങ്ങൾക്ക് ദൈവതിരുമുമ്പാകെ, ഒരേ മനസ്സോടെ നന്ദിയർപ്പിക്കുകയെന്നത് എത്രയോ ഉദാത്തമാണ്. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് പ്രവർത്തിക്കുന്നതായി നാം കാണുന്നുണ്ട്. ജീവിതത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി മല്ലിടുമ്പോൾ, കുടുംബബന്ധത്തെ കാത്തുസൂക്ഷിക്കുന്നത് ഈ ഒരേ മനസ്സോടെയുള്ള അപേക്ഷയാണ്. മറ്റു പലതിനും നമുക്കു സമയം ധാരാളമുള്ളപ്പോൾ പല പരിപാടികളുടെയും ഇടയിൽ Adjust ചെയ്യപ്പെടുന്നത് നമ്മുടെ കുടുംബപ്രാർത്ഥനയെന്ന ഉദാത്തമായ ആരാധനയല്ലേ? പഴയനിയമത്തിൽ ജോഷ്വായുടെ പുസ്തകം 24-ാമദ്ധ്യായം 15-ാം വാക്യത്തിൽ "ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ വാഴ്ത്തും" എന്നെഴുതപ്പെട്ടിരിക്കുന്നത് നമ്മുടെ കുടുംബങ്ങളിൽ നമ്മുടെ മനസ്സുകളിൽ എഴുതപ്പെടട്ടെ!

സുവിശേഷത്തിൽ 46-ാം വാക്യത്തിൽ, ജറുസലേം ദൈവാലയത്തിൽ, ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്നു അവർ പറയുന്നത് കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന യേശുവിനെ നാം കാണുന്നു. അവിടുത്തെ അമ്മ അവനോടു ചോദിക്കുന്നു "മകനെ, നീ എന്താണ് ഞങ്ങളോട് ഇങ്ങനെ ചെയ്തത്?" സ്വന്തം അമ്മയ്ക്കും അപ്പനുമെന്നല്ല നമുക്കാർക്കുംതന്നെ മനസ്സിലാക്കുവാൻ സാധിക്കാത്ത തലത്തിൽനിൽക്കുന്ന മറുപടി യേശുവിന്റെ നാവിൽനിന്നും അടർന്നുവീണു. "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിക്കുന്നത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?"

പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുവാൻ ശ്രമിക്കുന്ന ബാലനായ യേശു!

മാതാപിതാക്കന്മാരെ കാണാഞ്ഞതിൽ വേദനയും ഉത്കണ്ഠയും പ്രകടിപ്പിക്കേണ്ട ആ പന്ത്രണ്ടുവയസ്സുകാരൻ, അവരെ കണ്ടിട്ടുപോലും ആശ്ചര്യമോ സന്തോഷമോ പ്രകടിപ്പിക്കുന്നില്ലെന്നു മാത്രമല്ല, അന്വേഷിച്ചിറങ്ങിയതുതന്നെ അബദ്ധമായോ എന്നു തോന്നിയേക്കാവുന്ന ഒരുതരം മറുപടിയാണ്, അവർക്കു കൊടുത്തത്.

എന്താണിതിന്റെ അർത്ഥം?

യേശു തന്റെ മാതാപിതാക്കന്മാരെ അനാദരിച്ചെന്നാണോ?

www.malankaralibrary.com



അവർക്ക് വിധേയപ്പെട്ടു ജീവിക്കുവാൻ വൈമുഖ്യം കാണിച്ചുവെന്നാണോ?

യേശുവിന്റെ ലക്ഷ്യം ഇതൊന്നുമായിരുന്നില്ല! പിതാവുമായുള്ള തന്റെ ദൈവികബന്ധത്തിന്റെ ഔന്നത്യം പരസ്യമായി പ്രസ്താവിക്കുകയായിരുന്നു, താൻ.

തന്റെ ജീവിതലക്ഷ്യം പ്രധാനമായും പിതാവുമായുള്ള ബന്ധമാണ് എന്ന് വ്യക്തമാക്കുകയായിരുന്നു.

എന്താണ് പിതാവിന്റെ കാര്യങ്ങൾ?

പിതാവിന്റെ കാര്യങ്ങൾ എന്തെന്നറിയുവാൻ യേശുവിനെ നോക്കിയാൽ മതിയാവും. തന്റെ പരസ്യജീവിതത്തിലൂടെ യേശു അത് വെളിവാക്കുന്നുണ്ട്. നാം പിൻചെല്ലുന്നതിനായി അത് മാർഗ്ഗവുമാക്കിയിട്ടുണ്ട്.

ദൈവം സ്നേഹിക്കുന്നവനാണ്, ദൈവം സ്നേഹം തന്നെയാണ് എന്ന് യേശു നമ്മെ പഠിപ്പിച്ചില്ലേ? സമൂഹത്തിലെ പാവപ്പെട്ടവരോട് സുവിശേഷം - അഥവാ ദൈവം സ്നേഹിക്കുന്നവനായി നമ്മുടെ ഇടയിലേക്ക് വന്നു - എന്ന നല്ല വാർത്ത അറിയിച്ചപ്പോഴും ബന്ധനത്തിൽ ആയിരുന്നവരെ അവരുടെ ബന്ധനങ്ങൾ അഴിച്ചു മാറ്റിയപ്പോഴും അന്ധന് കാഴ്ച നൽകിയപ്പോഴും അതേ, തന്റെ എല്ലാ പ്രവർത്തനങ്ങളിലും വ്യക്തമാക്കിയത് പിതാവിന്റെ കാര്യങ്ങളായിരുന്നു. മതത്തിന്റെ നിയമങ്ങൾ അന്ധമായി അനുകരിക്കുന്നതിലൂടെ ദൈവരാജ്യം കരസ്ഥമാക്കാമെന്ന് ധരിച്ചിരുന്നവർക്കും ധരിപ്പിച്ചിരുന്നവർക്കും അവൻ ശക്തമായ താക്കീതു നൽകിയപ്പോഴും വ്യക്തമാക്കപ്പെട്ടത് മറ്റൊന്നായിരുന്നില്ല.

ജനനംമുതൽ മരണംവരെ തന്റെ പിതാവിന്റെ കാര്യങ്ങളിൽ മാത്രം വ്യാപൃതനായിരുന്ന യേശുവിന്റെ അനുയായികളായ എനിക്കും നിങ്ങൾക്കും യേശുവിന്റേതിൽനിന്നും വ്യത്യസ്തമായ ഒരു ജീവിതലക്ഷ്യമുണ്ടോ?

"കർത്താവേ, കർത്താവേ, എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" എന്ന് യേശു തന്നെ വ്യക്തമായി പഠിപ്പിച്ചതായി വി. മത്തായിയുടെ സുവിശേഷം 7-ാം

www.malankaralibrary.com



അദ്ധ്യായം 21-ാം വാക്യത്തിൽ നാം കാണുന്നു. പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി ഇവിടെ സംശയിക്കേണ്ട കാര്യമില്ല. എന്നാൽ പ്രാർത്ഥന പ്രവൃത്തിയില്ലാത്തതായി വന്നാൽ പിതാവിന്റെ കാര്യങ്ങളിലാണ് ഞാൻ ശ്രദ്ധിച്ചിരിക്കുന്നത് എന്ന് പറയുവാൻ സാധിക്കാതെ വരും. യേശുവിന്റെ പ്രാർത്ഥനകൾ, സുപ്രധാനമായ ഏതെങ്കിലും പ്രവർത്തനത്തിന്റെ ഒരുക്കമായിരുന്നു. പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാവുക എന്നാൽ പിതാവിന്റെ സാന്നിദ്ധ്യമായ ദൈവരാജ്യത്തിന്റെ സ്ഥാപനത്തിൽ പങ്കാളിയാവുക എന്നതാണ്. സത്യത്തിനും നീതിക്കും സമാധാനത്തിനും ധാർമ്മികമൂല്യങ്ങൾക്കും സാഹോദര്യത്തിനും വേണ്ടി നാം നിലകൊള്ളുമ്പോൾ, യേശു വിഭാവനം ചെയ്ത ദൈവരാജ്യം അഥവാ പിതാവിന്റെ കാര്യങ്ങൾ സജീവമായി.

പ്രതീക്ഷകൾ നിറഞ്ഞ മനസ്സുമായി നാം ഒരു പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ പുതുവർഷം എത്രയും അനുഗ്രഹപ്രദമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ആത്മാവും ശരീരവും ചേർന്ന നമ്മുടെ ജീവിതം, ഭൗതിക വളർച്ചയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കപ്പെടാതെ, ആത്മീയമായ വളർച്ചയ്ക്ക് അഥവാ നന്മയുടെ വളർച്ചയ്ക്ക് ഉപകരിക്കപ്പെടട്ടെ. അങ്ങനെ ഈ പുതുവർഷത്തിൽ, പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന മക്കളായി നമുക്ക് രൂപാന്തരപ്പെടാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*Homily - Vatican Radio - Lk. 2/41-52*
*..................................................................................on 2. 1. 1993*

www.malankaralibrary.com

# 15

## നോമ്പ് :
## ശക്തീകരിക്കപ്പെട്ട ദിനങ്ങൾ

ക്രൈസ്തവരെ സംബന്ധിച്ച് വലിയ നോമ്പിന്റെ സമാപന ദിവസങ്ങൾ സമാഗതമായി. വരുംദിനങ്ങൾ യേശുക്രിസ്തുവിന്റെ പീഡാനുഭവ ഉത്ഥാനസംഭവങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സന്ദർഭങ്ങളാണ്. വലിയ നോമ്പിന്റെ വലിയ ഒരുക്കദിനങ്ങൾ സമാപനഘട്ടത്തിലെ ത്തുമ്പോൾ സ്വാഭാവികമായി ഒരു ചോദ്യം ഉയരാം. കഴിഞ്ഞ വർഷത്തെ വലിയനോമ്പ് നമ്മിൽ എന്ത് വ്യത്യാസം ഉളവാക്കി?

നോമ്പിലെ ഒരു പ്രാർത്ഥനയിൽ ഇപ്രകാരം ചൊല്ലുന്നു: "നമ്മുടെ കർത്താവു നോറ്റ നോമ്പാൽ തിന്മപെട്ടവനെയും അവന്റെ സകല ശക്തിയേയും ജയിപ്പാൻ തന്റെ സഭയെ പഠിപ്പിച്ചു." സഭാതനയർ സഭയോടു ചേർന്ന് നോമ്പനുഷ്ഠിക്കുന്നത് നമ്മുടെ കർത്താവ് പഠിപ്പിച്ചതനുസരിച്ചാണ്. ആത്മീയതയുടെ ആഴങ്ങൾ അനുഭവിക്കുവാൻ വർദ്ധിച്ച തീക്ഷ്ണതയോടെ പരിശ്രമിക്കുന്ന കാലമാണ് നോമ്പ്.

ആത്മീയതയിൽ ആഴപ്പെടുവാൻ ശ്രമിക്കുന്നവനെ പരാജയപ്പെടുത്തുവാൻ സാത്താൻ ഉണർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കും. ഈ സാത്താൻ എന്നു പറയുന്നത് നന്മയിൽനിന്നും ദൈവബന്ധത്തിൽ നിന്നും ദൈവഹിതനിർവഹണത്തിൽനിന്നും നമ്മെ പിൻതിരിപ്പിക്കാൻ ശ്രമിക്കുന്ന വ്യക്തികളും വസ്തുക്കളും സന്ദർഭങ്ങളും സംഘടനകളും

www.malankaralibrary.com



സമൂഹങ്ങളുമൊക്കെയാകാം. സാത്താനെ ജയിക്കുവാൻ യേശുനാഥൻ കാണിച്ചുതരുന്നത് നോമ്പും ഉപവാസവുമാണ്. ദൈവം ഓരോരുവനും നൽകിയിരിക്കുന്ന ജീവിതാവസ്ഥയ്ക്കു യോജിച്ചവിധത്തിൽ ജീവിതനിയോഗം നിറവേറ്റുകയാണല്ലോ ജീവിതലക്ഷ്യം. ഇതിന്റെ പൂർത്തീകരണത്തിൽ നിന്നു നമ്മെ പിൻതിരിപ്പിക്കുന്ന സകലത്തിനെയും - ശക്തികളെയും വ്യക്തികളെയും, പിൻതള്ളിക്കൊണ്ട് ജീവിതനിയോഗം നിറവേറ്റേണ്ടതുണ്ട്. നോമ്പിലൂടെ നാം നേടിയെടുക്കുന്നതും നേടിയെടുക്കേണ്ടതും ഈ ശക്തിയാണ്. എന്റെ ദൗത്യനിർവ്വഹണത്തിന് ആവശ്യമായ ആത്മീയശക്തി എന്നിൽ ജ്വലിപ്പിക്കുന്നതിനുള്ള ദിവസങ്ങളായിരുന്നു നോമ്പിന്റെ നാല്പതു ദിവസങ്ങൾ.

"തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ" (റോമാ 12/11) എന്ന വിശുദ്ധ പൗലോസിന്റെ വചനമാണ് ഈ നോമ്പിലെ പ്രധാന പരിചിന്തന വചനമായി ഞാൻ തിരഞ്ഞെടുത്തിരുന്നത്. എല്ലാ മനുഷ്യരുടെയും ലക്ഷ്യം കർത്തൃശുശ്രൂഷയാണ്. ഏതു ജീവിതാന്തസ്സിലായിരുന്നാലും എല്ലാവരുടെയും ലക്ഷ്യം ഇതുമാത്രമാണ്. മനുഷ്യസമൂഹത്തിന് ആവശ്യമായിരിക്കുന്ന എല്ലാ സേവനങ്ങളും ദൈവമഹത്വത്തിനുതകുന്ന കർത്തൃശുശ്രൂഷകളാണ്. മെത്രാൻ എന്ന നിലയിൽ കർത്തൃശുശ്രൂഷയ്ക്കാവശ്യമായ ശക്തി എന്നിൽ പ്രോജ്വലിപ്പിക്കാനും ഇതിനായി എന്നെത്തന്നെ പുനർസമർപ്പിക്കുന്നതിനുള്ള ശക്തി നേടിയെടുക്കാനുമാണ് ഈ നോമ്പിലൂടെ ഞാൻ ശ്രമിച്ചത്.

'നോമ്പിൽ ഉറ്റിരിക്കുന്നവർ പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരുന്നു' എന്ന് നോമ്പിലെ പ്രാർത്ഥനയിൽ ചൊല്ലുന്നു. വിശുദ്ധ ഗ്രന്ഥം നമ്മേ ഓരോരുത്തരെക്കുറിച്ചും പറയുന്നത് പരിശുദ്ധാത്മാവിന്റെ ആലയം എന്നാണ്. നാം ഓരോരുത്തരും പരിശുദ്ധാത്മാവിന്റെ ആലയമാണ് എന്നു പറയുമ്പോൾ അപ്രകാരമായിരിക്കാനുള്ള നമ്മുടെ ചുമതല നമ്മേ ഓർമ്മപ്പെടുത്തുകയുമാണ്. പരിശുദ്ധാത്മാവിന് അധിവസിക്കുവാൻ തക്ക ആലയമായി നമ്മെ നിലനിർത്തുവാൻ വിശുദ്ധനോമ്പ് നമ്മെ സഹായിക്കുന്നു എന്ന് സഭാപിതാക്കന്മാർ പ്രാർത്ഥനയിൽ ഉരുവിട്ടപ്പോൾ അവരുടെ ജീവിതാനുഭവമാണ് അവർ ഉരുവിട്ടത്. ഇതുതന്നെയാണ് എന്റെയും ജീവിതാനുഭവം. എല്ലാ ദിവസവും വിശുദ്ധ ബലി അർപ്പിക്കുകയും പരിശുദ്ധമായ മറ്റ് കൂദാശകൾ പരികർമ്മം ചെയ്യുകയും വിശുദ്ധ കുർബാനയിലൂടെ എല്ലാ ദിവ

www.malankaralibrary.com



സവും യേശുവിനെ ഹൃദയത്തിലേക്കു സ്വീകരിക്കുകയും അനേകർക്കായി ദൈവവചനങ്ങൾ പങ്കവയ്ക്കുകയും ചെയ്യുന്ന ഞാൻ പരിശുദ്ധാത്മാവിന്റെ നിറവിലായിരിക്കുവാനും, ആത്മാവിന്റെ പ്രവർത്തനങ്ങൾ ഒരു പടികൂടി എന്നിൽ പ്രോജ്വലമാക്കുവാനും ഈ നോമ്പു കാലത്ത് ഞാൻ ആഗ്രഹിച്ചു പ്രാർത്ഥിച്ചു പ്രവർത്തിച്ചു. അതിന്റെ വിജയം തിരിച്ചറിയേണ്ടത് എന്റെ ജീവിതത്തിൽ നിന്നാണ്; അതു വിലയിരുത്തേണ്ടത് എന്റെ ശുശ്രൂഷ ലഭിക്കുന്നവരാണ്. നോമ്പിന്റെ ഫലമായ ആത്മീയതയും ഹൃദയപരിവർത്തനവും മറ്റും തിരിച്ചറിയുന്നത് കർത്തൃശുശ്രൂഷയുടെ ബഹിർസ്ഫുരണങ്ങളായ പരോപകാര പ്രവൃത്തികളിലൂടെയാണ്. അതുകൊണ്ടാണ് നോമ്പിനോടും ഉപവാസത്തോടും ചേർത്ത് പരോപകാര പ്രവൃത്തികളെയും സഭ വീക്ഷിക്കുന്നത്. ഈ ദർശനത്തിന്റെ പിൻബലത്തിലാണ് നോമ്പിന്റെയും ഉപവാസത്തിന്റെയും ഫലമായി എന്റെ ഭദ്രാസനത്തിലെ എല്ലാ വൈദികരും, സന്യസ്തരും, അല്മായരും മാറ്റിവച്ച പണവും വിഭവങ്ങളും സാധു പെൺകുട്ടികളുടെ വിവാഹസഹായനിധിയിലേക്ക്, പട്ടിണി രോഗനിവാരണഫണ്ടിലേക്ക് ഭദ്രാസനതലത്തിൽ സ്വരുക്കൂട്ടാൻ തീരുമാനിച്ച് പ്രാവർത്തികമാക്കുന്നതും.

വലിയനോമ്പിന്റെ മകുടമായിവരുന്ന കഷ്ടാനുഭവവാരം യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും പുനരുത്ഥാനവും കൂടുതൽ ആഴത്തിൽ ധ്യാനവിഷയമാകുന്ന സന്ദർഭമാണ്. എന്റെ ചുറ്റിലും വേദനയിലും സഹനത്തിലുമായിരിക്കുന്ന ജനവിഭാഗങ്ങൾക്ക് പുനരുത്ഥാനത്തിന്റെ അനുഭവം പങ്കുവയ്ക്കാനുള്ള ദൗത്യം എന്റെ പരിചിന്തനത്തിനു പ്രത്യേക വിഷയമാക്കുന്ന ദിനങ്ങളാണ് ഈ കഷ്ടാനുഭവ ദിനങ്ങൾ. വലിയ നോമ്പിന്റെയും കഷ്ടാനുഭവ ആഴ്ചയുടെയും ദിനങ്ങൾ എന്റെ ജീവിതത്തെ കൂടുതൽ ലക്ഷ്യബോധമുള്ളതാക്കാനും, നവീകരിക്കാനും, ജീവിതദൗത്യത്തെക്കുറിച്ചു കൂടുതൽ ആഴപ്പെടാനും സഹായിക്കുന്നു എന്നുള്ളതിൽ രണ്ടുപക്ഷമില്ല.

ഈ ചിന്തകൾ നിങ്ങളിലെ നന്മകൾ പ്രോജ്ജ്വലിപ്പിക്കട്ടെ, ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

*വലിയ നോമ്പിലെ ശുബക്കോനോ ശുശ്രൂഷയിൽ*
*..................വൈദികവിദ്യാർത്ഥികൾക്ക് നല്കിയ സുവിശേഷപ്രഭാഷണം*

www.malankaralibrary.com

# 16

## കുടുംബം -
## അനുഗ്രഹത്തിന്റെ കൂടാരം

ദൈവസാന്നിദ്ധ്യമുള്ള, ദൈവികജീവന്റെ ഉൾത്തുടിപ്പുകൾ കാണാവുന്ന, സമൂഹത്തിന്റെയും സഭയുടെയും അടിസ്ഥാനഘടകമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കുടുബത്തെക്കുറിച്ച് ഒരുനിമിഷം ചിന്തിക്കുവാൻ നാം ഒരുമിച്ചു കൂടിയിരിക്കുന്നു.

കുടുംബം നിരവധിയായ വെല്ലുവിളികളെ നേരിടുന്ന പശ്ചാത്തലം നമ്മുടെ മുമ്പിലുണ്ട്. രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സമുന്നതിക്ക് അടിസ്ഥാനമായി വർത്തിക്കുന്ന കുടുംബത്തിൽ ദൈവം കടന്നുവന്ന് കുടുംബബന്ധത്തെ അനുഗ്രഹിച്ച ഉജ്വലമുഹൂർത്തമാണ് നസറത്തിലെ തിരുക്കുടുംബത്തിലെ യേശുവിന്റെ ജനനം. അങ്ങനെ ആദിമുതൽ മനുഷ്യന്റെ ബുദ്ധിയിലും ചിന്തയിലും അത്ഭുതമായി നിലകൊണ്ട പിതാവായ ദൈവത്തിന്റെ സ്നേഹം പുത്രൻ നമുക്ക് വെളിപ്പെടുത്തി. (യോഹ. 1/18) “പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്.”

പൂർവ്വകാലങ്ങളിൽ വിവിധരീതിയിൽ മനുഷ്യരോട് സംവദിച്ച ദൈവം കാലത്തിന്റെ പൂർത്തീകരണത്തിൽ തന്റെ ഏകജാതനിലൂടെ ലോകത്തോട് സംസാരിക്കുന്നു. ദൈവം തന്നെത്തന്നെ വെളിപ്പെടു

www.malankaralibrary.com



ത്തുന്നു. ഈ ദൈവം സ്നേഹമാണ്; കൂട്ടായ്മയാണ്; പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവമാണ്. ഈ കൂട്ടായ്മയാണ് സകല ബന്ധങ്ങളുടെയും അടിസ്ഥാനപ്രചോദനം. സൃഷ്ടികർമ്മത്തിലൂടെ ലോകത്തിന്റെ ആരംഭത്തിന് അസ്തിവാരമിട്ട പിതാവായ ദൈവവും ശുന്യവത്ക്കരണത്തിലൂടെ രക്ഷയുടെ പൂർത്തീകരണത്തിലേക്ക് മനുഷ്യനൗകയെ അടുപ്പിച്ച പുത്രൻതമ്പുരാനും നിരന്തരപരിപാലനയിലൂടെ ചരാചരങ്ങളെ പരിപാലിക്കുന്ന പരിശുദ്ധാത്മാവും മൂന്നു വ്യക്തിത്വങ്ങളാണെങ്കിലും സാരാംശത്തിലൊന്നായി കൂട്ടായ്മയിൽ നിലകൊള്ളുന്നു. ത്രിത്വൈകകൂട്ടായ്മയിലെ ബന്ധം പോലെ നിരന്തരം കൂട്ടായ്മയിലൂടെ, സഹവർത്തിത്ത്വത്തിലൂടെ നിലകൊള്ളുമ്പോൾ കുടുംബബന്ധത്തിന്റെ മഹത്വം ഭൂമിയിൽ ആവിഷ്കരിക്കപ്പെടും. ഉല്പത്തി 1/26. ദൈവം വീണ്ടും അരുളിച്ചെയ്തു. "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം".

കൂടിയാലോചനയിലൂടെ മനുഷ്യനെ സൃഷ്ടിക്കുന്ന ദൈവം മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമായി മനുഷ്യരുടെ ഔന്നത്യത്തെയും മഹത്വത്തെയും വെളിവാക്കുന്നു. സൃഷ്ടിയുടെ മകുടമായി മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ് കുടുബബന്ധത്തിലൂടെ നടക്കേണ്ടത്. ജഢികാഭിലാഷമോ, സ്വാർത്ഥതയുടെ പുറംകുപ്പായമോ, സൃഷ്ടികർമ്മത്തിലെ അടിസ്ഥാനമായി വർത്തിക്കുമ്പോൾ പാപം ഗർഭം ധരിച്ച് പാപത്തിനു ജന്മം നൽകുന്നുവെന്ന സത്യം നാം വിസ്മരിക്കരുത്. സൃഷ്ടിജാലങ്ങളുടെ പൂർണ്ണതയിൽ മനുഷ്യനെ നട്ടുവളർത്തി ജീവന്റെ ആദ്യശ്വാസം അമർത്യതയുടെ പ്രതിരൂപമായി മനുഷ്യനിൽ സന്നിവേശിപ്പിച്ച പിതാവായ ദൈവത്തിന് സൃഷ്ടിയോടുള്ള സ്നേഹത്തിന്റെ വെളിപ്പെടലായിരിക്കണം അന്യോന്യസ്നേഹത്തിലൂടെ, സമർപ്പണത്തിലൂടെ കുടുംബത്തിൽ ഉരുവാകുന്ന ഓരോ പുതിയ ജീവനും.

സ്വന്തവും ബന്ധവും മറന്ന് സകലവും സ്വന്തമാക്കാനും ആസ്വദിക്കാനും പരിശ്രമിക്കുന്ന ആധുനികയുഗത്തിൽ മനുഷ്യൻ സമാധാനം കണ്ടെത്തുക ധനസമ്പാദനത്തിലും മദ്യപാനത്തിലുമാണ്. എന്നാൽ സ്രഷ്ടാവായ ദൈവത്തിൽ എത്തിച്ചേരുന്നതുവരെ മനുഷ്യന്റെ അസ്വസ്ഥത പരിഹരിക്കപ്പെടുകയില്ലെന്നു പഠിപ്പിച്ച ദൈവം പങ്കുവയ്ക്കലിലൂടെ ലോകത്തിന് മാതൃക നല്കി. ദൈവസ്നേഹം

www.malankaralibrary.com



കുടുംബത്തിൽ പ്രതിഫലിക്കുമ്പോൾ മാത്രമേ നമ്മൾ നസ്രത്തിലെ മാതാപിതാക്കന്മാരാകൂ.

ആധുനികലോകത്തിൽ വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ് വ്യക്തി, കുടുംബം, സമൂഹം, സഭ എന്നിവയൊക്കെയും. ഇവയിൽ കുടുംബത്തിലുണ്ടാകുന്ന മാറ്റങ്ങൾ നിശ്ചലമായ ജലാശയത്തിൽ ഉടലെടുക്കുന്ന തരംഗവ്യതിയാനങ്ങൾ എല്ലാ ഭാഗത്തേക്കും വ്യാപിക്കുന്നതുപോലെ സമൂഹത്തിലും വ്യക്തിയിലും സഭയിലും കാതലായ മാറ്റങ്ങൾ വരുത്തുന്നു. ദൈവമാണ് കുടുംബത്തെ രൂപീകരിക്കുന്നത്. വിവാഹജീവിതത്തിലൂടെ രണ്ടു വ്യക്തികൾ അനന്യമായ യേശുവിന്റെ വ്യക്തിത്വത്തോട്, കുരിശിൽ അന്വർത്ഥമായ അദമ്യസ്നേഹത്തോടു ചേർത്ത് സമർപ്പണത്തിന്റെ പാരമ്യത്തിലേക്ക് കടന്നുവരുന്നു. പരിപൂർണ്ണമായ സ്നേഹത്തിൽ അന്യോന്യം ദൈവമുമ്പാകെ നടത്തുന്ന സമർപ്പണത്തിന്റെ പ്രതിഫലനമാണ് വധൂവരന്മാരിൽ ദൈവം രൂഢമൂലമാക്കുന്ന പിതൃത്വവും മാതൃത്വവും. മലങ്കര ആരാധനക്രമത്തിൽ വിവാഹിതരാകുന്ന ദമ്പതികളെ മോതിരം അണിയിക്കുന്നത് കാർമ്മികൻ തന്നെയാണ്. പൗരോഹിത്യത്തിന്റെ ഉറവിടമായ നിത്യപുരോഹിതനായ യേശുതന്നെയാണ് സകല ബന്ധങ്ങളുടെയും അടിസ്ഥാനമെന്നും 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് ഞാനുണ്ട്' എന്ന ദൈവികമായ വാഗ്ദാനത്തിന്റെ സാക്ഷാത്കാരവും നിറവാർന്ന സാന്നിദ്ധ്യവും പുരോഹിതനിലൂടെ ആവിഷ്കരിക്കപ്പെടുന്നു. ഇപ്രകാരം പുരോഹിതനിലൂടെ അദൃശ്യനായ ദൈവം ദൃശ്യനായിത്തീരുകയും വധൂവരന്മാരുടെ ബന്ധത്തിന് സാക്ഷിയായിത്തീർന്ന് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

*ബത്തേരി രൂപതയിൽ സെമിനാരി റെക്ടറായിരിക്കുമ്പോൾ*
*......................സൺഡേസ്കൂൾ അദ്ധ്യാപകർക്ക് നൽകിയ വചനസന്ദേശം*

www.malankaralibrary.com

# 17

## പൗരോഹിത്യമെന്ന ദൈവികദാനം

പരമകാരുണ്യവാനായ ദൈവം ഒരു ജനതയ്ക്കു നൽകുന്ന സമ്മാനമാണ് പുരോഹിതൻ. ദൈവപിതാവിന്റെ സന്നിധിയിൽ സ്തോത്രയാഗമായി സ്വയം അർപ്പിച്ച കാരുണ്യവാനായ പുത്രൻത മ്പുരാന്റെ സമർപ്പണത്തോടു ചേർന്ന് നടത്തുന്ന വിശുദ്ധബലി. സകല മനുഷ്യർക്കും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു എന്ന് ആട്ടിടയന്മാരോടു ദൈവം അറിയിച്ച സന്തോഷവാർത്തയുടെ ജീവിതാനുഭവത്തിലേക്കുള്ള കടന്നുവര വാണ് പൗരോഹിത്യം. സൃഷ്ടിയുടെ പുസ്തകത്തിൽ നാം വായി ക്കുന്നു, ജനതകളുടെ പിതാവായി ദൈവം തിരഞ്ഞെടുത്ത അബ്രഹാം ദൈവമുമ്പാകെ കരുണയ്ക്കായി നിലവിളിക്കുന്ന രംഗം.

ഉല്പത്തി 18:24 "സോദോം നഗരത്തിൽ അമ്പത് നീതിമാന്മാരുണ്ടെ ങ്കിൽ നീ അതിനെ നശിപ്പിക്കുമോ". സോദോം നഗരത്തിൽ അമ്പത് നീതിമാന്മാരുണ്ടെങ്കിൽ അതിനെ നശിപ്പിക്കയില്ലെന്ന് അരുളിച്ചെയ്ത ദൈവത്തോട് അബ്രഹാം വീണ്ടും കരുണയ്ക്കായി യാചിക്കുന്നു.

"കർത്താവേ, കോപിക്കരുതേ! ഒരു തവണകൂടി മാത്രം ഞാൻ സംസാരിക്കട്ടെ. പത്തുപേരേ അവിടെ ഉള്ളുവെങ്കിലോ?". അവിടുന്ന് അരുളിച്ചെയ്തു: ആ പത്തുപേരെ പ്രതി ഞാൻ അതിനെ നശിപ്പിക്ക യില്ല. ജനത്തിനുവേണ്ടി കരുണ ഇരക്കുന്ന ഒരു യഥാർത്ഥ പുരോഹി തന്റെ ചിത്രം അബ്രഹാമിൽ അനാവൃതമാകുന്നതായി നാം കാണു

www.malankaralibrary.com



ന്നു. തിന്മ വർദ്ധിക്കുമ്പോൾ മാറത്തടിച്ചുകൊണ്ട് ജനത്തിനു കാരുണ്യം കരഗതമാക്കുവാൻ നിരന്തരം യത്നിക്കേണ്ടവനാണ് പുരോഹിതൻ.

സൃഷ്ടിയുടെ പുസ്തകത്തിൽ ദൈവം അബ്രഹാമിനു നൽകുന്ന അനുഗ്രഹം (ഉല്പത്തി 12/2-3) "നിന്റെ നാമം ഞാൻ മഹത്വമുള്ളതാക്കും. നീ അനുഗൃഹീതനാകുകയും ചെയ്യും. നിന്നെ ആശീർവ്വദിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നീവഴി ലോകത്തിലെ എല്ലാം വംശങ്ങളും അനുഗ്രഹിക്കപ്പെടും." ദൈവം അബ്രഹാത്തിനു നൽകിയ ഈ അനുഗ്രഹം തലമുറകളോളം കാത്തുപരിപാലിക്കുകയും ദൈവമനുഷ്യബന്ധത്തിന്റെ മഹത്വം ആവിഷ്കരിക്കുകയുമാണ് പൗരോഹിത്യത്തിന്റെ ലക്ഷ്യം. ദൈവം ഒരു തലമുറയ്ക്ക് നൽകുവാൻപോകുന്ന അനുഗ്രഹത്തിന്റെ ആദ്യകണ്ണിയായി സ്വയം സമർപ്പിക്കേണ്ടവനാണ് പുരോഹിതൻ. നിലത്തുവീണ് അഴിയുന്ന ഗോതമ്പുമണി സ്വയം ശൂന്യവല്ക്കരണത്തിലൂടെ പുതിയ ജീവന് ജന്മം നല്കുന്നതുപോലെ സ്വയം ശൂന്യനാക്കി സഭയുടെ നന്മയ്ക്കുവേണ്ടി ആത്മീയതയിൽ ദൈവമക്കൾക്ക് ജീവൻ നല്കുവാനുള്ള വിളിയാണ് പൗരോഹിത്യം. എന്നെപ്രതി വീടോ, നാടോ, മാതാപിതാക്കന്മാരെയോ, ലോകസമ്പത്തോ നഷ്ടമാക്കിയാൽ ഏഴിരട്ടിയായി തിരിച്ചുതരും എന്നുള്ള ദൈവത്തിന്റെ അറുതിയില്ലാത്ത തിരുവചനത്തെ ഉൾക്കൊണ്ട് സ്വയം നൽകുന്ന സമർപ്പണമാണ് പൗരോഹിത്യം. പുരോഹിതന്റെ ജീവിതത്തിലെ നഷ്ടപ്പെടുത്തൽ മഹത്വത്തിന്റെ ഭാഗമാണ്. പൗരോഹിത്യജീവിതത്തിലെ ത്യാഗം തലമുറയ്ക്കുവേണ്ടി സ്വരൂപിക്കുന്ന കരുണയുടെ പ്രവാഹമാണ്.

"ദാനമായി നിങ്ങൾക്ക് ഞാൻ നൽകി. ദാനമായിത്തന്നെ കൊടുക്കുവിൻ" എന്നരുളിച്ചെയ്ത പരമപിതാവിന്റെ നിലയ്ക്കാത്ത ദാനത്തിന്റെ ഉറവിടമായി പൗരോഹിത്യമെന്ന വിശിഷ്ടദൗത്യം ജനത്തിനു പകർന്നുകൊടുക്കുവാൻ ദൈവം ഒരുക്കുന്നവനാണ് പുരോഹിതൻ. സ്വർണ്ണവും വിശിഷ്ടവസ്ത്രവുമായി തന്നെ സന്ദർശിക്കുവാനെത്തിയ നാമാനോട് ഏലിയാപ്രവാചകൻ നൽകിയ മറുപടി ആധുനികലോകത്തിലെ പൗരോഹിത്യത്തിന്റെ മുഖമുദ്രയായി നാം സ്വീകരിക്കണം.

2. രാജാ. 5/ അങ്ങയുടെ ദാസനിൽനിന്ന് ഈ സമ്മാനം അങ്ങ്

www.malankaralibrary.com



സ്വീകരിക്കണം എലീശ്വാ പറഞ്ഞു. "ഞാൻ സേവിക്കുന്ന കർത്താവാണെ സ്വീകരിക്കുകയുമില്ല".

പ്രതിഫലേച്ഛയില്ലാതെ, മുഖപക്ഷമില്ലാതെ സകല ജനതയ്ക്കുമായി ദൈവം ഒരുക്കിയ സദ്വാർത്ത പകർന്നു കൊടുക്കുവാനുള്ള മഹനീയമായ വിളിയാണ് പൗരോഹിത്യം.

ജോൺപോൾ രണ്ടാമൻ മാർപാപ്പാ, തന്റെ പൗരോഹിത്യ സുവർണ്ണജൂബിലിസ്മാരകഗ്രന്ഥത്തിൽ പൗരോഹിത്യത്തെ ദാനവും രഹസ്യവുമായി വിശേഷിപ്പിക്കുന്നു. അതേ, പൗരോഹിത്യം മനുഷ്യനേട്ടത്തിൽ ആശ്രയിക്കാതെ ദൈവം നല്കുന്ന ദാനം, മനുഷ്യബുദ്ധിയിൽ ഇന്നേവരെ രൂഢമൂലമാകാത്ത ദൈവകരുണയുടെ നിസ്സീമമായ പ്രവാഹം. അനേക തലമുറകളിലേക്കു ദൈവം നൽകുന്ന നന്മയുടെ അനുസ്യൂതപ്രവാഹവും മനുഷ്യന്റെ നഗ്നനേത്രങ്ങളിൽ അനാവൃതമാക്കപ്പെടാൻ സാധിക്കാത്ത ദൈവികപ്രവർത്തനവുമാണ് പൗരോഹിത്യത്തിലൂടെ ഒരുവനു നൽകപ്പെടുന്നത്.

*നവവൈദികരുടെ പ്രഥമ ബലിയർപ്പണവേളയിൽ നടത്തിയ*
*.................................................................................അനുഗ്രഹപ്രഭാഷണം (2007)*

www.malankaralibrary.com



# 18

## ഇടയശുശ്രൂഷ

ദൈവതിരുസാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന ഈ ദൈവിക സങ്കേതത്തിലെ ഇന്നത്തെ വിശുദ്ധ ബലി വളരെയേറെ പ്രത്യേകത കളോടെ, മനംനിറയെ സന്തോഷത്തിൽ ദൈവപിതാവിന് സമർപ്പി ക്കുകയാണല്ലോ. നന്ദിയുടെയും നന്മയുടെയും വി. ബലി! പരിപാല നയുടെ വിസ്മയനീയവഴികളിലൂടെ നയിച്ച ദൈവപിതാവിനെ ഹൃദ യപൂർവ്വം ഈ സെമിനാരി കുടുംബം ഇന്നോർക്കുകയാണ്. ഇവിടെ നിന്ന് അറിവും അനുഭവവും അനുഗ്രഹമായി സ്വീകരിച്ച അനേക രോടു ചേർന്ന് നല്ല ദൈവത്തിന് കാർമ്മൽഗിരിയുടെ പേരിൽ കൃത ജ്ഞത സമർപ്പിക്കട്ടെ!

പെരിയാറിന്റെ മനോഹരതീരത്ത് ഒരു മനോഹരസൗധം. കേര ളസഭയിലെ ശുശ്രൂഷാപൗരോഹിത്യത്തിന് പ്രകാശഗോപുരം.

സുവിശേഷത്തെപ്രതി വീടും വീട്ടുകാരും നഷ്ടപ്പെട്ടവർക്ക് ഒരമ്മ!

ഈ അമ്മയുടെ മക്കൾ ഈ വിശുദ്ധസ്ഥലത്ത് വിശുദ്ധ കുർബ്ബാനയ്ക്ക് ഒരുങ്ങിവന്നിരിക്കുന്നു.

മാതൃസ്നേഹം ആഴമേറിയതാണ്.

മാതാവിന്റെ പരിലാളന ഒരാളിലോ ഒറ്റസംഖ്യയിലോ ഒറ്റപ്പെ ട്ടുപോകുന്നതല്ലല്ലോ.

www.malankaralibrary.com



അമ്മയുടെ സ്നേഹം വിശാലതയിലേക്കുള്ള വളർച്ചയുടെ തുടക്കമല്ലേ?

ഈ അമ്മയുടെ മക്കൾ - വിശാലതയിലെ അജപാലകരായവർ, ഈ വഴിയെ ഇനിയും നടക്കേണ്ടവർ - നാം ഇപ്പോൾ കേട്ട വചനം ഇടയശുശ്രൂഷയെക്കുറിച്ച് നമ്മെ അനുസ്മരിപ്പിക്കുന്നത് ജൂബിലി സന്ദേശമായി നമുക്ക് സ്വീകരിക്കാം.

**ഇടയശുശ്രൂഷ**

ഇടറുന്നവരുടെ ഇടയിൽ ഇടറാത്തവന്റെ സാന്നിദ്ധ്യം. ഇടമില്ലാത്തവർക്ക് ഇടം കൊടുക്കുന്നവന്റെ ശുശ്രൂഷ. പേരു പറഞ്ഞ് വിളിക്കുവാനും അടുത്തുനിർത്തുവാനും സാധിക്കുന്ന ഇടയൻ.

കാർമ്മൽഗിരി സെമിനാരിയുടെ സുവർണ്ണജൂബിലിയുടെ തിളക്കം, ഇവിടെ പരിശീലനം നേടിയ വൈദികരുടെ, ഇനിയും അഭിഷിക്തരാകുവാൻ ഒരുങ്ങുന്നവരുടെ അജപാലന ശുശ്രൂഷയുടെ തിളക്കമാണ്.

മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും - കള്ളൻ

ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും - യേശു

വർത്തമാനകാലത്തിലെ ഉപഭോഗസംസ്ക്കാരത്തിന്റെ, പ്രായോഗികതയുടെ ഇടയന്മാരും.

ദൈവമായിരുന്നിട്ടും ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ ദാസന്റെ രൂപം സ്വീകരിച്ച യേശുവെന്ന പ്രധാന ഇടയന്റെ അനുയായികളും.

ഇന്ന് ഇടയന്റെ ഏറ്റം ശ്രദ്ധേയമായ പരിഗണന എന്തിന് കൊടുക്കണം? ജീവന് എന്നു ഞാൻ പറയും. മനുഷ്യജീവിതത്തിന്റെ മഹത്വം തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്നു. ജീവന്റെ സമൃദ്ധിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഇടയശുശ്രൂഷ കാലഘട്ടത്തിന്റെ അനിവാര്യ ശക്തിയാകണം.

പേരു ചൊല്ലി വിളിക്കുവാൻ കഴിയുന്ന ഇടയബന്ധം
ദൈവത്തോട്
ദൈവജനത്തോട്
ദൈവജനകൂട്ടായ്മയായ സഭയിലെ പ്രധാന ഇടയനോട്,

www.malankaralibrary.com



സഹ ഇടയനോട്

അതിവേഗം അതിദൂരം എന്ന പ്രായോഗികതയിൽ കൈമോശം വരുന്ന ബന്ധം ഇടയശുശ്രൂഷയെ ഇന്ന് ബലഹീനമാക്കിയിട്ടുണ്ട്.

ഒറ്റപ്പെട്ട തുരുത്തുകൾ.

അതിവേഗം പായുന്ന മൊബൈലും അതിലും വേഗത്തിലെത്താൻ ശ്രമിക്കുന്ന വാഹനവും സ്വന്തമായുണ്ടെങ്കിലും ഇടയനെ കൈയിൽ കിട്ടുന്നില്ലായെന്നല്ല, കാണാൻപോലും കിട്ടുന്നില്ലായെന്ന പരാതി ആടുകളിൽനിന്നുണ്ട്.

**മുമ്പേ നടക്കുവാനുള്ള ആർജ്ജവം**

ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാകുന്നുവെന്ന പൗലോസ് അപ്പസ്തോലന്റെ സാക്ഷ്യത്തിൽ ദൈവികത കണ്ട് ബലഹീനനെങ്കിലും ബലമുള്ള ദൈവത്തെ മുറുകെപിടിച്ച് ആടുകളിൽ മുൻപേ നടക്കുവാനുള്ള നിയോഗം ആടുകളുടെ ഇടയരായ നമുക്കുണ്ടല്ലോ.

ഒന്നാമന്റെ നേതൃത്വം ശ്രദ്ധിക്കപ്പെടുന്നതാണല്ലോ.

**കുറേക്കാലത്തേക്കല്ലാ മുഴുവൻ ആയുസ്സും യാഗമായി അർപ്പിക്കുവാനുള്ള സമർപ്പണബുദ്ധി**

ഒരു കുടുംബത്തിന്റേത് മാത്രമായിരുന്ന നാം അനേകായിരം കുടുംബങ്ങളുടെ സ്വന്തമായിരിക്കുന്നതിന്റെ മഹത്വം നാം ശ്രദ്ധിക്കേണ്ടതല്ലേ?

ഇടയശുശ്രൂഷ ഏറെ പ്രസക്തമാണിന്ന്.

സ്വാർത്ഥത, മോഷ്ടിക്ക, കൊല്ലുക, നശിപ്പിക്കുക.

അധികാരം വർഗ്ഗവും വംശവും ചിന്തയേകുന്നു.

സുവിശേഷത്തെപ്രതി കുറേ 'വിഡ്ഢികൾ' കേരളത്തിനാവശ്യമില്ലേ?

*കർമ്മലഗിരി സെമിനാരിയുടെ സുവർണ്ണജൂബിലിയിൽ*
*...............വിശുദ്ധ കുർബാന മദ്ധ്യേ നടത്തിയ സുവിശേഷപ്രസംഗം.*

www.malankaralibrary.com

# 19

# പുനരൈക്യപ്രസ്ഥാനം സുവർണ്ണജൂബിലി പഥങ്ങളിൽ

1930 സെപ്റ്റംബർ 20! സഭാചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളാൽ എഴുതപ്പെട്ട സുദിനം. അന്നാണ് ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് തിരുമേനിയും കൂട്ടരും തങ്ങളുടെ സത്യാന്വേഷണത്തിന്റെയും സമർപ്പണത്തിന്റെയും ഫലമായി കത്തോലിക്കാസഭയിൽ ചേർന്നത്. അങ്ങനെ പുനരൈക്യപ്രസ്ഥാനം ഉദയം ചെയ്തു.

**പുനരൈക്യപ്രസ്ഥാനം : ഉത്ഭവം**

മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു വൈദികമേലദ്ധ്യക്ഷനായിരുന്നു മാർ ഇവാനിയോസ് എം. എ. അച്ചൻ, സെമിനാരി പ്രിൻസിപ്പൽ, ആബോ ഗീവറുഗീസ് എന്നിങ്ങനെ അദ്ദേഹം അറിയപ്പെട്ടിരുന്നു. അധികാരവടംവലിയും കേസുകളും നിമിത്തം, തന്റെ സഭയിൽ ശാശ്വതസമാധാനമുണ്ടാകുക ദുഷ്കരമാണെന്നു മനസ്സിലാക്കിയ തിരുമേനി 1919-ൽ സ്ഥാപിച്ചതാണ് 'ബഥനി'. മലങ്കര ഓർത്തഡോക്സ് സഭയിൽ സമാധാനവും ആദ്ധ്യാത്മികതയും ഉറപ്പിക്കുകയായിരുന്നു 'ബഥനി'യുടെ സ്ഥാപനംവഴി അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. ആർഷഭാരതത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്ന രീതിയിലാണ് അദ്ദേഹം 'ബഥനി'യെന്ന തന്റെ ആശ്രമം സ്ഥാപിച്ചത്.

www.malankaralibrary.com



സമാധാനകാംക്ഷിയായിരുന്ന അദ്ദേഹം സത്യാന്വേഷണ പരിശ്രമഫലമായി കത്തോലിക്കാസഭയിലാണ് യഥാർത്ഥമായ സമാധാനം ദർശിച്ചത്. തന്റെ ബഥനിക്കു വളരുവാനുള്ള വളക്കൂറുള്ള മണ്ണ് അതാണെന്ന് പിൽക്കാലത്ത് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടതിൽ അത്ഭുതത്തിനവകാശമില്ല.

1925-ൽ അദ്ദേഹം മെത്രാൻസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. മെത്രാഭിഷേകത്തിനുമുമ്പ് കൽക്കദോനിയാ സൂനഹദോസിനെയും ലെയോ മാർപാപ്പായേയും ശപിച്ചുകൊണ്ടുള്ള വാചകം ചൊല്ലുകയും അതിൽ ഒപ്പിടുകയും ചെയ്യണമെന്നുള്ള നിയമമനുസരിച്ചു പ്രവർത്തിക്കുവാൻ തിരുമേനി വൈമനസ്യം പ്രകടിപ്പിച്ചു. കൽക്കദോനിയാ സൂനഹദോസിനെയും ലെയോ മാർപാപ്പായേയും ശപിക്കുവാൻ താൻ സന്നദ്ധനല്ലെന്നും അപ്രകാരം ശപിച്ചശേഷം മാത്രമേ മെത്രാനായി തന്നെ അഭിഷേചിക്കുകയുള്ളുവെങ്കിൽ മെത്രാൻസ്ഥാനം സ്വീകരിക്കുവാൻ താൻ തയ്യാറല്ലെന്നും അഭിഷേകകർമ്മത്തിനായി എത്തിയിരുന്ന മെത്രാന്മാരെ വന്ദ്യതിരുമേനി അറിയിക്കുകയുണ്ടായി. ഈ പ്രശ്നത്തിൽ ഇതികർത്തവ്യതാമൂഢരായിത്തീർന്ന കാതോലിക്കാ ബാവയും മെത്രാന്മാരും അവസാനം 'ശാപവചനം' ചൊല്ലിക്കാതെയും അതിൽ ഒപ്പിടുവിക്കാതെയും 'മാർ ഇവാനിയോസ്' എന്ന അഭിധാനത്തിൽ കഥാപുരുഷനെ മെത്രാനായി അഭിഷേചിക്കയാണുണ്ടായത്. (ആർച്ചുബിഷപ്പ് മാർ ഇവാനിയോസ്, ഒന്നാംഭാഗം, പേജ് 258). ഇതിൽനിന്നും തിരുമേനിക്കു കത്തോലിക്കാസഭയെപ്പറ്റിയുണ്ടായിരുന്ന മതിപ്പു നിഷ്പ്രയാസം മനസ്സിലാക്കാമല്ലോ. ഈ മതിപ്പ് അദ്ദേഹത്തെ സത്യാന്വേഷണത്തിലേക്കു പിന്നീടു നയിച്ചുവെന്നതാണു സത്യം.

മാർ ഇവാനിയോസ് നടത്തിയ പുനരൈക്യാലോചനകൾ അദ്ദേഹത്തിന്റേതു മാത്രമായിരുന്നില്ല, മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരുടേതുകൂടിയായിരുന്നു എന്നതാണു മറ്റൊരു സവിശേഷത. അതിനുള്ള തെളിവുകൾ ഇവിടെ ഉദ്ധരിക്കട്ടെ: "ഞങ്ങൾ സൂനഹദോസു കൂടി. അദ്ധ്യക്ഷനായി കാതോലിക്കാബാവയും സെക്രട്ടറിയായി നാമും (മാർ ഇവാനിയോസ്) പ്രവർത്തിച്ചു. സൂനഹദോസിലെ ആലോചനാവിഷയം റോമൻ കത്തോലിക്കാസഭയുമായുള്ള പുനരൈക്യമായിരുന്നു. അന്ത്യോക്യാസഭയുടെ കാനോനാകളും നടപടികളും അംഗീകരിക്കുകയും മലങ്കരയ്ക്കു സ്വദേശി

www.malankaralibrary.com



കളായ മേൽപ്പട്ടക്കാരെ തലമുറ തലമുറയായി ലഭിക്കുകയും ചെയ്യ ത്തക്കവിധത്തിൽ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യ പ്പെടുന്നതിനുവേണ്ട എഴുത്തുകുത്തുകൾ നടത്തുന്നതിന് ആ സുന ഹദോസ് നമ്മെ ചുമതലപ്പെടുത്തി." (ആർച്ചുബിഷപ്പ് മാർ ഇവാനി യോസ് Vol. I പേജ് 264). ഇതിൽനിന്നും മെത്രാന്മാരുടെ അംഗീകാ രത്തോടും ആശീർവ്വാദത്തോടുംകൂടിയാണ് മാർ ഇവാനിയോസ് പുന രൈക്യാലോചനകൾ നടത്തിയതെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ലൗകികമായ നേട്ടങ്ങളുണ്ടായപ്പോൾ അവരെല്ലാവരും അതിൽനിന്നു പിന്തിരിയുകയും പുനരൈക്യശ്രമത്തെ പരാജയപ്പെടുത്താൻ ശ്രമി ക്കുകയുമത്രേ ചെയ്തത്. എന്നാൽ, സത്യം ഗ്രഹിച്ചവനായ തിരു മേനി തെല്ലും ചഞ്ചലപ്പെട്ടില്ല. ക്രിസ്തു സ്ഥാപിച്ച സഭയുടെ പൂർണ്ണത അദ്ദേഹം കത്തോലിക്കാസഭയിൽ കണ്ടെത്തി. ദൈവത്തിൽ പരി പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് അദ്ദേഹം തന്റെ മുൻഗാമികൾ കാംക്ഷിച്ചതായ പുനരൈക്യത്തിനുവേണ്ടി, അക്ഷീണം പരിശ്രമിച്ചു കൊണ്ടിരുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം തന്നെ സഹായിച്ചു കൊണ്ടിരുന്നു, മാർ തെയോഫിലോസ് തിരുമേനി. ആ വന്ദ്യതാതന്റെ പ്രാർത്ഥനാശീലം മലങ്കരമക്കൾക്ക് ഒരിക്കലും മറക്കാനാവില്ല. 1926 നവംബറിൽ മാർ ഇവാനിയോസ് റോമിലേക്ക് ഒരു അപേക്ഷ അയ ക്കുകയുണ്ടായി. പുനരൈക്യപ്പെടുന്നവർക്ക് തങ്ങളുടെ ആചാരാ നുഷ്ഠാനങ്ങൾ നഷ്ടപ്പെടരുത് എന്ന വലിയ ആഗ്രഹം അദ്ദേഹത്തി നുണ്ടായിരുന്നു. റോമിലേക്ക് അയച്ച അപേക്ഷയിൽതന്നെ ഇതു പറ ഞ്ഞിട്ടുണ്ട്. "പൗരാണികമായ റീത്തും ആചാരാനുഷ്ഠാനങ്ങളും അനുവദിച്ചുകൊണ്ടുള്ള" പുനരൈക്യമാണ് അദ്ദേഹം വിഭാവനം ചെയ്തത്. (പുനരൈക്യരേഖകൾ പേജ് 68). പല എഴുത്തുകുത്തു കൾക്കുശേഷം 1930 ജൂലായ് മാസത്തിൽ റോമിൽനിന്നും പുനരൈ ക്യപ്രസ്ഥാനത്തിന് അനുമതി നൽകുകയുണ്ടായി. 1930 ആഗസ്റ്റ് 20 ന് തന്റെ ഭവനമായ ബഥനിയോട് അദ്ദേഹം യാത്ര പറഞ്ഞിറങ്ങി. 'മുണ്ടൻമലയിൽ' വസ്തുവകകളും സമ്പാദ്യങ്ങളുമെല്ലാം ഉപേക്ഷിച്ച് പുനരൈക്യത്തിന് ആഗ്രഹമുള്ളവരോടുകൂടി അവിടെനിന്നിറങ്ങി കാനാൻനാട്ടിലേക്കു യാത്ര തുടർന്നു. (മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം പേജ് 395).

**1930 സെപ്റ്റംബർ 20**

മാർ ഇവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോ

www.malankaralibrary.com



ഫിലോസ് മെത്രാനും ബഹു. ജോൺ O.I.C.അച്ചനും അലക്സാണ്ടർ ശെമ്മാശനും കിളിലേത്തു ചാക്കോയും കൊല്ലം രൂപതയുടെ മെത്രാൻ അഭിവന്ദ്യ ബെൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാ സഭയിൽ പ്രവേശിച്ചു. അതോടെ കേരള ക്രൈസ്തവസഭയിൽ പുനരൈക്യപ്രസ്ഥാനം എന്ന ദീപശിഖ ജ്വലിക്കുകയായി. കേവലം അഞ്ചുപേർ ചേർന്നാരംഭിച്ച ഈ പ്രസ്ഥാനം ദൈവപരിപാലനയിൽ പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത അഭിമാനജനകമാണ്.

**മലങ്കര കത്തോലിക്കാ ഹൈരാർക്കി**

1932 ജൂൺ 11 ന് 'Cristo Pastorum Principi' എന്ന ചാക്രികലേഖനം വഴി പരി. പിതാവ് പതിനൊന്നാം പീയൂസ് മാർപാപ്പാ മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപിച്ചു. തിരുവനന്തപുരം, തിരുവല്ല രൂപതകളേ അന്നുണ്ടായിരുന്നുള്ളൂ. 1979 ഫെബ്രുവരി 2 ന് ബത്തേരി രൂപതയും പ്രാബല്യത്തിൽ വന്നു. മാർ ഇവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെത്തുടർന്ന് ഓർത്തഡോക്സ് സഭയിലെ പ്രമുഖന്മാരായിരുന്ന ദിവ്യശ്രീമാന്മാരായ ചേപ്പാട്ടു പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ജോസഫ് റമ്പാനും 1930 സെപ്റ്റം. 21 നു കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനാധിപനായിരുന്ന ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത 1938 ലും ക്നാനായ സഭാധിപൻ മാർ ദിയോസ് കോറസ് മെത്രാപ്പോലീത്ത 1939 നവംബർ 12 നും തൊഴിയൂർസഭയുടെ മെത്രാപ്പോലീത്ത മാർ പീലക്സിനോസ് തിരുമേനി 1977 ലും കത്തോലിക്കാ സഭാമാതാവിനെ ആശ്ലേഷിച്ചു. തിരുവനന്തപുരം അതിരൂപതയിൽ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായെ പിന്തുടർന്നു അഭിവന്ദ്യ മാർ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പ്രശസ്തമായ സേവനം നടത്തിവരുന്നു. അദ്ദേഹത്തിന്റെ ധീരമായ നേതൃത്വം പുനരൈക്യപ്രസ്ഥാനത്തിനു ശക്തിയും ഓജസ്സും പകർന്നുകൊണ്ടിരിക്കുന്നു. അഭിവന്ദ്യ മാർ പീലക്സിനോസ് തിരുമേനി തിരുവനന്തപുരം അതിരൂപതാ എപ്പിസ്കോപ്പൽ വികാരിയായി പ്രവർത്തിക്കുന്നു. അതിലുമുപരി പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും തന്റെ ജീവിതസാക്ഷ്യംകൊണ്ടു അതിനു പ്രചാരം നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു. തിരുവല്ല രൂപതയിൽ മാർ തെയോഫിലോസിനെ

www.malankaralibrary.com



തുടർന്നു മാർ സേവേറിയോസ് മെത്രാപ്പോലീത്തായും മാർ അത്തനാസിയോസ് മെത്രാനും വിശ്വസ്തസേവനമനുഷ്ഠിച്ചു നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇപ്പോഴത്തെ ഇടയൻ വിനയാന്വിതനും സേവനതല്പരനുമായ മാർ യൂഹാനോൻ തിരുമേനിയാണ്. ബത്തേരി രൂപതയെ നയിക്കുന്നതു പണ്ഡിതനും മലങ്കരസഭയുടെ കാര്യങ്ങളിൽ തല്പരനുമായ മാർ ബസേലിയോസ് തിരുമേനിയാണ്. ഈ അഭിവന്ദ്യ പിതാക്കന്മാരുടെ കൂട്ടായ നേതൃത്വം പുനരൈക്യപ്രസ്ഥാനത്തിനു അനുഗ്രഹമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ മലങ്കര യാക്കോബായ ഓർത്തഡോക്സ് സഭകളിലെ നിരവധി വൈദികരും വിശ്വാസികളും സാർവ്വത്രിക കൂട്ടായ്മയിലേക്കു പ്രവേശിച്ചുകൊണ്ടിരുന്നു. ആദ്യകാലങ്ങളിൽ വൈദികരുടെ അഭാവം പുനരൈക്യപ്രസ്ഥാനത്തെ വിഷമിപ്പിച്ചിട്ടുണ്ട്. എന്നാൽ, നമ്മുടെ സീറോ മലബാർ റീത്തിലെ ബഹു. വൈദികർ തങ്ങളുടെ വിലയേറിയ സേവനങ്ങളാൽ മലങ്കര കത്തോലിക്കാസഭയെ ഉണർവ്വുള്ളവളാക്കിയിട്ടുണ്ട്. ഇന്നും അനേകം വൈദികരും കന്യാസ്ത്രീകളും പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രയത്നിക്കുന്നുണ്ട്. തിരുവനന്തപുരം അതിരൂപതാ വികാരി ജനറാൾ മോൺ. സി. റ്റി. കുരുവിള, ബത്തേരി രൂപതാ വികാരി ജനറാൾ മോൺ. മാത്യു നെടുങ്ങാട്ട് എന്നിവർ അവരിൽ പ്രമുഖരാണ്. അങ്ങനെ, മലങ്കര പുനരൈക്യപ്രസ്ഥാനം മുൻപോട്ടു നീങ്ങുകയാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ മലങ്കര കത്തോലിക്കാസഭ ഒരു തിരിഞ്ഞുനോട്ടം നടത്തുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. കേരളത്തിലെ അകത്തോലിക്കാ സഭകളെ ശരിയായ മാർഗ്ഗത്തിലേക്കു നയിക്കേണ്ടതു മലങ്കര കത്തോലിക്കാസഭയുടെ ചുമതലയാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലങ്ങളിൽ ഈ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിൽ വളരെയധികം ഉത്സാഹവും ഉണർവ്വും ദൃശ്യമായിരുന്നു. എന്നാൽ, ഇന്ന് ഈ ലക്ഷ്യത്തിൽ നാം പുറകോട്ടു പോയിക്കൊണ്ടിരിക്കുകയല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സമുദായവഴക്കുകൾമൂലം സമാധാനമില്ലാതെ വലയുന്ന മലങ്കരയിലെ നമ്മുടെ യാക്കോബായ-ഓർത്തഡോക്സ് സഭകളിലെ സഹോദരന്മാരെപ്പറ്റി നമുക്കു യാതൊന്നും ചിന്തിക്കുവാനില്ലേ? പ്രവർത്തിക്കു

www.malankaralibrary.com



വാനില്ലേ? ഈ കാര്യത്തിൽ പുനരൈക്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടത് കേരളത്തിലെ സീറോ മലബാർ ലത്തീൻ റീത്തുകളുടെയും ചുമതലയാണ്. പുനരൈക്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽകൂടെ കത്തോലിക്കാ തിരുസഭയുടെ സാർവ്വത്രികത വിസ്തൃതമാക്കുകയാണെന്ന ബോധം എല്ലാവരിലും ഇന്നു കാണുന്നുണ്ടോ? കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായിനിന്നു പ്രവർത്തിച്ചാൽ കേരള ക്രൈസ്തവസഭയിൽ അത്ഭുതം സൃഷ്ടിക്കുവാൻ സാധിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. പുനരൈക്യ ജൂബിലിയാഘോഷങ്ങൾ വെറും ബാഹ്യമായ ഒരു ചടങ്ങായിമാത്രം തീർക്കാതെ മലങ്കരസഭ സമുദായനേതൃത്വം മുതൽ അടിവരെ ഒരു വിചിന്തനം നടത്തി, ഏതു ലക്ഷ്യ ത്തിനായി നാം ഇറങ്ങിത്തിരിച്ചുവോ ആ ലക്ഷ്യപ്രാപ്തിക്കായി കൂടുതൽ ഓജസ്സോടും ഉത്സാഹത്തോടും കൂടി പ്രവർത്തിക്കേണ്ടതല്ലേ എന്ന് ഈ മലങ്കരമകൻ ആഗ്രഹിക്കുന്നതിൽ തെറ്റില്ലെന്നു കരുതുന്നു. കേരള കത്തോലിക്കാസഭ ഒന്നായിനിന്ന് പുനരൈക്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും അങ്ങനെ ഒരു തൊഴുത്തും ഒരിടയനുമാകുവാൻ ഈ ജൂബിലി സഹായിക്കുകയും ചെയ്യട്ടെയെന്ന് ആശംസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*.............................................................സത്യദീപം, 1980 സെപ്റ്റംബർ 17*

www.malankaralibrary.com

# 20

## സഭ, രൂപത, കുടുംബം - കൂട്ടായ്മയുടെ അനുഭവത്തിൽ

അന്ധനായ തോബിത് തന്റെ ഏകമകൻ തോബിയാസിനെ യാത്രയിൽ സഹായിക്കാൻ തയ്യാറായിവന്ന യുവാവിനോട് ചോദിച്ചു: "...... സഹോദരാ, നീ ഏത് ഗോത്രത്തിലും കുടുംബത്തിലും പെട്ടവനാണ്...... സഹോദരാ, നിന്റെ ആളുകൾ ആരെന്നും നിന്റെ പേരെന്തെന്നും അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. അവൻ പറഞ്ഞു : നിന്റെ ചാർച്ചക്കാരിൽപെട്ട മഹാനായ അനന്യാസിന്റെ പുത്രൻ അസറിയാസ് ആണ് ഞാൻ. തോബിത് പറഞ്ഞു: സഹോദരാ നിനക്കു സ്വാഗതം. നിന്റെ ഗോത്രവും കുടുംബവും ആരാഞ്ഞതിൽ എന്നോടു കോപിക്കരുതേ! നീ എന്റെ ചാർച്ചക്കാരനാണ്. ശ്രേഷ്ഠമായ പാരമ്പര്യവും നിനക്കുണ്ട്." (തോബിത് 5:10-12). തന്റെ മകന്റെ സഹായി ശ്രേഷ്ഠമായ പാരമ്പര്യമുള്ളവനായിരിക്കണമെന്ന് തോബിത് ആഗ്രഹിച്ചു. സഹായിയായി വന്നവൻ ശ്രേഷ്ഠമായ പൈതൃകത്തിന്റെ അവകാശിയും തന്റെ ചാർച്ചക്കാരനുമാണെന്ന കണ്ടെത്തൽ തോബിത്തിനെ ഏറെ സന്തോഷിപ്പിച്ചു.

തോബിയാസും സഹായിയുംകൂടി ദീർഘയാത്ര ചെയ്ത് എക്ബത്താനായിൽ റെഗുവേലിന്റെ ഭവനത്തിൽ എത്തി. തോബിയാസിനെ ആദ്യമായി കണ്ട റെഗുവേൽ തന്റെ ഭാര്യ എദ്നായോടു പറഞ്ഞു: "ഈ യുവാവിന് എന്റെ പിതൃവ്യപുത്രൻ തോബിത്തിന്റെ

www.malankaralibrary.com



നല്ല ഛായ.... തോബിയാസ് പറഞ്ഞു : തോബിത് എന്റെ പിതാവാണ്. ഉത്തമനും കുലീനനുമായ തോബിത്തിന്റെ പുത്രൻ എന്നു പറഞ്ഞ് റെഗുവേൽ തോബിയാസിനെ അനുഗ്രഹിച്ചു".

സ്വന്തക്കാർ തമ്മിൽ തിരിച്ചറിയുമ്പോഴുള്ള സന്തോഷവും സംതൃപ്തിയും വിവരണാതീതമാണ്. ഉദാത്തമായ പൈതൃകത്തിന്റെ ഉടമയാണെന്ന അറിവ് ഏതൊരുവനെയും സംസ്കൃതനാക്കും. ഒരേ പൈതൃകത്തിന്റെ അവകാശിയാണെന്ന അറിവ് പരസ്പര ആദരവും അംഗീകാരവും വർദ്ധിപ്പിക്കും. കുടുംബയോഗവും കുടുംബചരിത്രവും പൈതൃകങ്ങൾ കണ്ടെത്തി അവയെ പരിപോഷിപ്പിച്ച് സമൂഹത്തെ കൂടുതൽ സംസ്കാരസമ്പന്നവും ആദ്ധ്യാത്മികവുമാക്കാനുതകുന്ന മാദ്ധ്യമങ്ങളാണ്.

ചങ്ങനാശേരി അതിരൂപതയെന്ന സീറോ മലബാർസഭയുടെ ഈ പ്രദേശത്തെ കൂട്ടായ്മ അതിന്റെ ശ്രേഷ്ഠ ചരിത്രവഴികളിൽ ഒരു സുവർണ്ണ ഘട്ടം പിന്നിടുന്നു. നമ്മുടെ കർത്താവിന്റെ ശിഷ്യഗണത്തിലെ മാർത്തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്താൽ രൂപീകൃതമായ ഭാരതത്തിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ കത്തോലിക്കാ കൂട്ടായ്മയുടെ ഇടമുറിയാത്ത ചരിത്രമാണ് ചങ്ങനാശേരി അതിരൂപതയ്ക്ക്. സഭാജീവിതം സജീവമാക്കി മുന്നേറുന്ന സീറോ മലബാർ സഭയുടെ ഏറ്റം വളക്കൂറുള്ള മണ്ണിൽ - ചങ്ങനാശേരിയിൽ - 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന പ്രസക്ത പ്രമേയത്തിന്റെ ചുരുളഴിക്കുകയാണ്. 'മിശിഹാനുഭവം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും' കുടുംബമെന്നതുപോലെ നിർവ്വഹിക്കുവാൻ.

ത്രിത്വാധിഷ്ഠിതമായ ഒരു സഭാദർശനത്തിന്റെ പിന്തുടർച്ചക്കാരാണ് നമ്മൾ. ദൈവം മൂന്നാളുകളുടെ കൂട്ടായ്മയായ ഏക സാരാംശം എന്ന വെളിപ്പെടുത്തപ്പെട്ട സത്യം, വിശ്വാസമായി നാം ഏറ്റുപറയുന്നു. സാരാംശത്തിൽ കൂട്ടായ്മയായിരിക്കുന്ന ഏകദൈവത്തിന്റെ മക്കൾ ഉൾച്ചേർന്ന സഭ പ്രഥമവും പ്രധാനവുമായി ഒരു കൂട്ടായ്മയാണ്. പിതാവിന്റേയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച സർവ്വരെയും ഏക തൊഴുത്തും ഏക ഇടയനും എന്ന വലിയ കൂട്ടായ്മയിലേക്ക് ദൈവം ക്ഷണിക്കുന്നു. സഭ ദൈവത്തിന്റെ സഭയാകാൻ, ദൈവം കൂട്ടായ്മയാകയാൽ, എല്ലാ തലങ്ങളിലും കൂട്ടായ്മയിൽ അധിഷ്ഠിതമായിരി

www.malankaralibrary.com



ക്കണം. ഇപ്രകാരം മനുഷ്യമക്കൾ മാത്രമല്ല മനുഷ്യ മക്കളുടെ കൂട്ടായ്മയായ സഭയും ദൈവത്തിന്റെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടവളാണ്. യേശുക്രിസ്തുവിലൂടെ പിതാവായ ദൈവത്തിന്റെ മക്കളായി പരിശുദ്ധാത്മാവ് സഭയിലൂടെ നമ്മളെ ഒന്നാക്കുന്നു. ഈ കൂട്ടായ്മയിലേക്കുള്ള രൂപാന്തരീകരണത്തിന്റെ ഏറ്റവും മൂർത്തമായ അനുഭവമാണ് വി. കുർബാന അഥവാ Holy Communion. വി. കുർബാനയെ കൂട്ടായ്മയായിട്ടാണ് നാം മനസ്സിലാക്കുന്നത്. വി. കുർബാനയിൽ ദൈവം നമ്മെ കൂട്ടായ്മയായി ക്ഷണിക്കുന്നു. സ്വർഗ്ഗീയ അപ്പം തന്ന് മക്കളായി നമ്മെ വളർത്തുന്നു. ഇതേ അനുഭവമാണ് കുടുംബത്തിന്റെ അനുഭവം. സഭയെന്ന വലിയ കുടുംബത്തിന്റെ പ്രാദേശികമായ അനുഭവമാണ് അതിരൂപതയെന്ന വലിയ കുടുംബം. അതിരൂപതയെന്ന വലിയ അമ്മ മക്കൾക്ക് സ്വർഗ്ഗീയ അപ്പം കരഗതമാക്കി അവരുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കും ഐശ്വര്യത്തിനുമായി പൂർണ്ണമായ സമർപ്പണത്തിലേർപ്പെട്ടിരിക്കുന്നു. നല്ല ഇടയനായ കർത്താവിനോട് ചേർന്ന് ദൈവമക്കളെ പച്ചയായ പുൽത്തകിടികളിലേക്കും ശാന്തമായ ജലാശയത്തിലേക്കും ഈ അതിരൂപത നയിക്കുന്നു. അതിരൂപതയായി കൂട്ടായ്മയുടെ കുടുംബത്തിന്റെ ഉത്തമസാക്ഷ്യം നല്കുന്നതുകൊണ്ടാണ് കേരളത്തിൽതന്നെ ചങ്ങനാശേരി അതിരൂപതയ്ക്ക് ജീവസ്സുറ്റ ദൈവികമായ സാക്ഷ്യവും നേതൃത്വവും നല്കുവാൻ സാധിക്കുന്നത്. വിദ്യാഭ്യാസരംഗത്തും, സാമൂഹികരംഗത്തും അതിരൂപത നല്കുന്ന കൂട്ടായ നേതൃത്വത്തെയോ സഭയ്ക്കെതിരെ പ്രശ്നങ്ങളുണ്ടാകുമ്പോൾ കേരളത്തിലെ എല്ലാ ക്രൈസ്തവരെയും ഒരു കുടക്കീഴിൽ അണിനിരത്തുവാനുള്ള അതിരുപതയുടെ പാരമ്പര്യത്തേയോ മാത്രമല്ല ഞാനുദ്ദേശിക്കുന്നത്. സജീവമായ കൂട്ടായ്മയിൽ ഓരോ കുടുംബത്തേയും കാത്തുസൂക്ഷിക്കുവാൻ അതിരൂപതയെന്ന വലിയ കുടുംബം നല്കുന്ന ജാഗ്രതയും ശ്രദ്ധയും മാതൃകാപരമാണ്, അനുകരണീയമാണ്. കുടുംബങ്ങളിലൂടെയാണ് സഭ തലമുറകളിലേക്കുള്ള വിശ്വാസകൈമാറ്റം ഉറപ്പാക്കുന്നത്. കുടുംബങ്ങളിലൂടെയാണ് വിശ്വാസം തലമുറകളിലേക്ക് സംവഹിക്കപ്പെടുന്നത്. സ്ത്രീയും പുരുഷനുമായി മനുഷ്യമക്കളെ സൃഷ്ടിച്ച് അവരെ ഒന്നാക്കി ഉത്തമ സന്താനങ്ങളെ അവർക്ക് നല്കുന്നത് ദൈവമാണ്. സഭയ്ക്ക് നേരേയുള്ള ഏറ്റവും വലിയ ആക്രമണം കുടുംബങ്ങൾക്കുനേരേയുള്ള ആക്രമണങ്ങളാണ്. വിശ്വാസത്തിന്റെ ഉൾക്കാഴ്ചയിലൂടെ ഇത് തിരിച്ചറിഞ്ഞുകൊണ്ട് അതിരൂപത "പിട

www.malankaralibrary.com



ക്കോഴി തന്റെ ചിറകുകൾക്കുള്ളിൽ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതുപോലെ" രൂപതയിലെ ഓരോ കുടംബത്തേയും അടിസ്ഥാന ക്രൈസ്തവദർശനത്തിലും ക്രിസ്തീയമൂല്യങ്ങളിലും സംരക്ഷിക്കുന്നു. ഓരോ കുടുംബവും പ്രാർത്ഥിക്കുന്ന ഭവനങ്ങളാണ് എന്നുറപ്പു വരുത്തുവാൻ വിവിധതലത്തിലുള്ള ശുശ്രൂഷാ ക്രമീകരണങ്ങൾ അതിരൂപതയിലുണ്ട് എന്ന് നമുക്കറിയാം. മക്കളെ വളർത്തി വലുതാക്കുവാൻ ബദ്ധശ്രദ്ധയായ ഈ അമ്മയെ അതുകൊണ്ടാണ് മക്കൾ സ്നേഹിക്കുന്നതും, അതിരൂപതയുടെ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാകുന്നതും.

സ്വാർത്ഥതയുടെ വലിയ വേലിയേറ്റമാണ് ഈ ഉപഭോഗസംസ്കാരത്തിൽ നടക്കുന്നത്. ഉത്തമമായ ക്രിസ്തീയബോദ്ധ്യമുള്ളവർക്ക് മാത്രമേ കൂട്ടായ്മയിലധിഷ്ഠിതമായ ഒരു വ്യക്തിത്വത്തെ രൂപീകരിക്കുവാൻ സാധിക്കുകയുള്ളു. മറ്റുള്ളവരോട് ചേർന്നു പ്രവർത്തിക്കുവാനും മറ്റുള്ളവരെ ബഹുമാനിക്കുവാനും വ്യക്തികൾക്ക് സാധിക്കണമെങ്കിൽ കൂട്ടായ്മ തന്നെയായ ദൈവത്തിന്റെ സ്വാധീനം ഓരോ വ്യക്തിയുടെയും മേൽ ഉണ്ടായിരിക്കണം. കുടുംബജീവതത്തിന്റെ വിജയത്തിനും ദൈവോന്മുഖരായ, പരോന്മുഖരായ വ്യക്തികൾ അത്യാവശ്യമാണ്. അങ്ങനെ മാത്രമേ ഉത്തമമായ കുടുംബബന്ധങ്ങൾ ഉണ്ടാവൂ. കുടുംബങ്ങൾ ക്രിസ്തീയ കൂട്ടായ്മയിൽ വളർന്നാലേ സഭയെന്ന് വലിയ കുടുംബത്തിന് ദൈവിക കൂട്ടായ്മയുടെ സാക്ഷ്യം നല്കാനാവൂ.

ചങ്ങനാശേരി അതിരൂപതയെന്ന മഹാകുടുംബത്തിൽ ഇടയന്മാരുടെ ഇടയനായ മിശിഹാതമ്പുരാൻ കാലാകാലങ്ങളിൽ നല്കുന്ന ഇടയനോടു ചേർന്ന്, വൈദികസമൂഹമായി, സമർപ്പിതരായി, കുടുംബങ്ങളായി കൂട്ടായ്മയുടെ നല്വരങ്ങൾ സഭയിലും സമൂഹത്തിലും എത്തിക്കുന്നതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിരന്തരം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നവീകരണവും, ഐക്യശുശ്രൂഷയും, സേവനതല്പരതയും ദേശത്തോട് പ്രതിബദ്ധതയുമുള്ള ഒരു മഹാകുടുംബത്തെ - ചങ്ങനാശേരി അതിരൂപതയെ - ഏവർക്കും പ്രചോദനമരുളുവാൻ ഏറെക്കാലം സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

*ചങ്ങനാശേരി അതിരൂപതാ സുവർണ്ണജൂബിലിയിലെ*
*..............................കൃതജ്ഞതാബലിയിൽ നടത്തിയ വചനപ്രഘോഷണം*

www.malankaralibrary.com

# 21

## വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വഴി

ത്രീയേക ദൈവത്തിനു സ്തുതി!

ആദ്യമേതന്നെ നിങ്ങൾക്കേവർക്കും പ്രത്യേകിച്ച് സി.എം.ഐ., സി.എം.സി. സമൂഹങ്ങളിൽപ്പെട്ട സഹോദരന്മാർക്കും സഹോദരിമാർക്കും ചാവറപിതാവിന്റെ തിരുന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. ഈ ധന്യാത്മാവിന്റെ ജീവിതം നമുക്കേവർക്കും ഒരു മാതൃകയായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഏതാനും ആഴ്ചകൾക്കു മുൻപ് ബ. ലൂക്കാച്ചൻ എന്നെ കണ്ടപ്പോൾ പറഞ്ഞു "ഇത്തവണ ചാവറ പിതാവിന്റെ പെരുന്നാളിന് അച്ചൻ പ്രസംഗിക്കണം." ഞാൻ ചോദിച്ചു. "അച്ചോ അതിന് ഞാൻ മതിയോ?" ബ. ലൂക്കാച്ചൻ സ്വതഃസിദ്ധമായ ശൈലിയിൽ ഒന്നു ചിരിച്ചു; അതിനുശേഷം പറഞ്ഞു. "അച്ചൻ തന്നെ മതി" ബ. ലൂക്കാച്ചൻ പോയതിനുശേഷം ഞാൻ ചിന്തിച്ചു. എന്തുകൊണ്ടാണ് പ്രസംഗം പറയുവാൻ എന്നോടാവശ്യപ്പെട്ടത്? ധർമ്മാരാമിൽ രണ്ടുവർഷം പഠിച്ചതിനാൽ സി.എം.ഐ. സമൂഹവുമായി അൽപ്പം പരിചയമുണ്ട്. കൂടാതെ ബാംഗ്ളൂരിൽ മലങ്കര ഇടവക തുടങ്ങുന്നതിന് അവിടുത്തെ ബ. അച്ചന്മാരിൽ പലരും എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഈ ബന്ധം മാത്രമാണോ ഇതിന്റെ പിന്നിൽ? എന്റെ കൈവശമുള്ള ഒരു കത്തിനെക്കുറിച്ച് അപ്പോൾ ഞാൻ ഓർത്തു. ഭാഗ്യ

www.malankaralibrary.com



സ്മരണാർഹനായ മാർ ഇവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി, സീറോ-മലബാർ സഭയുടെ വായും തൂണും മൽപ്പാനുമായിരുന്ന ദിവംഗതനായ ബ. പ്ലാസിഡച്ചന് എഴുതിയ ഒരു കത്താണത്. 1933 മാർച്ച് 4 ന് സ്വന്തം കൈപ്പടയിൽ എഴുതിയ ആ കത്തിന്റെ ഉദ്ദേശ്യം മലങ്കരഹൈരാർക്കി സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിന് പ്ലാസിഡച്ചനെ വ്യക്തിപരമായി ക്ഷണിക്കുക എന്നതായിരുന്നു. ഈ കത്തിന്റെ പിന്നിലുള്ള ബന്ധമാണ് എന്നെ ഇന്ന് ഇവിടേക്ക് കൊണ്ടുവരാനുള്ള പ്രധാന കാരണം. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭഘട്ടത്തിൽ മലങ്കരസഭയിൽ നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ച കർമ്മലീത്താ വൈദികർ നിരവധിയാണ്. മലങ്കരസഭയുടെയും പ്രത്യേകിച്ച് മാർ ഇവാനിയോസ്, മാർ തെയോഫിലോസ്, മാർ സേവേറിയോസ് എന്നീ പിതാക്കന്മാരുടെയും അടുത്ത സുഹൃത്തും സഭാനിയമകാര്യങ്ങളിൽ അടുത്ത ആലോചനക്കാരനുമായിരുന്നു വന്ദ്യ പ്ലാസിഡച്ചൻ. മലങ്കര കത്തോലിക്കാസഭയുടെ Source Book "Fonti" എഴുതിയതും മറ്റാരുമായിരുന്നില്ല. മലങ്കരസഭയ്ക്കുവേണ്ടി ത്യാഗോജ്ജ്വലമായ സേവനങ്ങൾ അനുഷ്ഠിച്ച ഈ വൈദികശ്രേഷ്ഠരുടെ മുൻപിൽ ഞാൻ ശിരസ്സു നമിക്കുന്നു.

പ്രിയ സഹോദരീ സഹോദരന്മാരേ,

മലങ്കര റീത്തിലെ വി. കുർബാനയിൽ വി. കുർബാന സ്വീകരണത്തിനുമുൻപായി കാർമ്മികനും സമൂഹവും ചേർന്ന് ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്. അതിപ്രകാരമാണ്: "നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബ്ബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടി ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. നാഥാ കൃപ ചെയ്ത് ഞങ്ങളെ സഹായിക്കണമേ".

"നാം ദൈവമക്കളായിത്തീരുവാൻ നമ്മെ പഠിപ്പിച്ചവർ" വിശുദ്ധന്മാരെ വിശേഷിപ്പിക്കുന്നത് അങ്ങനെയാണ്. നാം ഇന്ന് തിരുനാൾ ആഘോഷിക്കുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ഈ വിശേഷണം തികച്ചും അന്വർത്ഥമാണ്. തന്റെ ചുറ്റുമുള്ളവരെ, തന്റെ മാതൃസഭയിലെ അംഗങ്ങളെ ദൈവമക്കളാക്കിത്തീർക്കുന്നതിനുവേണ്ടി, സഭയോടു ചേർന്നും സഭയിലും സഭയ്ക്കുവേണ്ടിയും ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച ഈ ധന്യാത്മാവിന്റെ

www.malankaralibrary.com



പൗരോഹിത്യശുശ്രൂഷയും സന്യാസപരമായ ജീവിതനിഷ്ഠയും സഭാമക്കൾക്ക് നൽകിയിട്ടുള്ള നൽവരങ്ങൾ നിരവധിയാണ്. "കർത്താവ് എന്റെ ഓഹരിയും പാനപാത്രവും" എന്ന സങ്കീർത്തനവാക്യം ജീവിതസൂക്തമായി സ്വീകരിച്ച ഈ "വലിയ പ്രിയോരച്ചനെ" സഭയിൽ വലിയവനാക്കിയ രണ്ടു തലങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## 1. സഭയിൽ ആത്മീയ നവോത്ഥാനത്തിന് വഴിയൊരുക്കിയ ആത്മീയാചാര്യൻ എന്ന നിലയിൽ

150 വർഷങ്ങൾക്കപ്പുറം! വിശ്വാസികൾ കൂദാശാനുഷ്ഠാനങ്ങളിൽ അത്ര വലിയ പ്രതിപത്തിയൊന്നും കാണിക്കാതിരുന്ന കാലം! വിശ്വാസികളുടെ സഭാജീവിതം അത്ര മെച്ചമോ അത്ര മോശമോ അല്ലാതിരുന്ന നിസ്സംഗതയുടെ കാലം! സന്യാസസമൂഹത്തെപ്പറ്റി കേട്ടുകേഴ്വിയില്ലാത്ത ഒരു ജനസമൂഹം! ഇവിടെയാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ വൈദികശുശ്രൂഷ സമാരംഭിക്കുക!

വിശുദ്ധരായ വൈദികരിലൂടെ മാത്രമേ സഭയ്ക്ക് അഭിവൃദ്ധിയുള്ളുവെന്ന് മനസ്സിലാക്കി വൈദികസെമിനാരികൾ തുറന്നു, ഈ വൈദികശ്രേഷ്ഠൻ! സഭാജീവിതം സജീവമാക്കുന്നതിനു വേണ്ടി സന്യാസപ്രസ്ഥാനം തുടങ്ങിയ ഈ കർമ്മയോഗി ഇടവകകൾതോറും കയറിയിറങ്ങി വചനപ്രഘോഷണങ്ങളിലൂടെ ജനങ്ങളെ ആത്മീയമായി ഉണർവ്വുള്ളവരാക്കി! സന്യാസമെന്നാൽ സഭയ്ക്കുവേണ്ടിയുള്ള ത്യാഗപൂർണ്ണമായ ജീവിതമാണെന്നും അതിനായി ജീവിതം സമർപ്പിക്കുന്നത് ശ്രേഷ്ഠമാണെന്നും സ്വജീവിതംകൊണ്ടു തെളിയിച്ചു ഈ ആത്മീയാചാര്യൻ! ചാവറയച്ചൻ തുടങ്ങിവച്ച വിശുദ്ധ കുർബാനയോടുള്ള ഭക്തിയും വണക്കവും സീറോ-മലബാർ സഭയിൽ ഒരു വഴിത്തിരിവായിരുന്നു.

മലബാർസഭ ഒരു ശീശ്മയുടെ വക്കിലെത്തിയപ്പോൾ സഭയുടെ വികാരി ജനറാളെന്ന നിലയിൽ സഭാംഗങ്ങളെ മുഴുവൻ സാർവ്വത്രിക കൂട്ടായ്മയിൽ ഉറപ്പിച്ചുനിർത്തുവാൻ സാധിച്ചു ഈ സഭാസ്നേഹിക്ക്!

## 2. സേവനം ശുശ്രൂഷയായി മാറ്റിയ കർമ്മയോഗി!

ഏതാനും നല്ല കാര്യങ്ങൾ അഥവാ സേവനങ്ങൾ അനുഷ്ഠി

www.malankaralibrary.com



ച്ചതിനുശേഷം തിരോധാനം ചെയ്ത നല്ല മനുഷ്യരുടെ കൂട്ടത്തിൽ ചാവറയച്ചനെ ഉൾപ്പെടുത്തുന്നതിനേക്കാൾ, സേവനം ശുശ്രൂഷയാക്കി മാറ്റിയ സഭാശുശ്രൂഷികളുടെ ഇടയിൽ സ്ഥാനം നൽകുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സ്ത്രീകളുടെ സമുദ്ധാരണത്തെ ലക്ഷ്യംവച്ചുകൊണ്ട് അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച കർമ്മലീത്താ സന്യാസിനി സമൂഹവും അവരുടെ നാനാവിധമായ പ്രവർത്തനങ്ങളും ഇത്തരുണത്തിൽ സ്മരണീയമാണ്. സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ രംഗങ്ങളിൽ ചാവറയച്ചൻ നൽകിയിട്ടുള്ള ശ്രേഷ്ഠസേവനങ്ങൾ അദ്ദേഹത്തിന്റെ സാമൂഹ്യപ്രതിബദ്ധതയെ വിളിച്ചറിയിക്കുന്നു. അദ്ദേഹം തുടങ്ങിയ സംസ്കൃത വിദ്യാലയവും ഇംഗ്ലീഷ് സ്ക്കൂളും ഒരു വലിയ ദർശനത്തിൽനിന്നും ഉരുത്തിരിഞ്ഞതാണ്. പൗരാണികതയെയും ഉറവിടങ്ങളെയും സ്വായത്തമാക്കാനുള്ള ശ്രമം. ഒപ്പം തുറന്ന മനസ്സോടെ വളർച്ചയെ സ്വീകരിക്കുവാനുള്ള തന്റേടം; ഇത് നടന്നതോ 150 വർഷങ്ങൾക്കപ്പുറം! സഹോദരീ സഹോദരന്മാരേ,

പൗരസ്ത്യ സഭാദർശനത്തിൽ സന്യാസാശ്രമങ്ങൾ സഭയുടെ ജീവന്റെ തുടിപ്പാണ്. ഈ സന്യാസാശ്രമങ്ങളിലാണ് നമ്മുടെ ആരാധനക്രമങ്ങൾ രൂപംകൊണ്ടത്. ഈ ആശ്രമങ്ങളാണ് പൗരസ്ത്യദൈവശാസ്ത്രവീക്ഷണങ്ങൾക്ക് മജ്ജയും മാംസവും നൽകിയത്. കത്തോലിക്കാ സഭയിൽ സന്യാസസമൂഹങ്ങൾക്ക് ദാരിദ്ര്യമില്ല. സേവനസന്നദ്ധരായ സ്ത്രീപുരുഷന്മാരെ എവിടെയും കാണാം. പലപ്പോഴും "സമാന്തരസഭകളായി ഈ സമൂഹങ്ങൾ കാണപ്പെടാറുമുണ്ട്. എന്നാൽ സഭയോടു ചേർന്നുനിൽക്കുകയും സഭയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന സന്യാസാശ്രമങ്ങൾ, സന്യാസപ്രസ്ഥാനങ്ങൾ കുറഞ്ഞുവരുന്നുവെന്നതാണ് സത്യം! തെറ്റിദ്ധരിക്കരുത്! ഞാൻ ഒരു സന്യാസവിരോധിയല്ല. പക്ഷേ ഒന്നോർത്തിരിക്കുക! സങ്കീർത്തനങ്ങൾ മുഴങ്ങിയിരുന്ന ആശ്രമങ്ങളിൽ പുണ്യവാന്മാരായ പിതാക്കന്മാർ ധ്യാനാത്മകമായി രചിച്ച വി. കുർബ്ബാന തക്സായ്ക്കു പകരം ശബ്ദതാരാവലിയും നിഘണ്ടുവുമൊക്കെ വച്ച് തക്സാ രചിക്കുവാൻ, ജനമുന്നേറ്റത്തിന്റെ പേരിൽ അത്മായർ തയ്യാറെടുക്കുന്നു!

സീറോ-മലബാർ സഭ ഇന്ന് നേരിടുന്ന വിഷമസന്ധിയെ തരണം ചെയ്യണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്. ഇതെങ്ങനെ

www.malankaralibrary.com



സാധിക്കും എന്നതാണ് ഏവരുടെയും ചോദ്യം. ഉത്തരം നൽകുവാൻ എനിക്കു കഴിയുകയില്ലെങ്കിലും എനിക്കൊരു പ്രതീക്ഷയുണ്ട്. മലബാർ സഭയിലെ സന്യാസിനീ സന്യാസികളിലാണ് എന്റെ പ്രതീക്ഷ. സീറോ മലബാർ സഭ ഒരു വലിയ പ്രതിസന്ധിയെ നേരിട്ടപ്പോൾ സഭാമക്കളെ മുഴുവൻ തന്റെകൂടെ ഉറപ്പിച്ചുനിർത്തുവാൻ ദൈവത്താൽ നിയുക്തനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവനും ജീവിതവും ആവേശമായി ഉൾക്കൊണ്ടിരിക്കുന്ന കർമ്മലീത്താ സന്യാസിനീ സന്യാസ സമൂഹങ്ങൾക്ക് സഭയോടൊത്തുനിന്ന്, സഭയിൽ, സഭയ്ക്കു വേണ്ടി, സഭയുടെ ജീവന്റെ തുടിപ്പാകുവാൻ കഴിയുമോ? കഴിയും. കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാദ്ധ്യസ്ഥം അതിനു നമ്മെ സഹായിക്കട്ടെ!

*.................................ചാവറ തിരുനാൾ - ജനുവരി 8, 1993, റോമാ.*

www.malankaralibrary.com

# 22

## പുണ്യശ്ലോകനായ മാർ ഇവാനിയോസ്

പെരുന്നാട്ടിലെ മുണ്ടൻമലയിൽനിന്ന് ശ്രദ്ധയോടെ വെട്ടിയെടുത്ത വള്ളിക്കഷണങ്ങൾ കുരിശായി രൂപപ്പെടുത്തി അത് ചുംബിച്ച്, ആത്മനിർവൃതിയിൽ, അനേകമൈലുകൾ പദംവച്ചുനീങ്ങി പ്രാർത്ഥനയുടെ സായൂജ്യം ദൈവാനുഭവത്തിന്റെ ഭാരതശൈലിയിലൂടെ സമാർജ്ജിച്ച് അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ മലങ്കരസഭാ നവോത്ഥാനനായകൻ ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് വലിയ മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ നാമിന്നാഘോഷിക്കുന്നു. ഈ ആഘോഷങ്ങളുടെ കേന്ദ്രബിന്ദുവായ പരിശുദ്ധ കുർബ്ബാനയുടെ അർപ്പണത്തിൽ നാം പങ്കുചേരുന്നു.

മലങ്കരസഭയുടെ ചരിത്രനിയോഗത്തെ മറക്കാത്ത മാർ ഇവാനിയോസ് തിരുമേനി!

പൗരോഹിത്യ സന്യാസകർമ്മനിയോഗത്തിന്റെ സ്ഫുടം ചെയ്തെടുത്ത രൂപഭാവശൈലികളുടെ ഉപജ്ഞാതാവായ മാർ ഇവാനിയോസ് തിരുമേനി!

മലങ്കരസഭയെ പ്രാദേശികതയിൽനിന്നും സാർവ്വത്രികതയിൽ മലങ്കരസഭയായി എത്തിച്ച സഭാദാർശനികനായ മാർ ഇവാനിയോസ് തിരുമേനി!

www.malankaralibrary.com



